# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

വാല്യം - 6



കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

2016

# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume VI)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

J. S. C. Publications
Patriarchal Centre
Puthencruz

2016

സുറിയാനി സഭയിലെ
രക്തസാക്ഷികളും പരിശുദ്ധന്മാരും
മേലദ്ധ്യക്ഷന്മാരും
(Volume VI)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2016

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout : Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581, 3299030

Copies: 1000

Price Rs. 75/-

# ഉള്ളടക്കം


1. വിശുദ്ധ ശെമഓനും പ്രവാചകിയായ വിശുദ്ധ ഹന്നായും.................1
2. അരിമത്യാക്കാരൻ ജോസഫ്...............................................3
3. വിശുദ്ധ ലോഞ്ചിനോസ് രക്തസാക്ഷി....................................4
4. മൊർത്ത് ശ്മൂനിയും ഏഴു മക്കളും ഗുരുവായ ഏലിയാസാറും........5
5. അലക്സന്ത്രിയായിലെ പന്തേനൂസ്.......................................8
6. അപ്പോസ്തോലനായ വിശുദ്ധ ബർന്നബ.................................9
7. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ....................................12
8. വിശുദ്ധ ഹെസിക്കിയസ് രക്തസാക്ഷി .................................14
9. രക്തസാക്ഷിയായ വിശുദ്ധ നെസിഫോറസ്...............................15
10. കന്യകയും രക്തസാക്ഷിയുമായ
    തർസോസിലെ വിശുദ്ധ പെലാജിയ ...................................17
11. രക്തസാക്ഷിയായ പന്താലിയോൺ.......................................18
12. ഉറഹായുടെ ആദ്യത്തെ മെത്രാപ്പോലീത്തായായ വിശുദ്ധ ആദായി.....19
13. രക്തസാക്ഷിയായ റോമിലെ ഹിപ്പോലിറ്റസ്.............................22
14. സിർമിയത്തിലെ ഐറേനിയസ്............................................23
15. രക്തസാക്ഷികളായ അഡ്രിയാനും ഭാര്യ നത്താലിയായും.................24
16. രക്തസാക്ഷികളായ കാർപോസും, പാപ്പിലോസും ..........................26
17. കന്യകയും രക്തസാക്ഷിയുമായ വിശുദ്ധ യൂഫേമിയ......................28
18. വിശുദ്ധരായ താറോക്കോസ്, പ്രോക്കോസ്, അഡ്രോണിക്കോസ് ........29
19. അത്ഭുതപ്രവർത്തകനായ വിശുദ്ധ ഗ്രിഗറി.................................34
20. തുറബ്ദീനിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ ഗബ്രിയേൽ .... .36
21. അന്ത്യോഖ്യാ പാത്രിയർക്കീസായ വിശുദ്ധ ഏവോദിയോസ്...............39
22. കുസ്തന്തീനോപോലീസിലെ വിശുദ്ധ അലക്സാണ്ടർ.......................40
23. മോർ അഹത്തുള്ള ബാവാ ..........................................................41
24. രക്തസാക്ഷിയായ അന്ത്യോഖ്യാ പാത്രിയർക്കീസ്
    മോർ ബാബിലാസ്...................................................................43
25. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ്
    മോറാൻ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ....................................45
26. മിലാനിലെ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത .......................50
27. മോർ അന്ത്രയോസ് ബാവാ (കല്ലട).................................................50
28. മലബാർ ഭദ്രാസ മെത്രാപ്പോലീത്ത
    മോർ ഫീലക്സിനോസ് യൂഹാനോൻ ...............................................52
29. ബെയ്റൂട്ടിലെ അതിഭദ്രാസന മെത്രാപ്പോലീത്ത
    മോർ അത്താനാസിയോസ് അഫ്രേം ബർസൗം.................................54
30. അങ്കമാലി ഭദ്രാസനത്തിന്റെ വയലിപ്പറമ്പിൽ
    മോർ ഗ്രിഗോറിയോസ് ഗീവറുഗീസ്.............................................56

# 1. വിശുദ്ധ ശെമഓനും പ്രവാചകിയായ വിശുദ്ധ ഹന്നായും

(ബി. സി. ? - ബി. സി. 4?)

യെരൂശലേമിൽ 'ശെമഓൻ' എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം നീതിമാനും പുണ്യവാനും ഇസ്രായേലിന്റെ ആശ്വാസത്തിനായി പ്രതീക്ഷിച്ചിരിക്കുന്നവനുമായിരുന്നു. പരിശുദ്ധാത്മാവ് അദ്ദേഹത്തിന്മേൽ ഉണ്ടായിരുന്നു (ലൂക്കോ. 2:25).

മോശയുടെ ന്യായപ്രമാണപ്രകാരമുള്ള ശുദ്ധീകരണകാലം തികഞ്ഞപ്പോൾ ജോസഫും മറിയാമും യേശുവിനെ യെരൂശലേം ദൈവാലത്തിലേക്ക് കൊണ്ടുവന്നു (ലൂക്കോ. 2:22). അവിടെ ശെമഓൻ എന്ന പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ''കർത്താവിന്റെ അഭിക്ഷിക്തനെ കാണുംവരെ അവൻ മരണം കാണുകയില്ല'' എന്ന് പരിശുദ്ധാത്മാവിനാൽ അവനോട് പറയപ്പെട്ടിട്ടുണ്ടായിരുന്നു (ലൂക്കോ. 2:26). ഇദ്ദേഹം പരിശുദ്ധാത്മ നിയോഗത്താൽ ദൈവാലയത്തിലേക്ക് വന്നു. ന്യായപ്രമാണപ്രകാരം വേണ്ടതു ചെയ്യുന്നതിന് യേശുവിനെ യൗസേഫും മറിയാമും ദൈവാലയത്തിനകത്തേക്ക് കൊണ്ടുവന്നു. അപ്പോൾ ശെമഓൻ യേശുവിനെ തന്റെ കൈകളിലെടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: 'എന്റെ കർത്താവേ, അങ്ങയുടെ തിരുവചനപ്രകാരം അവിടുത്തെ ദാസനെ സമാധാനത്തോടെ പിരിച്ചയയ്ക്കേണമെ; എന്തെന്നാൽ എന്റെ കണ്ണുകൾ നിന്റെ കരുണയെ കണ്ടിരിക്കുന്നു (ലൂക്കോ. 2:29-30). തുടർന്ന് ശെമഓൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അമ്മയായ മറിയാമിനോട് പറഞ്ഞു: ''കണ്ടാലും, ഇവൻ (യേശു) ഇസ്രായേലിൽ അനേകരുടെ വീഴ്ചയ്ക്കും എഴുന്നേൽപിനും, തർക്കത്തിന്റെ അടയാളത്തിനുമായി നിയോഗിക്കപ്പെട്ടവനാണ്. അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ പ്രാണനിൽകൂടെ വാൾ കടക്കും'' (ലൂക്കോ. 2:34-35). കർത്താവിന്റെ ദൈവാലയ പ്രവേശന പെരുന്നാളിൽ (മായൽത്തൊ, ഫെബ്രുവരി 2) ഉപയോഗിക്കുന്ന പ്രാർത്ഥനയിൽ

ശെമഓന് അഞ്ഞൂറ് വയസ്സ് പ്രായമുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ശെമഓനെ സംബന്ധിച്ച് മറ്റൊരു പാരമ്പര്യവുമുണ്ട്. അതനുസരിച്ച് ശെമഓൻ യെശയ്യാ പ്രവചനം പകർത്തിയെഴുതിയ വ്യക്തിയാണ്. 'ആകയാൽ ദൈവമായ കർത്താവ് തന്നെ നിങ്ങൾക്ക് ഒരടയാളം തരും. കന്യക ഗർഭണിയായി മകനെ പ്രസവിക്കും' (യെശയ്യാ. 7:14). ഈ ഭാഗം പകർത്തിയെഴുതിയപ്പോൾ 'കന്യക ഗർഭിണിയായി' എന്ന ഭാഗം വ്യത്യാസപ്പെടുത്തി 'സ്ത്രീ ഗർഭിണിയായി' എന്നു തിരുത്തിയെഴുതി. എന്നാൽ അടുത്ത ദിവസം തിരുത്തിയെഴുതിയ ഭാഗം 'കന്യക ഗർഭിണിയായി' എന്നു മാറിയിരിക്കുന്നതായി കണ്ടു. വീണ്ടും 'സ്ത്രീ ഗർഭിണിയായി' എന്നു മാറ്റുകയും അതേ തുടർന്ന് കന്യകയുടെ മകനെ (യേശുവിനെ) കാണുന്നതിനായി വിധിക്കപ്പെടുക്കപ്പെടുകയും ചെയ്തു. ഈ പാരമ്പര്യം ശരിവയ്ക്കുന്ന പരാമർശമാണ് ശെമഓന്റേതായി രേഖപ്പെടുത്തിയിരിക്കുന്നത്: ''അവിടുത്തെ ദാസനെ സമാധാനത്തോടെ പിരിച്ചയയ്ക്കേണമെ; എന്തെന്നാൽ എന്റെ കണ്ണുകൾ നിന്റെ കരുണയെ കണ്ടിരിക്കുന്നു'' (ലൂക്കോ. 2:30).

അവിടെ ആശേർഗോത്രത്തിൽ ഫനുവേലിന്റെ മകൾ ഹന്ന എന്ന ഒരു പ്രവാചകി ഉണ്ടായിരുന്നു. അവൾ വയോവൃദ്ധയും തന്റെ കന്യകാത്വകാലം കഴിഞ്ഞ് ഏഴു വർഷം ഭർത്താവിനോട് കൂടെ കഴിഞ്ഞശേഷം എൺപത്തിനാലു വർഷമായി വിധവയായി കഴിയുന്നവളും ദൈവാലയത്തിൽനിന്നു മാറാതെ രാവും പകലും ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ദൈവത്തെ സേവിച്ചിരുന്നവളും ആയിരുന്നു. ആ സമയത്ത് അവളും എഴുന്നേറ്റ് കർത്താവിനെ സ്തോത്രം ചെയ്തു (ലൂക്കോ. 2:36-38).

വൃദ്ധനായ വിശുദ്ധ ശെമഓന്റെയും പ്രവാചകിയായ ഹന്നയുടെയും ഓർമ്മ ഫെബ്രുവരി 2-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 2. അരിമത്യാക്കാരൻ ജോസഫ്

**(ഏ. ഡി. ഒന്നാം നൂറ്റാണ്ട്)**

യെഹൂദന്മാരെയുള്ള ഭയം നിമിത്തം യേശുവിന് രഹസ്യമായി ശിഷ്യപ്പെട്ടിരുന്നവനായിരുന്നു അരിമത്യാക്കാരൻ ജോസഫ്. ഇദ്ദേഹം വളരെ സമ്പന്നനായിരുന്നു (Paul, 2014). ക്രിസ്തുവിന് എതിരായി തീരുമാനമെടുത്ത സന്നിദ്രീം സംഘത്തിൽ ഇദ്ദേഹം പങ്കെടുത്തിരുന്നില്ല.

ജോസഫ് പീലാത്തോസിനെ സമീപിച്ച് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു. ഇത്രവേഗം യേശു മരിച്ചുവോ എന്ന് പീലാത്തോസ് അത്ഭുതപ്പെട്ടു. ശരീരം ജോസഫിന് കൊടുപ്പാൻ പീലാത്തോസ് കല്പിച്ചു. ജോസഫ് ശരീരമെടുത്ത് ഏകദേശം നൂറു റാത്തൽ മൂറും അൽവായിയും ചേർന്ന സുഗന്ധകൂട്ടങ്ങളോടുകൂടെ നിർ മ്മലമായ 'കേത്താന' തുണികൊണ്ട് പൊതിഞ്ഞ്, പാറയിൽ കുഴിച്ചുണ്ടാക്കപ്പെട്ട കല്ലറയിൽതന്നെ സംസ്കരിച്ചു. (മത്താ. 27: 57-60; മർക്കോ. 15:42-46; യോഹ. 19:38-42).

കർത്താവിന്റെ കുരിശുമരണത്തെ തുടർന്ന് ഭയചകിതനായിരുന്ന ജോസഫ് ഒരുപക്ഷേ അപ്പോൾ ധൈര്യപ്പെട്ടായിരിക്കാം പൊന്തിയോസ് പീലാത്തോസിനെ സമീപിച്ച് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടത്. കുറ്റവാളികളുടെ മൃതശരീരം മൃഗങ്ങൾക്കു ഭക്ഷണമായി എറിഞ്ഞുകൊടുക്കുന്ന രീതിയായിരുന്നു അന്നു നിലവിലുണ്ടായിരുന്നത്. എന്നാൽ അങ്ങനെ സംഭവിക്കുന്നതിനു മുമ്പ് ജോസഫ് കർത്താവിന്റെ ശരീരം കാൽവറിക്കടുത്തുള്ള തന്റെ സ്വന്തം തോട്ടത്തിലെ കല്ലറയിൽ സംസ്കരിച്ചു.

ജോസഫിനെ സംബന്ധിച്ച് മറ്റു ആശ്രിത രേഖകളുമുണ്ട്. ഇതര കാനോനിക ഗ്രന്ഥമായ 'നിക്കോദിമോസിന്റെ സുവിശേഷത്തിൽ' അരിമത്യാക്കാൻ ജോസഫ് ലിഡ എന്ന സ്ഥലത്ത് ആദ്യ ക്രിസ്തീയ സമൂഹത്തെ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (Farmer, 1997). കൂടാതെ ജോസഫ് അപ്പോസ്തോലനായ ഫിലിപ്പോസിനോടുകൂടെ ഗൗൾ (Gaul) എന്ന സ്ഥലത്ത് സുവിശേഷം പ്രഘോഷിക്കുവാനായി പോയി എന്നും അവിടെനിന്നും ജോസഫിനെ ഫിലിപ്പോസ് ഇംഗ്ലണ്ടിലേക്കയച്ചുവെന്നും അദ്ദേഹം

ഗ്ലാസ്റ്റോൺബറി (Glastonbury) എന്ന സ്ഥലത്ത് പള്ളി സ്ഥാപിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട് (Thurston & Attwater, 1990) അരിമത്യാക്കാരൻ ജോസഫിന്റെ ഓർമ്മ സുറിയാനി സഭ ആഗസ്റ്റ് 30-ാം തീയതി ആചരിക്കുന്നു.

## 3. വിശുദ്ധ ലോഞ്ചിനോസ് രക്തസാക്ഷി

(ഏ. ഡി. ഒന്നാം നൂറ്റാണ്ട്)

കസ്സിയസ് (Cassius) എന്നുകൂടി അറിയപ്പെടുന്ന ലോഞ്ചിനോസ് (Longinus) ഒരു ശതാധിപനായിരുന്നു. പടയാളികളോടൊപ്പം പീലാത്തോസിന്റെ നിർദ്ദേശാനുസരണം കർത്താവിന്റെ ക്രൂശിനരികെ നിന്നിരുന്ന ഇദ്ദേഹം കർത്താവിന്റെ വിലാപ്പുറത്ത് കുത്തി (യോഹ. 19:34). ഇതേ തുടർന്നുണ്ടായ ഭൂകമ്പവും സംഭവിച്ച മറ്റു കാര്യങ്ങളും കണ്ടപ്പോൾ ശതാധിപനും അവനോടുകൂടെ കാത്തുനിന്നവരും വളരെ ഭയപ്പെട്ട് ഇവൻ സത്യമായും ദൈവപുത്രനായിരുന്നു എന്നു സാക്ഷ്യം പറഞ്ഞു (മത്താ. 27:54; മർക്കോ. 15:39; ലൂക്കോ. 23:47).

ശതാധിപന്റെ ലോഞ്ചിനോസ് എന്ന പേര് 'കുന്തം' എന്നർത്ഥം വരുന്ന ലോഞ്ചി (*longche*) എന്ന ഗ്രീക്ക് പദത്തിൽനിന്നും രൂപപ്പെട്ടതായിരിക്കാം (Thurston & Attwater, 1990; Farmer, 1997). ഈ ശതാധിപന്റെ പേര് ലോഞ്ചിനോസ് എന്നാണ് 'നിക്കോദിമോസിന്റെ സുവിശേഷത്തിന്റെ' പരിഷ്കരിച്ച പതിപ്പുകളിൽ കാണുന്നത്. മേൽപറഞ്ഞ ഗ്രന്ഥം 'പീലാത്തോസിന്റെ പ്രവർത്തികൾ' എന്നും അറിയപ്പെടുന്നു. 'ലിനസിന്റെ' (Linus) പ്രവർത്തികൾ എന്ന ഗ്രന്ഥത്തിലും ലോഞ്ചിനോസ് എന്ന പേരു കാണാവുന്നതാണ് (Smith & Wace, 1882). കർത്താവിനെ കുന്തംകൊണ്ട് കുത്തിയപ്പോൾ കുന്തത്തിലൂടെ ഒഴുകിയ രക്തം ലോഞ്ചിനോസിന്റെ കണ്ണിൽ തെറിച്ചു വീഴുകയും അദ്ദേഹത്തിന്റെ ഭാഗികമായ അന്ധത സൗഖ്യമാകുകയും ചെയ്തു. ഈ അത്ഭുതസൗഖ്യത്തെ തുടർന്ന് ലോഞ്ചിനോസ് സൈനിക സേവനം ഉപേക്ഷിക്കുകയും കപ്പദോക്കിയയിലെ കേസറിയായിൽ ഒരു സന്യാസിയായി

തീരുകയും ചെയ്തു. നിരവധി ആത്മാക്കളെ ലോഞ്ചിനോസ് തന്റെ മാതൃകകൊണ്ടും വാക്കുകൾ കൊണ്ടും രക്ഷാമാർഗ്ഗത്തിലേക്ക് കൊണ്ടുവന്നു.

കർത്താവിനെ കുരിശിൽ തറച്ച നഗരത്തിൽ ലോഞ്ചിനോസ് സുവിശേഷ വേലയിൽ ഏതാനും വർഷങ്ങൾ വ്യാപൃതനായ ശേഷം രക്തസാക്ഷി മരണം പ്രാപിച്ചതായി കരുതപ്പെടുന്നു. ലോഞ്ചിനോസിന്റെ ഓർമ്മ സുറിയാനി സഭ ജൂലൈ 17-ാം തീയതി ആചരിക്കുന്നു.

## 4. മൊർത്ത് ശ്മൂനിയും ഏഴു മക്കളും ഗുരുവായ ഏലിയാസാറും

(ബി. സി. ? ബി. സി. 170 ?)

ക്രിസ്തീയ പാരമ്പര്യമനുസരിച്ച് ഏഴ് മക്കാബി സഹോദരന്മാരെയും അവരുടെ മാതാവിനെയും ഗുരുവായ ഏലിയാസാറിനെയും രക്തസാക്ഷികളായി ബഹുമാനിക്കുന്നു. മദ്ധ്യപൂർവ്വദേശത്ത് ഇവരുടെ നാമത്തിൽ പള്ളികൾ സ്ഥാപിതമായിട്ടുണ്ട്. അന്ത്യാക്കോസ് നാലാമൻ (175-164 BC) ചക്രവർത്തിയുടെ കാലത്ത് ഇവർ ഒൻപതുപേരും രക്തസാക്ഷിമരണം പ്രാപിച്ചു. എല്ലാ അപ്പോസ്തോലിക സഭകളും ഇവരെ രക്തസാക്ഷികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ രക്തസാക്ഷി മരണത്തിന്റെ വിവരണം പഴയ നിയമത്തിലെ മക്കാബിയരുടെ രണ്ടാം പുസ്തകം ആറും ഏഴും അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നത് താഴെ ചേർത്തിരിക്കുന്നു.

2 മക്കാബിയർ 6:18-31 വേദശാസ്ത്രനിപുണരിൽ ഒന്നാമനായിരുന്ന ഏലിയാസാർ, വൃദ്ധനും മോഹനീയ ആകാരസൗഷ്ടവം ഉള്ളവനും വളരെ ഉത്തമനുമായിരുന്നു. പന്നിയിറച്ചി ഭക്ഷിക്കുന്നതിന് നിർബന്ധിക്കുകയും വിസമ്മതിച്ചതിനാൽ അദ്ദേഹത്തെ വളരെ ഉപദ്രവിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ അൽപകാലം കൊള്ളരുതാത്തവനായി ജീവിക്കുന്നതിലും കാര്യ

മായി ആഗ്രഹിച്ചത് മഹത്വപൂർണ്ണമായ പീഡാമരണമായിരുന്നു. നിഷിദ്ധമായതു* തിന്നു അശുദ്ധനായി പോകാതിരിക്കുവാൻ വരുവാനുള്ള ജീവനിൽ പ്രത്യാശയുള്ളവനെപോലെ എല്ലാം സഹിക്കുവാൻ സ്വയം ഏൽപ്പിക്കുന്നവരെപോലെ പീഡനങ്ങൾക്കും ദണ്ഡനങ്ങൾക്കുമായി അദ്ദേഹം സ്വയം ഏൽപ്പിച്ചുകൊടുത്തു (ആവ.14:8 – പന്നി അതു കുളമ്പു പിളർന്നതെങ്കിലും അയവിറക്കുന്നില്ല; അതും നിങ്ങൾക്ക് അശുദ്ധം; ഇവയുടെ മാം സം തിന്നരുത്). ഏലിയാസാറിനെ ദണ്ഡിപ്പിക്കുന്നതിനായി രാ ജാവ് നിയോഗിച്ചവർ അദ്ദേഹത്തെ സഹായിക്കുന്നതിനായി ശ്രമിച്ചു. അവർ അദ്ദേഹത്തോടു പറഞ്ഞു: ''ഭക്ഷിക്കാവുന്ന മാംസം ഞങ്ങൾ കൊണ്ടുവരാം. അതു ബലിമാംസം എന്ന ഭാവത്തിൽ ഭക്ഷിച്ച് മരണത്തിൽനിന്ന് രക്ഷപെട്ടാലും''.

ഏലിയാസാർ മറുപടിയായി പറഞ്ഞു: ''നിങ്ങൾ എത്രയും വേഗം എന്നെ ശവക്കുഴിയിലേക്കു കൊണ്ടുപോകുവീൻ. എന്തെന്നാൽ കാപട്യം കാണിക്കുക എന്റെ പ്രായത്തിന് ചേർന്നതല്ല. തൊണ്ണൂറു വയസ്സുകാരൻ കാവ്യ മതത്തിൽ ചേർന്നുവെന്ന് ചെറുപ്രായക്കാരെല്ലാം പറയും. എന്റെ കാപട്യവും അല്പകാലത്തേക്കുകൂടി ജീവിക്കുവാനുള്ള ആഗ്രഹങ്ങളുംമൂലം അവർ വഴി തെറ്റി നശിച്ചു പോകാനിടയാകും.'' ഉടനെ അദ്ദേഹത്തെ പീഡനങ്ങൾക്കായി കൂട്ടികൊണ്ടുപോയി. അടിയേറ്റു മരണാസന്നനായപ്പോൾ അദ്ദേഹം നെടുവീർപ്പോടെ പറഞ്ഞു: ''വേദനകൾ എന്റെ ശരീരത്തിൽ ഞാൻ അനുഭവിക്കുന്നു. എന്റെ ആത്മാവിലോ ഞാൻ സന്തോഷിക്കുന്നു.'' ഈ വാക്കുകളോടെ അദ്ദേഹം ഈ ലോകം വിട്ടു. എല്ലാവർക്കും ധൈര്യത്തിന്റെയും ശക്തിയുടെയും മാതൃകയും, ദൃഷ്ടാന്തവും, സ്മരണയും, മാഹാത്മ്യവും തന്റെ മരണത്താൽ അദ്ദേഹം തന്നിട്ടുപോയി.

പിന്നീട് സംഭവിച്ചത്: ഏഴു സഹോദരന്മാർ അവരുടെ അമ്മയോടുകൂടെ പിടിക്കപ്പെട്ടു (2 മക്കാബി. 7:1-42). നിഷിദ്ധമായ പന്നിയിറച്ചി തിന്നുവാൻ രാജാവും അവരെ നിർബന്ധിച്ചു. ചമ്മട്ടികളും സർവ്വവിധ പീഡാസാമഗ്രികളും അവരുടെ മുൻപിൽ കൊണ്ടുവന്നു വച്ചു. അവരിൽ മൂത്തവൻ രാജാവിനോടു പറഞ്ഞു: ഞങ്ങളിൽനിന്നും എന്ത് മനസ്സിലാക്കുവാനാണ് രാജാവ് ചോദ്യം ചെയ്യുന്നത്. ഞങ്ങൾ മരിപ്പാൻ തന്നെയാണ് ഒരുങ്ങിയിരിക്കുന്നത്. ഞങ്ങളുടെ പിതാക്കന്മാരുടെ ന്യായപ്രമാണം ഒരു കാലത്തും ഞങ്ങൾ ലംഘിക്കുകയില്ല.

രാജാവ് അത്യധികം കോപിഷ്ഠനായി. വറചട്ടികളും കുട്ടകങ്ങളും ചുട്ടുപഴുപ്പിക്കുവാൻ കൽപനയായി. അവ ചുട്ടുപഴുത്തപ്പോൾ അവന്റെ നാക്കു ഛേദിപ്പാനും എല്ലാ അവയവങ്ങളും വെട്ടിമാറ്റാനും രാജാവ് നിർദ്ദേശിച്ചു. അവന്റെ അമ്മയും സഹോദരന്മാരും അവനെ ഉറ്റു നോക്കികൊണ്ടുനിന്നു. അവന്റെ സർവ്വ അവയവങ്ങളും മുറിച്ച് ജീവനോടെ അവനെ വറചട്ടിയിലിട്ടു. അവന്റെ ശരീരം വെന്ത ഗന്ധം ധാരാളമായി വന്നുകൊണ്ടിരുന്നപ്പോൾ അവന്റെ സഹോദരന്മാർ പരസ്പരവും അമ്മയോടും പറഞ്ഞു: ''നമുക്കും ധീരതയോടെ മരിക്കാം''.

ഒന്നാമൻ ലോകം വിട്ടപ്പോൾ രണ്ടാമത്തവനെ ദണ്ഡിപ്പാനായി ആനയിച്ചു. തൊലിയോടുകൂടെ അവന്റെ തലമുടി പറിച്ചെടുത്തു. അവർ അവനോട് നിന്റെ ശരീരം മുഴുവൻ വെന്തുപോകുന്നതിനുമുമ്പ് നീ പന്നിയിറച്ചി തിന്നുമോ എന്നു ചോദിച്ചു. ഞാൻ തിന്നുകയില്ല എന്ന് അവൻ മറുപടി പറഞ്ഞു. അവർ അവനെയും പീഡിപ്പിച്ചു. മരണാസന്നനായ അവൻ പറഞ്ഞു. ലോക രാജാവായ നീ ഞങ്ങളെ തുടച്ചുകളയുന്നു. ഞങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണത്തെപ്രതി മരണം വരിക്കുന്നു. താൻ ഞങ്ങളെ നിത്യ ജീവനായി ഉയർപ്പിച്ചുകൊള്ളും.

അപ്രകാരം തന്നെ മറ്റു സഹോദരന്മാരും പീഡകളും ദണ്ഡനങ്ങളും ഏറ്റ് മരണം വരിച്ചു. മൊർത്ത്ശ്മൂനി അമ്മ, ഒരൊറ്റ ദിവസംകൊണ്ട് അവളുടെ മക്കൾ ഏഴുപേരും നഷ്ടപ്പെട്ടതു നേരിട്ടു കണ്ടുകൊണ്ടിരുന്നിട്ടും, ദൈവസന്നിധിയിലുള്ള പ്രത്യാശനിമിത്തം അവർ സന്തോഷപൂർവ്വം എല്ലാം സഹിച്ചു. ഒടുവിൽ മൊർത്ത്ശ്മൂനിയും നിര്യാതയായി.

മൊസൂളിലെ കാരക്കോശിൽ മൊർത്ത്ശ്മൂനിയമ്മയുടെ നാമത്തിൽ 1500 വർഷം മുമ്പ് സ്ഥാപിതമായ സുറിയാനി സഭയുടെ ഒരു ദൈവാലയമുണ്ട്. ആണ്ടുതോറും ദൈവാലയത്തിന്റെ സ്ഥാപന ദിനത്തിൽ ദൈവാലയത്തിന്റെ വടക്കേ ഭിത്തിയിൽ ഒരത്ഭുത പ്രകാശം ഉദിക്കുകയും ശുദ്ധിമതിയായ മൊർത്ത് ശ്മൂനി അമ്മയും മക്കളും ഗുരുനാഥനും അതിലൂടെ നടന്ന് നീങ്ങുന്നതായും കാണപ്പെടുകയും ചെയ്യുന്നു. മലങ്കരയിൽനിന്ന് ഈ ദൈവാലയം സന്ദർശിച്ച പലരും ഈ അത്ഭുതം നേരിൽ കണ്ടിട്ടുണ്ട്. അവിടെ മൊർത്ത്ശ്മൂനി അമ്മയുടെ മധ്യസ്ഥതയാൽ ധാരാളം അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നും ലഭിക്കുന്നു. മൊർത്ത്ശ്മൂനി അമ്മയുടെയും ഏഴ് മക്കളുടെയും ഗുരുവായ ഏലിയാസാറിന്റെ

യും ഓർമ്മ മെയ് 8-ാം തീയതിയും ആഗസ്റ്റ് 1-ാം തീയതിയും സുറിയാനി സഭ ആചരിക്കുന്നു.

## 5. അലക്സന്ത്രിയായിലെ പന്തേനൂസ്

(എ. ഡി. 120 ? - 214?)

പന്തേനൂസ് AD 120 ൽ ഏതൻസിൽ ജനിച്ചു. ഗ്രീക്കുകാരനായ ഇദ്ദേഹം അലക്സന്ത്രിയ സഭയിൽ ഒരു വൈദികനായി സേവനം അനുഷ്ഠിച്ചു. ആ കാലത്തെ ഗ്രീക്കു തത്വശാസ്ത്രങ്ങളിൽ തല്പരനായിരുന്നെങ്കിലും (Stoic and Pythogo-rean) AD 186 നു മുമ്പ് ക്രിസ്തുമതം സ്വീകരിച്ചതായി കരുതപ്പെടുന്നു. അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തയായിരുന്ന ഡിമിട്രിയസ് ഇദ്ദേഹത്തെ അലക്സന്ത്രിയായിലെ ദൈവശാസ്ത്ര സ്ഥാപനത്തിന്റെ പ്രധാന അദ്ധ്യാപകനായി നിയമിച്ചു (Dionysius the Areopagite, 1899).

യൂസേബിയോസിന്റെ അഭിപ്രായത്തിൽ പന്തേനൂസ് പഠനം നടത്തിയത് സ്റ്റോയിക് (Stoic - indifferent to pleasure or pain) ചിന്താഗതിയിലുള്ള വിദ്യാലയത്തിലാണ്. അലക്സന്ത്രിയൻ വിദ്യാലയത്തിന്റെ തലവനായിരുന്ന പന്തേനൂസ് ഇന്ത്യയിലേക്കു പോയപ്പോൾ ക്ലീമിസ് അലക്സന്ത്രിയയിലെ വിദ്യാലയത്തിന്റെ ചുമതല നിർവ്വഹിച്ചു.

പന്തേനൂസ് ശുഷ്കാന്തിയുള്ള ഒരു വൈദികനായിരുന്നു. അദ്ദേഹം കിഴക്കോട്ടു ഇൻഡ്യവരെ യാത്ര ചെയ്തു സുവിശേഷ വേലകൾ ചെയ്തു (Smith & Wace, 1887). വിശുദ്ധ ബർത്തുൽമായി ഈ സ്ഥലങ്ങൾ മുൻപുതന്നെ സന്ദർശിക്കുകയും ദൈവവചനം പ്രഘോഷിക്കുകയും ഹീബ്രു ഭാഷയിലുള്ള വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ ഒരു കോപ്പി അവർക്കായി നൽകുകയും ചെയ്തതായി യൂസേബിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്. പന്തേനൂസ് ഈ കോപ്പി അലക്സന്ത്രിയായിലേക്ക് തിരികെ കൊണ്ടുവന്നുവെന്ന് ജറോം രേഖപ്പെടുത്തിയിട്ടുണ്ട്.

ദൈവവചനത്തെ നന്നായി വിശകലനം ചെയ്യുന്ന ഒരു വിശിഷ്ട വ്യക്തിയായിരുന്നു പന്തേനൂസ്. ഒരിക്കൽ ഏതാനും

തത്വശാസ്ത്രജ്ഞർ പന്തേനൂസിനോട് ചോദിച്ചു: ''വസ്തുതകൾ (കാര്യങ്ങൾ) എങ്ങനെ ദൈവം അറിയുന്നു എന്നാണ് ക്രിസ്ത്യാനികൾ കരുതുന്നത്''. അദ്ദേഹം മറുപടി പറഞ്ഞു: ''ദൈവം ഇന്ദ്രിയാനുഭവവേദ്യമായ വസ്തുതകൾ (കാര്യങ്ങൾ) ഇന്ദ്രിയജ്ഞാനത്താലല്ല അറിയുന്നത്. ഗ്രഹിക്കാൻ സാധിക്കുന്നവ ബുദ്ധിയാലുമല്ല അറിയുന്നത്. ഒരു വസ്തുവിന്റെ അസ്ഥിത്വത്തെ അതിന്റെ അസ്ഥിത്വത്തിന് മുൻപുതന്നെ സകലത്തിനും ഉപരിയായി സ്ഥിതി ചെയ്യുന്ന ദൈവം അറിയുന്നുവെന്ന് ഞങ്ങൾ ഉറപ്പിച്ചു പറയുന്നു. അവന്റെ ഇഷ്ടത്താൽ എല്ലാം അവൻ സൃഷ്ടിക്കുന്നവെന്നതിനാൽ സർവ്വശക്തനായ ദൈവം വസ്തുതകളുടെ അസ്തിത്വത്തെ അറിയുന്നു.''

പന്തേനൂസ് എ. ഡി. 214 ൽ അലക്സന്ത്രിയായിൽ വച്ച് നിര്യാതനായി. ഇദ്ദേഹത്തിന്റെ ഓർമ്മ സുറിയാനി സഭ ജൂലൈ 7-ാം തീയതി ആചരിക്കുന്നു.

## 6. അപ്പോസ്തോലനായ വിശുദ്ധ ബർന്നബ

**( ? - എ. ഡി. 61)**

വിശുദ്ധ ബർന്നബ കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടവനായിരുന്നില്ല. എന്നിരുന്നാലും അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളാലും പരിശുദ്ധാത്മാവിന്റെ പ്രത്യേക നിയോഗത്താലും ഒരു അപ്പോസ്തോലനായിട്ടാണ് അറിയപ്പെടുന്നത്. സൈപ്രസ്സിൽ ജനിച്ച ബർന്നബ ലേവ്യ കുലത്തിൽപ്പെട്ട ഒരു യെഹൂദനായിരുന്നു (Farmer, 1997; Walsh, 1985; Paul, 2014). അപ്പോസ്തോലന്മാരാൽ ബർന്നബാസ് എന്ന വിളിക്കപ്പെട്ടുവെങ്കിലും ആദ്യ പേര് ജോസഫ് എന്നായിരുന്നു. (Walsh, 1985).

ബർന്നബാസ്, പൗലൂസ് ശ്ലീഹായുടെ ഉത്തമ സഹപ്രവർത്തകനായിരുന്നു. പൗലൂസിന്റെ മാനസാന്തരത്തിനുശേഷം ഊർശ്ലേമിലായിരുന്ന മറ്റു അപ്പോസ്തോലന്മാരുടെ അടുക്കലേക്ക് പൗലൂസിനെ കൂട്ടിക്കൊണ്ടു പോയത് ബർന്നബാസായിരുന്നു. പിന്നീട് സൈപ്രസ്സിൽ ആരംഭിച്ച സുവിശേഷവേലയ്ക്ക്

അന്ത്യോഖ്യയിലേക്ക് അയയ്ക്കപ്പെട്ടത് അവിടെനിന്നാണ്. അന്ത്യോഖ്യായിൽ വച്ചാണ് ക്രിസ്തുവിനെ അനുഗമിച്ചവർക്ക് ക്രിസ്ത്യാനികൾ എന്ന പേരുണ്ടായത് (അപ്പൊ.11:26). അൽപകാലം കഴിഞ്ഞപ്പോൾ യഹൂദ്യയിലെ (Judea) സഹോദരന്മാരെ ക്ഷാമത്തിൽ സഹായിക്കുന്നതിനായി തഴച്ചുവളർന്നിരുന്ന അന്ത്യോഖ്യാ സഭയിൽനിന്നാണ് ധനസഹായം എത്തിച്ചുകൊടുത്തത്. പ ൗലോസും ബർന്നബാസുമാണ് ഈ സഹായം യെറുശലേമിലെ സഭാതലവന്മാരെ ഏൽപിച്ചത്.

യെറൂശലേമിൽനിന്ന് അന്ത്യോഖ്യായിലേക്ക് അയയ്ക്കപ്പെട്ട ബർന്നബാസ് ദൈവകൃപയിൽ വളരുന്ന സഭയെ കണ്ട് ഏറെ സന്തോഷിക്കുകയും നാഥനിൽ ആശ്രയിച്ച് മുന്നോട്ട് പോകുന്ന തിന് ധൈര്യപ്പെടുത്തുകയും ചെയ്തു. ബർന്നബാസ് നല്ലവനും പ രിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനും വിശ്വാസത്തിൽ തികവുള്ള വനുമായിരുന്നു (അപ്പൊ. പ്ര. 11:22-24). അവർ ഉപവസിച്ചും പ്രാർ ത്ഥിച്ചുംകൊണ്ടിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് അവനോട് ശൗലിനെയും ബർന്നബായെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന ജോലിക്കായി, എനിക്കായി വേർതിരിപ്പിൻ എന്നു പറഞ്ഞു. അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവെപ്പ് നട ത്തി അവരെ യാത്രയാക്കി. അവർ പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ട ശേഷം സെലൂക്യായിലേക്കും അവിടെനിന്നും അവർ സമുദ്രമാർഗ്ഗം യാത്ര ചെയ്തു കുപ്രോസിലെത്തി (അപ്പൊ. പ്ര. 13:2-4).

അപ്പോസ്തോല പ്രവർത്തികളിൽ (14: 8-19) കാണുന്ന പ്രകാരം ലൂസ്ത്ര പട്ടണത്തിൽ, കാലുകൾക്ക് ബലമില്ലാതെ ജന്മനാ മുടന്തനായൊരു മനുഷ്യൻ ഇരുന്നിരുന്നു. ഒരിക്കലും അവൻ നടന്നിട്ടുള്ളവനല്ല. പൗലൂസ് സംസാരിക്കുന്നത് അവൻ കേട്ടു, പൗലോസ് അവനെ കണ്ടപ്പോൾ അവനിൽ രക്ഷ പ്രാപി ക്കാനുള്ള വിശ്വാസം ഉണ്ട് എന്ന് മനസ്സിലായി അവനോട്: നമ്മുടെ കർത്താവായ യേശു മശിഹായുടെ നാമത്തിൽ നീ കാ ലൂന്നി എഴുന്നേറ്റ് നിൽക്കുക എന്ന് ഞാൻ നിന്നോടു പറയുന്നു' എന്ന് ഉറച്ച ശബ്ദത്തിൽ പറഞ്ഞു. അവൻ കുതിച്ചെഴുന്നേറ്റ് ന ടന്നു. പൗലോസ് ചെയ്ത ഈ കാര്യം ജനക്കൂട്ടം കണ്ടപ്പോൾ, ദേവന്മാർ മനുഷ്യന്മാർക്ക് സദൃശ്യരായി നമ്മുടെ ഇടയിൽ ഇറങ്ങി വന്നിരിക്കുകയാണ്, അവർ ബർന്നബാസിന് 'ദേവന്മാരുടെ നാ ഥൻ' (Zeus) എന്നും പൗലോസിനു 'ഹെർമീസ്' (Hermes)

എന്നും പേരു വിളിച്ചു. 'ദേവനാഥന്റെ' പൂജാരി, അവർ പാർത്തിരുന്ന സ്ഥലത്തെത്തി കാളകളെയും പുഷ്പകിരീടങ്ങളും കൊണ്ടുവരികയും അവർക്കായി ബലി കഴിപ്പാൻ തുനിയുകയും ചെയ്തു. ബർന്നബായും പൗലോസും ഇതു കേട്ടപ്പോൾ അവർ അവരുടെ വസ്ത്രങ്ങൾ കീറിക്കൊണ്ട് ജനക്കൂട്ടത്തിലേക്ക് ചാടി ഇറങ്ങിക്കൊണ്ട് പറഞ്ഞു: ''പുരുഷന്മാരേ നിങ്ങൾ എന്താണ് ചെയ്യുന്നത്? ഞങ്ങളും നിങ്ങളെപ്പോലെ മനുഷ്യരാണ്. നിങ്ങൾ ഈ വ്യർത്ഥ കാര്യങ്ങൾ വിട്ടൊഴിഞ്ഞ് ആകാശവും ഭൂമിയും സമുദ്രങ്ങളും അവയിലുള്ള സകലവും സൃഷ്ടിച്ചവനായ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണം എന്നു ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു.'' അപ്രകാരം പറഞ്ഞെങ്കിലും അവർക്ക് ബലികഴിക്കുന്നതിൽ നിന്ന് ജനക്കൂട്ടത്തെ തടയുന്നതിന് ഏറെ ബദ്ധപ്പെടേണ്ടി വന്നു. എന്നാൽ ഇക്കോന്യായിൽനിന്നും യെറുശലേമിൽനിന്നും യെഹൂദന്മാർ അവിടെയുമെത്തി, അവർക്കെതിരായി ജനക്കൂട്ടത്തെ ഇളക്കി. അവർ പൗലോസിനെ കല്ലെറിഞ്ഞു. അദ്ദേഹം മരിച്ചുപോയി എന്നവർ വിചാരിച്ചതു നിമിത്തം പട്ടണത്തിനു പുറത്തേക്ക് അദ്ദേഹത്തെ വലിച്ചിഴച്ചുകൊണ്ടു പോയി.

ഏതാനും നാളുകൾക്കുശേഷം അന്ത്യോഖ്യാ സഭയിൽ ഒരു തർക്കം ഉടലെടുത്തു. യെഹൂദന്മാരുടെ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ചായിരുന്നു തർക്കം. ദൈവാലയത്തിൽ പ്രവേശിക്കുന്ന പുറജാതികൾ പരിഛേദനയും മാമോദീസായും സ്വീകരിക്കണമെന്ന് ബർന്നബാസിന്റെയും പൗലോസിന്റെയും അഭിപ്രായത്തിനെതിരായിട്ടായിരുന്നു ആ തർക്കം. ഇതേ വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായിട്ടാണ് ഏ. ഡി. 50 ൽ യെറുശലേമിൽ സുന്നഹദോസ് ചേർന്നത്. പൗലോസും ബർന്നബാസും തങ്ങൾ പുറജാതികളുടെ ഇടയിൽ നടത്തിയ അദ്ധ്വാനങ്ങളെ സംബന്ധിച്ച് വിശദമായി വിവരിച്ചു. സുന്നഹദോസിൽ പുറജാതികളിൽനിന്നു ക്രിസ്ത്യാനികളാകുന്നവർക്ക് പരിഛേദനയിൽനിന്ന് ഒഴിവു നൽകാം എന്ന് തീരുമാനിച്ചു.

ബർന്നബാസിന്റെ ലേഖനമെന്ന പേരിൽ ഒരു കൃതി അറിയപ്പെടുന്നുണ്ടെങ്കിലും അതിന്റെ ആധികാരികത കൃത്യതയില്ലാത്തതാണ്. സലാമിസിൽ ഉദ്ദേശം ഏ. ഡി. 61 ൽ ബർന്നബാസ് കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു എന്നു കരുതപ്പെടുന്നു, ബർന്നബാസിന്റെ മൂന്നു ഓർമ്മദിനങ്ങളാണ് സുറിയാനി സഭാ കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് - - മെയ് 11, ജൂൺ 11, ഡിസംബർ 17.

# 7. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ

(c. എ. ഡി. 100 – c. 165)

പുറജാതിയിൽപ്പെട്ട ഒരു ഗ്രീക്കു കുടുംബത്തിൽ ഫ്ളേവിയ നിയാപോലിസ് (പാലസ്തീൻ) എന്ന സ്ഥലത്താണ് ജസ്റ്റിൻ ജനിച്ചത് (Thurston & Attwater, 1990; Attwater & John 1996; Farmer, 1997) .

പ്രസംഗകല, കവിത, ചരിത്രം എന്നിവ പഠിക്കുന്നതിനാണ് ജസ്റ്റിൻ കൂടുതൽ സമയവും വിനിയോഗിച്ചത്. തത്വശാസ്ത്രം പഠിച്ചുവെങ്കിലും അതും ജ്ഞാനസമ്പാദനത്തിനുള്ള ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തിയില്ല. ഒരു ദിവസം ജസ്റ്റിൻ എഫേസൂസിലെ കടൽത്തീരത്തു പ്ലാറ്റോയുടെ മാർഗ്ഗനിദർശക നിയമത്തെ കുറിച്ചു ചിന്തിച്ചുകൊണ്ട് നടക്കുകയായിരുന്നു. അവിടെ ആദരണീയനായ ഒരു വൃദ്ധനാണ് യേശുക്രിസ്തുവിലുള്ള ജസ്റ്റിന്റെ താൽപര്യത്തെ ഉദ്ദീമിപ്പിച്ചത്. അത്യുത്സാഹത്തോടെ പ്രാർത്ഥിക്കുന്നതിനും, പ്രകാശത്തിന്റെ വാതിൽതുറന്ന്, ദൈവത്തിനു മാത്രം നൽകുവാൻ കഴിയുന്ന സത്യ അറിവു നേടുന്നതിനും അതിടയാക്കുമെന്നും അദ്ദേഹം ജസ്റ്റിനോട് പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകളനുസരിച്ച് വിശുദ്ധവചനം പഠിക്കുന്നതിനും ക്രിസ്ത്യാനികളെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനുമുള്ള ആഗ്രഹവും പ്രചോദനവും അത് നല്കുകയുണ്ടായി (Thurston & Attwater, 1990).

ഏതാണ്ട് മുപ്പതു വയസ്സുള്ളപ്പോൾ ജസ്റ്റിൻ ക്രിസ്തുമതം സ്വീകരിച്ചു. ഇത് എഫേസോസിലോ അല്ലെങ്കിൽ അലക്സന്ത്രിയായിലോ വച്ചാണെന്ന് കരുതപ്പെടുന്നു. ഒരു അത്മായൻ ആയിരുന്ന അദ്ദേഹം പറഞ്ഞു: ‘‘നമ്മുടെ വിശ്വാസപ്രമാണം എന്താണെന്ന് മറ്റുള്ളവരെ അറിയിക്കുക എന്നുള്ളത് നമ്മുടെ കർത്തവ്യമാണ്. അല്ലെങ്കിൽ അജ്ഞതകൊണ്ട് പാപം ചെയ്യുന്നവരുടെ ശിക്ഷയ്ക്കു നാം കുറ്റക്കാരായിത്തീരും’’ (Thurston & Attwater, 1990; Paul, 2014).

ജസ്റ്റിൻ പലസ്തീൻ, സിറിയ എന്നിവിടങ്ങളിൽ സത്യവിശ്വാസം പ്രസംഗിച്ചു (Paul, 2014). ഇദ്ദേഹം രണ്ടാം നൂറ്റാണ്ടിലെ

ഏറ്റവും പ്രധാനപ്പെട്ട വിശ്വാസ ന്യായവാദം നടത്തുന്ന വ്യക്തി ആയിരുന്നു.

ജസ്റ്റിന്റെ എഴുത്തുകളിൽ വിശ്വാസപ്രതിപാദനപരമായ രണ്ടു കൃതികളും ഒരു സംവാദവും ഉൾപ്പെടുന്നു. ട്രൈഫോ എന്ന യെഹൂദനുമായുള്ള സംവാദം, ക്രിസ്തുമത വിശ്വാസം, മാമോദീസ, വിശുദ്ധ കുർബ്ബാന, ദാനധർമ്മങ്ങൾ എന്നിവയെ സംബന്ധിച്ചുള്ളതാണ്. റോമിൽ വച്ച് ക്രിസൻസ് എന്ന തത്വശാസ്ത്രജ്ഞനുമായി പൊതു സ്ഥലത്തുവച്ച് ഒരു സംവാദം നടത്തുകയുണ്ടായി. കൂടുതൽ സ്വീകാര്യമായ തെളിവുകൊടുത്ത് ബോധ്യം വരുത്തുന്ന വാദഗതിയാണ് ജസ്റ്റിൻ നിരത്തിയതെങ്കിലും പ്രതിയോഗി ജസ്റ്റിനെ വിലങ്ങു വെപ്പിക്കുന്നതിലേക്ക് കാര്യങ്ങൾ നീങ്ങി. റസ്റ്റിക്കസ് എന്ന റോമിലെ നിയന്ത്രണാധികാരമുള്ള ഒരു വ്യക്തി ജസ്റ്റിനെ വിചാരണ ചെയ്തു. വിചാരണയുടെ ഏറ്റവും പ്രസക്തമായ ഭാഗങ്ങൾ താഴെ ഉദ്ധരിച്ചിരിക്കുന്നു (Thurston & Attwater, 1990, Vol. II, pp 89-90).

റസ്റ്റിക്കസ് : നീയൊരു ക്രിസ്ത്യാനിയാണോ?

ജസ്റ്റിൻ : അതേ. ഞാനൊരു ക്രിസ്ത്യാനിയാണ്

റസ്റ്റിക്കസ് : ശ്രദ്ധിക്കു. നിങ്ങൾ വളരെ വാചാലനാണ്. നിങ്ങളെ മർദ്ദിക്കുകയും ശിരച്ഛേദനം ചെയ്യുകയും ചെയ്താൽ നീ സ്വർഗ്ഗത്തിൽ പോകുമെന്ന് വിശ്വസിക്കുന്നുണ്ടോ?

ജസ്റ്റിൻ : നിങ്ങൾ പറയുന്ന പ്രകാരം ഞാൻ കഷ്ടത അനുഭവിക്കുമെങ്കിൽ ക്രിസ്തുവിന്റെ കല്പനകളെ പാലിച്ചവർക്കുള്ള പ്രതിഫലം ഞാൻ പ്രാപിക്കും എന്നു ഞാൻ ആശിക്കുന്നു. അവന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരെല്ലാം എക്കാലവും, എല്ലാത്തിന്റെയും പൂർത്തീകരണംവരെ ദൈവത്തിന്റെ കൃപയിൽ നിലനിൽക്കുമെന്നും പ്രത്യാശിക്കുന്നു.

റസ്റ്റിക്കസ് : അപ്പോൾ ഒരു പ്രതിഫലം സ്വീകരിക്കുന്നതിന് സ്വർഗ്ഗത്തിൽ പോകുമെന്ന് നീ വിചാരിക്കുന്നുണ്ട്?

ജസ്റ്റിൻ : ഞാൻ വിചാരിക്കുകയല്ല, ഞാൻ അത് അറിയു

ന്നു. അതേക്കുറിച്ച് എനിക്കു യാതൊരു സംശയവുമില്ല.

റസ്റ്റിക്കസ് : വളരെ നല്ലത്. വരൂ ദേവന്മാർക്ക് ഇവിടെ ബലി കഴിക്കൂ.

ജസ്റ്റിൻ : സുബോധമുള്ള ഒരാളും ഈ അസത്യത്തിനുവേണ്ടി സത്യത്തെ ഉപേക്ഷിക്കുകയില്ല.

റസ്റ്റിക്കസ് : ഞാൻ പറയുന്നതുപോലെ നീ ചെയ്തില്ലെങ്കിൽ നിന്നെ യാതൊരു ദാക്ഷിണ്യവുമില്ലാതെ ദണ്ഡിപ്പിക്കും.

ജസ്റ്റിൻ : രക്ഷിക്കപ്പെടുന്നതിനും നാഥനായ യേശുക്രിസ്തുവിനുവേണ്ടി കഷ്ടത അനുഭവിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായും മറ്റൊന്നും ഇല്ല തന്നെ.

അതേ തുടർന്ന്, ജസ്റ്റിനെയും അവന്റെ ചങ്ങാതികളെയും (അഞ്ചു പുരുഷന്മാരും ഒരു സ്ത്രീയും) ചാട്ടവാറുകൊണ്ട് അടിപ്പിച്ച് ശിരച്ഛേദനം ചെയ്തു. മാർക്കസ് ഔറേലിയസിന്റെ ഭരണ കാലത്താണ് ഈ ക്രൂരത നടന്നത് (Thurston & Attwater, 1990; Farmer, 1997). വിശുദ്ധ ജസ്റ്റിന്റെ ഓർമ്മ പെരുന്നാൾ ജൂൺ 1-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 8. വിശുദ്ധ ഹെസിക്കിയസ് രക്തസാക്ഷി

(ഏ. ഡി. ? - 302 ?)

ബൾഗേറിയായിലെ സിലിസ്ട്രിയക്കാരനായ ഹെസിക്കിയസ് കുസ്തന്തീനോസ് പോലീസിലെ രക്തസാക്ഷിയെന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ തിരുശേഷിപ്പു കുസ്തന്തീനോസ് പോലീസിലേക്ക് കൊണ്ടുപോയതു കൊണ്ടായിരിക്കാം ഇങ്ങനെ അറിയപ്പെട്ടത്.

സിലിസ്ട്രിയായിലെ വിശുദ്ധനായ ജൂലിയോസ് വധിക്കപ്പെടുന്നതിന് ഒരു സാക്ഷിയായിരുന്നു ഹെസിക്കിയസ് (Thurston

& Attwater, 1990, Vol. II). ഹെസിക്കിയസ് ജൂലിയസിനോടു പറഞ്ഞു: 'ജൂലിയസ്, താങ്കൾ താങ്കളുടെ ബലി സന്തോഷത്തോടെ പൂർത്തിയാക്കി കിരീടം പ്രാപിക്കാൻ ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അതിനുശേഷം ഞാൻ അങ്ങയെ പിന്തുടരാം.' ജൂലിയസ് ഹെസിക്കിയസിനെ ആലിംഗനം ചെയ്ത് മറുപടി പറഞ്ഞു: ''സഹോദരാ, താങ്കൾ പറഞ്ഞത് അവർ കേട്ടിട്ടുണ്ട്. ഉടനെ വരുന്നതിന് ഒരുങ്ങിയാലും. ജൂലിയസ് വധിക്കപ്പെട്ട ഉടനെ തന്നെ ഹെസിക്കിയസും വധിക്കപ്പെട്ടു. ഹെസിക്കിയസിന്റെ ഓർമ്മ മെയ് 19-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 9. രക്തസാക്ഷിയായ വിശുദ്ധ നെസിഫോറസ്

(എ. ഡി. ? - 260)

അന്ത്യോഖ്യായിൽ താമസിച്ചിരുന്ന പുരോഹിതനായ സപ്രിസിയസിന്റെ ഒരു ഉത്തമ സുഹൃത്തായിരുന്നു നെസിഫോറസ്. എന്നാൽ കുറച്ചു വർഷങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ ചങ്ങാത്തം വെറുപ്പിലേക്കും വിദ്വേഷത്തിലും കലാശിച്ചു (Attwater & John, 1996). പാപകരമായ ഈ വൈരാഗ്യം തെറ്റാണെന്ന് ബോധ്യപ്പെട്ട നെസിഫോറസ് രമ്യപ്പെടാനുള്ള മാർഗ്ഗം തേടിയിരുന്നു.

നെസിഫോറസ് തന്റെ ചങ്ങാതിമാരിൽ ചിലരെ പുരോഹിതനായ സപ്രിസിയസിന്റെ അടുക്കൽ ക്ഷമാപണം നടത്തുന്നതിന് അയച്ചുവെങ്കിലും ആ പരിശ്രമങ്ങൾ വിജയത്തിലെത്തിയില്ല. തുടർന്ന് നെസിഫോറസ് തന്നെ നേരിട്ട് സപ്രിസിയസിന്റെ ഭവനത്തിൽ പോകുകയും മാപ്പിരക്കുകയും ചെയ്തെങ്കിലും പ്രയോജനമുണ്ടായില്ല (Thurston & Attwater, 1990, Vol. I).

എ. ഡി. 260ൽ വലേറിയൻ, ഗലീനസ് എന്നീ ചക്രവർത്തിമാർ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന് ആരംഭിച്ചു. സപ്രിസിയസിനെ ചോദ്യം ചെയ്യുന്നതിനായി ഗവർണറുടെ മുൻപിൽ കൊണ്ടുവന്നു. സപ്രിസിയസ് സാക്ഷ്യപ്പെടുത്തി: ''ഞാനൊരു ക്രിസ്ത്യാനിയാണ്. ഒരു പുരോഹിതനായതിൽ ഞാൻ അഭിമാനിക്കുന്നു. ഞങ്ങൾ ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ നാഥനും കർത്താവുമായ യേശുമ്ശിഹാ എന്ന ഏക ദൈവത്തെ

അംഗീകരിക്കുന്നു. പുറജാതികളുടെ ദേവന്മാർ പിശാചുക്കളാണ്.

ഗവർണർ സപ്രിസിയസിനെ ശിരച്ഛേദനം ചെയ്യുന്നതിന് ഉത്തരവായി. സപ്രിസിയസ് തന്റെ നിലപാടിൽനിന്ന് വ്യതിചലിച്ചില്ല. അവൻ പറഞ്ഞു: എന്റെ ശരീരം നിന്റെ അധികാരത്തിലാണ്. എന്നാൽ നിങ്ങൾക്ക് എന്റെ ആത്മാവിനെ സ്പർശിക്കാൻ കഴി യുകയില്ല. കാരണം അതിന്റെ യജമാനൻ എന്റെ രക്ഷകനായ യേശുക്രിസ്തുവാണ്.

സപ്രിസിയസ് ശിരഛേദനത്തിനുള്ള ഉത്തരവ് സന്തോ ഷത്തോടെ സ്വീകരിക്കുന്നതുപോലെയും വധിക്കപ്പെടേണ്ട സ്ഥല ത്തേക്ക് എത്തുന്നതിന് ധൃതിപ്പെടുന്നതുപോലെയും കാണപ്പെട്ടു. നെസിഫോറസ് അവനെ കാണുന്നതിന് ഓടിയെത്തി അവനോട് പറഞ്ഞു: ''യേശുക്രിസ്തുവിന്റെ രക്തസാക്ഷിയേ എന്റെ അതി ക്രമം എന്നോടു ക്ഷമിച്ചാലും.'' സപ്രിസിയസ് മറുപടി പറഞ്ഞില്ല. നെസിഫോറസ് മറ്റൊരു വീഥിയിൽ അദ്ദേഹത്തെ കാത്തു നിൽ ക്കുകയും വീണ്ടും ക്ഷമാപണം യാചിച്ചുവെങ്കിലും സപ്രിസിയ സിന്റെ ഹൃദയം കൂടുതൽ കഠിനപ്പെട്ടതല്ലാതെ പ്രയോജനമൊന്നു മുണ്ടായില്ല. മാത്രമല്ല നേരെ നോക്കുകപോലും ചെയ്തില്ല. പട്ടാളക്കാർ മരിക്കാൻ പോകുന്ന ഒരു കുറ്റവാളിയുടെ മാപ്പിനു വേണ്ടി ഉൽകണ്ഠപ്പെടുന്ന നെസിഫോറസിനെ പരിഹസിച്ചു.

ശിരച്ഛേദനം ചെയ്യുന്നതിന് സപ്രിസിയസിനോട് മുട്ടു കുത്തുന്നതിന് ആവശ്യപ്പെട്ടു. അപ്പോൾ സപ്രിസിയസ് പറഞ്ഞു: ''ഞാൻ ദേവന്മാർക്ക് ബലി കഴിക്കുന്നതിന് സന്നദ്ധനാണ്.'' ഇതു കേട്ട് നെസിഫോറസ് ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു: ''സഹോദരാ, താങ്കൾ എന്താണ് ചെയ്യുന്നത്? നിന്റെ നാഥനായ യേശുക്രിസ്തുവിനെ ഉപേക്ഷിക്കരുത്. നിന്റെ പീഡനങ്ങൾകൊണ്ട് നീ ആർജ്ജിച്ച കിരീടം നീ നഷ്ടമാക്കരുത്.'' ഏങ്ങലടിച്ചുകൊണ്ട് വധശിക്ഷ നടപ്പാക്കാൻ വന്നവരോടായിട്ട് നെസിഫോറസ് പറഞ്ഞു: ''ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ഈ മനുഷ്യൻ ഉപേക്ഷിച്ചുപ റഞ്ഞ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു. കണ്ടാലും മരിക്കുന്നതിന് ഞാൻ സന്നദ്ധനാണ്.'' എല്ലാവരും വളരെ അത്ഭുതപ്പെട്ടു. ഉദ്യോഗസ്ഥർ എന്തു ചെയ്യണമെന്നറിയുന്നതിന് ഗവർണർക്ക് ഒരു കുറിപ്പ് കൊടുത്തുവിട്ടു. ദേവന്മാർക്ക് ബലി കഴിക്കുന്നതിന് വിസമ്മതിക്കുന്ന നെസിഫോറസ് മരണശിക്ഷ അർഹിക്കുന്നു എന്ന് ഗവർണർ ഉത്തരവിട്ടു. അതിൻപ്രകാരം നെസിഫോറസ് വധിക്കപ്പെട്ടു. അങ്ങനെ നെസിഫോറസ്

രക്തസാക്ഷിയായി. വിശുദ്ധ നെസിഫോറസിന്റെ ഓർമ്മ ഫെബ്രുവരി 9-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 10. കന്യകയും രക്തസാക്ഷിയുമായ തർസോസിലെ വിശുദ്ധ പെലാജിയ

(എ. ഡി. ? - 304?)

പുറജാതികളായ മാതാപിതാക്കന്മാരുടെ പുത്രിയായി ജനിച്ച പെലാജിയ വളരെ സുന്ദരിയായിരുന്നു. മാതാപിതാക്കന്മാർ അവളെ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മകന് വിവാഹം ചെയ്തുകൊടുക്കുന്നതിന് ആഗ്രഹിച്ചിരുന്നു. എന്നാൽ പെലാജിയ വിവാഹം കഴിക്കുന്നതിന് ഇഷ്ടപ്പെട്ടിരുന്നില്ല. ക്ലിനോ എന്ന മെത്രാപ്പോലീത്തയിൽനിന്നും വിശ്വാസം പഠിക്കുകയും മാമോദീസ സ്വീകരിക്കുകയും വി. കുർബ്ബാന കൈക്കൊള്ളുകയും ചെയ്തു (Thurston & Attwater, 1990, Vol. II).

പെലാജിയ തിരികെ വന്നപ്പോൾ അവൾ ക്രിസ്ത്യാനിയായി എന്നറിയുവാനിടയാകുകയും അവളുടെ പ്രതിശ്രുത വരൻ ആത്മഹത്യ ചെയ്തതിനാൽ അവളെ അവളുടെ അമ്മ ഡയോക്ലീഷ്യൻ ചക്രവർത്തിയെ ഏൽപ്പിച്ചു. ഡയോക്ലീഷ്യൻ പെലാജിയയെ ശിക്ഷിക്കുന്നതിനു പകരം അവളെ വിവാഹം ചെയ്യുന്നതിനാഗ്രഹിച്ചു (Attwater & John, 1996). അവൾ ആ താൽപര്യം നിരസിക്കുകയും അവളുടെ വിശ്വാസത്തിൽ സുസ്ഥിരമായി നിലകൊള്ളുകയും ചെയ്തു. അതിനാൽ പെലാജിയയെ വറചട്ടിയിലിട്ടു പൊരിച്ചുകൊന്നു. അവളുടെ തിരുശേഷിപ്പുകൾ അവിടുത്തെ മെത്രാപ്പോലീത്ത ശേഖരിക്കുന്നതുവരെ സിംഹങ്ങൾ അവ കാത്തുകൊണ്ടിരുന്നു. പട്ടണത്തിനടുത്തുള്ള ഒരു മലയിൽ ആ തിരുശേഷിപ്പുകൾ മെത്രാപ്പോലീത്ത അടക്കം ചെയ്തു. മെയ് 5-ാം തീയതി വിശുദ്ധ പെലാജിയയുടെ ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

# 11. രക്തസാക്ഷിയായ പന്താലിയോൺ

(എ. ഡി.  ? – 305 ?)

ഒരു ഐതിഹ്യം അനുസരിച്ച് പന്താലിയോൺ (Greek - Panteleimon) നൊക്കോമേദിയായിലെ യുസ്റ്റോർജിയസ് എന്ന ധനികനായ ഒരു പുറജാതിക്കാരന്റെ മകനായിരുന്നു. മാതാവായ യുബുലയാണ് ക്രിസ്തീയ വിശ്വാസത്തിലേക്ക് പന്താലിയോണിനെ കൊണ്ടുവന്നത് (Loffler, 1911). ഗ്രീക്ക് ഭാഷയിൽ 'പന്താലിയോൺ' എന്ന പദത്തിന് 'സർവ്വ ദയാലുവായ' എന്നാണർത്ഥം (Paul, 2014; Farmer, 1997).

പന്താലിയോൺ വൈദ്യം പഠിക്കുകയും ഒരു ഭിഷഗ്വരനായി ടർക്കിയിലെ നൊക്കോമേദിയായിൽ (Now, Izmit) ആതുരസേവനം നടത്തുകയും ചെയ്തു. പന്താലിയോൺ ചക്രവർത്തിയായ ഗലേറിയസ് മക്സിമിനാസിന്റെ കൊട്ടാരത്തിലെ വൈദ്യനായിരുന്നു (Paul, 2014). രാജകൊട്ടാരത്തിലെ ലൗകിക ആനന്ദങ്ങളിൽ ആകൃഷ്ടനായി പന്താലിയോൺ വിശ്വാസം ഉപേക്ഷിച്ചു. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ വിശ്വാസ ജീവിത നാളുകളിലെ ഹെർമലാവോസ് എന്ന സുഹൃത്ത് യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് നിരന്തരമായി പന്താലിയോണിനെ ഓർമ്മപ്പെടുത്തികൊണ്ടിരുന്നു (Cross & Livingstone, 1974). ഡയോക്ലീഷ്യൻ ചക്രവർത്തി അധികാരത്തിൽ വരികയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും ചെയ്യുന്നതിനാരംഭിച്ചപ്പോൾ പന്താലിയോൺ തന്റെ ചിന്തയും വിധേയത്വവും തിരിച്ചറിഞ്ഞു. തുടർന്ന് തന്റെ സമ്പത്ത് ദരിദ്രർക്കായി ഭാഗിച്ചുകൊടുക്കുകയും പ്രതിഫലം കൂടാതെ രോഗികളെ ചികിത്സിക്കുകയും ചെയ്തുകൊണ്ടു ക്രിസ്തുവിനെ അനുകരിക്കുന്ന അച്ചടക്കവും എളിയ ജീവിതത്തിന്റെ ഉഗ്രനിഷ്ഠയുള്ള ഒരു വ്യക്തിയായി മാറുകയും ചെയ്തു.

നിക്കോമേദിയായിൽ ഏ. ഡി. 303ൽ ആരംഭിച്ച ഡയോക്ലീഷ്യൻ പീഡയെ തുടർന്ന് പന്താലിയോണും, സ്നേഹിതരായ ഹെർമൊലോവോസും മറ്റു രണ്ടുപേരോടും കൂടെ ബന്ധിതരായി. സ്നേഹിതരായ മൂന്നുപേരേയും വധിച്ചെങ്കിലും പന്താലിയോണിനെ രക്ഷിക്കുന്നതിന് നിബന്ധനകൾ വച്ചെങ്കിലും നിരസിച്ചിതിനാൽ ആറ് വിവിധ ദണ്ഡനങ്ങൾക്ക് വിധേയനാക്കുകയും ഒടുവിൽ ഉദ്ദേശം AD 305 ൽ ശിരച്ഛേദനം ചെയ്യുകയും ചെയ്തു. (Attwater & John, 1996; Farmer, 1997; Paul, 2014). പന്താലിയോണിന്റെ ശിരഛേദനം നടത്തിയപ്പോൾ ഞരമ്പുകളിൽകൂടി പാലൊഴുകുകയും പന്താലിയോണിനെ ബന്ധിച്ചിരുന്ന ഒലിവു വൃക്ഷം പെട്ടെന്ന് ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇദ്ദേഹം വൈദ്യന്മാരുടെയും സൂതികർമ്മിണികളുടെയും പ്രത്യേക മദ്ധ്യസ്ഥനായി അറിയപ്പെടുന്നു. പന്താലിയാണിന്റെ ഓർമ്മ ജൂലൈ 27-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 12. ഉറഹായുടെ ആദ്യത്തെ മെത്രാപ്പോലീത്തായായ വിശുദ്ധ ആദായി

(ഏ. ഡി. ? - ?)

ഉറഹായിലെ ആദ്യത്തെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ ആദായി, മോർ തോമാശ്ലീഹായുടെ ഇരട്ട സഹോദരനാണ്. സുറിയാനി പാരമ്പര്യമനുസരിച്ച് മോർ ആദായി എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളാണ്. സഭാപാരമ്പര്യത്തിൽ ഉറഹായിലെ സുവിശേഷ പ്രവർത്തനങ്ങൾ മോർ തോമാശ്ലീഹായും തുടർന്ന് പ്രധാനമായും മോർ ആദായി, വിശുദ്ധ അഗ്ഗായി, വിശുദ്ധ മാറി എന്നിവരും നിർവ്വഹിച്ചു (Cross & Livingstone, 1974; Thurston & Attwater, 1990).

ജീവചരിത്രകാരന്മാരിൽ പലരും മോർ തോമാശ്ലീഹായുടെ ഇരട്ട സഹോദരനായ മോർ ആദായിയുടെ ജീവചരിത്രം രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന രക്തസാക്ഷിയായ ആദായിയുടെ ജീവചരിത്രവുമായി കൂട്ടി കലർത്തിയിട്ടുണ്ട്. മോർ തോമാശ്ലീഹാ

യുടെ സഹോദരനായ മോർ ആദായി ഉറഹായിൽ എത്തിച്ചേർന്നതു താഴെ വിവരിച്ചിരിക്കുന്ന പ്രകാരമാണ്.

റോമിലെ തിബെര്യോസ് കൈസറിന്റെ വാഴ്ചയുടെ കാലഘട്ടത്തിൽ അബ്ഗാർ അഞ്ചാമൻ ഉറഹായിൽ രാജാവായിരുന്നു. ഇദ്ദേഹം യേശുവിന് ഒരു കത്തയച്ചതായി യൗസേബിയോസിന്റെ സഭാചരിത്രത്തിലും ആദായിയുടെ പഠിപ്പിക്കലുകൾ എന്ന സുറിയാനി രേഖയിലും കാണുന്നു. അതു കൂടാതെ പാതിനോമ്പിന്റെ പ്രാർത്ഥനകളിലും ഈ ചരിത്രവസ്തുത ഉറപ്പിച്ചു പറയുന്നുണ്ട്. അബ്ഗാർ അഞ്ചാമൻ യേശുവിന് അയച്ച കത്തും യേശു അയച്ച മറുപടിയും ആദായിയുടെ പഠിപ്പിക്കലുകളിൽ ചേർത്തിട്ടുള്ളത് താഴെ ഉദ്ധരിക്കുന്നു (Brock & Taylor, 2001, Vol. II; Aphrem I, 2000).

അബ്ഗാർ രാജാവ് യേശുവിന് അയച്ച കത്ത്: യെരൂശലേം പ്രദേശത്ത് കാണപ്പെട്ട നല്ല വൈദ്യനായ അങ്ങേയ്ക്ക് അഭിവാദ്യങ്ങൾ!

അങ്ങയെക്കുറിച്ചും അങ്ങ് മരുന്നുകളോ ഔഷധപ്രധാനമായ സസ്യങ്ങളോ കൂടാതെ സൗഖ്യമാക്കുന്നതായും ഞാൻ കേട്ടിരിക്കുന്നു. നിന്റെ വചനങ്ങളാൽ കുരുടന്റെ കണ്ണുകൾ തുറന്നതായും, മുടന്തനെ നടക്കുമാറാക്കുന്നതായും, കുഷ്ഠരോഗിയെ ശുദ്ധരാക്കുന്നതായും, ബധിരരെ കേൾക്കുമാറാക്കുന്നതായും, ദുരാത്മാക്കളാലും പിശാചിനാലും പീഡിപ്പിക്കപ്പെടുന്നവർ സൗഖ്യമാകുന്നതായും മരിച്ചവർപോലും ജീവനുള്ളവരായി തീരുന്നതായും ഞാൻ മനസ്സിലാക്കുന്നു. നിന്റെ അത്ഭുതപ്രവർത്തികളെക്കുറിച്ച് കേട്ടപ്പോൾ ഞാൻ ഇപ്രകാരം തീരുമാനിച്ചു. ഒന്നുകിൽ താങ്കൾ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ദൈവമോ അല്ലെങ്കിൽ ദൈവപുത്രനോ ആണ്. അങ്ങനെയൊരാൾക്കു മാത്രമേ ഈവിധ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇക്കാരണത്താൽ ഞാൻ അങ്ങയെ ആരാധിക്കുകയും അങ്ങ് എന്റെ അടുക്കൽ വരുന്നതിന് യാചിക്കുകയും ചെയ്തുകൊണ്ടാണ് ഈ കത്തയ്ക്കുന്നത്. ഞാൻ നിന്നിൽ വിശ്വസിക്കുന്നതുകൊണ്ട് എനിക്കുള്ള രോഗത്തിൽനിന്നു എന്നെ സൗഖ്യമാക്കണമെന്നപേക്ഷിക്കുന്നു. ഇതു കൂടാതെ ഒരു കാര്യവും കൂടി ഞാൻ അറിയുവാനിടയായി. യെഹൂദന്മാർ നിന്നെക്കുറിച്ച് പിറുപിറുക്കുകയും നിന്നെ പീഡിപ്പിക്കുന്നതിനും കുരിശിൽ തറക്കുന്നതിനും ആഗ്രഹിക്കുന്നതായും നിന്നെ ഉപദ്ര

വിക്കുന്നതിന് ഉദ്ദേശ്യമുള്ളതായും മനസ്സിലാക്കുന്നു. എനിക്ക് ഇവിടെ ചെറിയതും മനോഹരവുമായ ഒരു പട്ടണമുണ്ട്. അത് രണ്ടുപേർക്കും ശാന്തതയോടെ താമസിക്കുന്നതിന് മതിയാകുന്നതാണ്.

മേൽവിവരിച്ച കത്ത് രാജാവിന്റെ സെക്രട്ടറിയായ ഹന്നാന്റെ കൈവശമാണ് കൊടുത്തയച്ചത്. യെഹൂദന്മാരിൽ പ്രധാനിയായ ഗമാലിയേലിന്റെ ഭവനത്തിൽ വച്ചാണ് ഹന്നാൻ ഈ കത്ത് യേശുവിന് കൊടുത്തത് (Thurston & Attwater, 1990).

അബ്ഗാർ രാജാവിന് യേശുവിന്റെ മറുപടി: എന്നെ കാണാതെ തന്നെ എന്നിൽ വിശ്വസിച്ച താങ്കൾ അനുഗ്രഹീതനാണ്. എന്നെ കാണുന്നവർ എന്നിൽ വിശ്വസിക്കയില്ലെന്നും, എന്നെ കാണാത്തവർ എന്നിൽ വിശ്വസിക്കുകയും ചെയ്യുമെന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ. താങ്കൾ എന്നോട് അങ്ങോട്ട് വരുന്നതിനെക്കുറിച്ചെഴുതിയതിനെ പരാമർശിച്ച് എനിക്കറിയിക്കുവാനുള്ളത്, ഞാൻ എന്തിനുവേണ്ടിയാണോ അയയ്ക്കപ്പെട്ടിരിക്കുന്നത് ആയത് ഞാൻ പൂർത്തീകരിക്കണം. അതിനുശേഷം ഞാൻ എന്നെ അയച്ച പിതാവിന്റെ അടുക്കലേക്ക് കരേറും. ഞാൻ കരേറി കഴിഞ്ഞാൽ എന്റെ ശിഷ്യന്മാരിൽ ഒരാളെ താങ്കളെ സുഖപ്പെടുത്തുന്നതിനും നിനക്കും നിന്നോടുകൂടെയുള്ളവർക്കും ജീവൻ നൽകുന്നതിനുമായിട്ടും അയയ്ക്കും. താങ്കളുടെ പട്ടണം അനുഗ്രഹിക്കപ്പെടും. ഒരു ശത്രുവിനും താങ്കളുടെ പട്ടണത്തിന്മേൽ ഇനിമേൽ അധികാരമുണ്ടാകയില്ല (See, Eusebius, Book 1:13).

ഹന്നാൻ ചിത്രീകരിച്ച നമ്മുടെ നാഥന്റെ ഒരു ചിത്രം അബ്ഗാർ രാജാവിന്റെ അടുക്കൽ തിരിച്ചു വന്നപ്പോൾ കൊണ്ടുവന്നുവെന്നു സുറിയാനി രേഖയിൽ കാണുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം യേശുവിന്റെ വാഗ്ദത്തം അനുസരിച്ച് മോർ തോമ്മാശ്ലീഹായുടെ സഹോദരനായ ആദായി ഉറഹായിലേക്ക് അയയ്ക്കപ്പെട്ടു. (Aphrem Aboodi, 1996; Aphrem I, 2000). അബ്ഗാർ രാജാവിന്റെ അടുക്കലേക്ക് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളെ മോർ തോമാ ശ്ലീഹാ അയച്ചു എന്നു വിശ്വസിക്കപ്പെടുന്നു (Thurston & Attwater, 1990). അബ്ഗാർ രാജാവിന്റെ കുഷ്ഠരോഗം മോർ ആദായി സുഖപ്പെടുത്തുകയും അദ്ദേഹത്തെ മാമോദീസാ മുക്കുകയും ചെയ്തു (Abdul Ahad, 1948). ക്രിസ്തുമതം സ്വീകരിച്ച ആദ്യത്തെ രാജാവാണ് അബ്ഗാർ. ഇദ്ദേഹം ഉറഹായിൽ ഒരു ദൈവാലയം പണികഴിപ്പിച്ചു.

സുറിയാനി സഭാ കലണ്ടറിൽ ആദായി ശ്ലീഹായുടെ മൂന്നു പെരുന്നാൾ ദിനങ്ങൾ കാണുന്നുണ്ട്. അവ ഏപ്രിൽ 28, ജൂൺ 26, ഒക്ടോബർ 1 എന്നിവയാണ്.

## 13. രക്തസാക്ഷിയായ റോമിലെ ഹിപ്പോലിറ്റസ്

(c. ഏ. ഡി. 170 ? – c. 235)

ഹിപ്പോലിറ്റസ് ഉദ്ദേശം ഏ. ഡി. 170ൽ ജനിച്ചു. ഇദ്ദേഹത്തിന്റെ ജന്മസ്ഥലം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല. റോമിലെ സഭയിലെ ഏറ്റവും പണ്ഡിതനായ ഒരു മെത്രാപ്പോലീത്താ (പുരോഹിതൻ?) ആയിരുന്നു ഹിപ്പോലിറ്റസ്. ഹിപ്പോലിറ്റസ് എന്ന പേരിന് 'അഴിച്ചുവിട്ട കുതിര' എന്ന അർത്ഥമാണുള്ളത്.

ഹിപ്പോലിറ്റസ് റോമിലെ മെത്രാപ്പോലീത്തന്മാരായ സെഫ്രിനസ് (AD 198-217), കാലിസ്റ്റസ് (AD 218 - 222) എന്നിവരുടെ നടപടികളെ എതിർത്തിരുന്നു. സെബലിയസ്സിന്റെ വേദവിപരീതത്തെ വേണ്ടത്ര തീക്ഷ്ണതയോടെ എതിർത്തില്ലെന്നും പാപികളോട് അമിതമായ ദാക്ഷിണ്യം കാണിച്ചുവെന്നുമായിരുന്നു എതിർപ്പിനടിസ്ഥാനം (Thurston & Attwater, 1990, Vol. III; Attwater & John, 1996; Farmer 1997). പാപത്തെ രക്തം വലിച്ചുകുടിക്കുന്നവനെന്നും പാപത്തിന്റെ മൂന്നു പുത്രിമാരാണ് ധിക്കാരം, കൊലപാതകം, വിഗ്രഹാരാധന എന്നും ഹിപ്പോലിറ്റസ് സൂചിപ്പിച്ചു പറയുന്നു (Cayre, 1935).

ഏ. ഡി. 202ൽ ഹിപ്പോലിറ്റസ് എഴുതിയ *അന്ത്യക്രിസ്തു, ദാനീയേലിന്റെ പുസ്തകത്തിന്റെ വ്യാഖ്യാനം* (വിശുദ്ധ വേദപ്രമാണത്തെ സംബന്ധിക്കുന്ന ആദ്യത്തെ കൃതിയെന്നു കരുതപ്പെടുന്നു?), *ഫിലോസൊഫുമേന* എന്നീ കൃതികളാണ് ഏറ്റവും പ്രധാനപ്പെട്ടവ. ഇതിൽ ദാനീയേലിന്റെ പുസ്തകത്തിന്റെ വ്യാഖ്യാനം മൂന്നാം നൂറ്റാണ്ടിലെ ആരാധന, അച്ചടക്കം, ക്രിസ്ത്യാനികളുടെ ആചാരങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന് ഏറ്റവും സഹായകമായ ഗ്രന്ഥമാണ് (Cayre, 1935, Vol. I). *ഫിലോസോഫുമേന* എന്ന ഏറെ വിഖ്യാതമായ കൃതി നിരവധി വേദവിപരീത പഠിപ്പിക്കലുകളെ ഖണ്ഡിച്ച് എഴുതിയിട്ടുള്ളതാണ്.

ഈ കൃതി എ. ഡി. 1842ൽ അത്തോസ് മലയിൽനിന്ന് കണ്ടെടുത്തിട്ടുള്ളതാണ് (Cayre, 1935, Vol. I). ഹിപ്പോലിറ്റസിന്റെ മറ്റു കൃതികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ മറ്റു ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (e.g., Smith & Wace, 1882; Cayre, 1935).

മെക്സിമിനസിന്റെ പീഡയുടെ കാലത്ത് ഹിപ്പോലിറ്റസ് കാലിസ്റ്റിസനോടുകൂടെ ഭീകരമായ (മാരകമായ) സർദിനാ ദ്വീപിലേക്ക് നാടു കടത്തപ്പെട്ടു. അവിടെ ഹിപ്പോലിറ്റസ് രക്തസാക്ഷിയായി (Smith & Wace, 1882; Farmer, 1997). ആ സ്വേച്ഛാധിപതി ക്രിസ്ത്യാനികളെ തല വെട്ടിയും, കുരിശിൽ തൂക്കിയും, ജീവനോടെ കത്തിച്ചും, മുക്കിക്കൊന്നും ഇല്ലായ്മ ചെയ്തുകൊണ്ടിരുന്നു. ഭരണാധിപൻ ഓസ്റ്റിയ എന്ന സ്ഥലത്തായിരുന്നപ്പോൾ ഹിപ്പോലിറ്റസിനെ അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരാക്കിയെന്നും, കാട്ടുകുതിരകളാൽ വലിച്ചു ചീന്തപ്പെടുന്നതിന് ശിക്ഷിക്കപ്പെട്ടുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഹിപ്പോലിറ്റസിന്റെ ഭൗതിക അവശിഷ്ടങ്ങൾ വയ തിബുർറ്റിന എന്ന സെമിത്തേരിയിൽ അടക്കം ചെയ്തു. ഹിപ്പോലിറ്റസിന്റെ പെരുന്നാൾ ജനുവരി 30, ഡിസംബർ 10 എന്നീ തീയതികളിൽ സുറിയാനി സഭ ആചരിക്കുന്നു.

## 14. സിർമിയത്തിലെ ഐറേനിയസ്

**(എ. ഡി. ? - 304)**

ഐറേനിയസ് സിർമിയത്തിലെ ഒരു മെത്രാപ്പോലീത്തയായിരുന്നു. സിർമിയം വടക്കേ സൈബീരിയയിലെ പനോണിയയുടെ തലസ്ഥാനവും പുരാതന റോമാസാമ്രാജ്യത്തിലെ ഒരു പ്രൊവിൻസും ആണ്. ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ പീഡയിൽ ഗവർണറായിരുന്ന പ്രൊബൂസിന്റെ ഭരണത്തിൻകീഴിലാണ് ഐറേനിയസ് സിർമിയയിൽ രക്തസാക്ഷിയായയത് (Smith & Wace, 1882; Thurston & Attwater, 1990). ദേവന്മാർക്ക് ബലി കഴിക്കുന്നതിനായി പ്രൊബൂസ് ഐറേനിയസിനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു: ‘‘ദേവന്മാർക്ക് ബലിയർപ്പിക്കുന്നവർ നരകത്തിൽ എറിയപ്പെടും. ഭൂതങ്ങൾക്ക് ബലികഴിച്ച് എന്റെ ദൈവത്തെ ഉപേക്ഷിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ എന്റെ

കർത്തവ്യം ഈ പീഡയേൽക്കുക എന്നുള്ളതാണ്.'' തുടർന്ന് ഐറേനിയസ് പീഡിപ്പിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തു. ഒടുവിലത്തെ വിചാരണയിലും ദേവന്മാർക്കു ബലി കഴിക്കുന്നതിന് വിസമ്മതിക്കുകയും ഇപ്രകാരം പറയുകയും ചെ യ്തു: ''മനുഷ്യരുടെ മുൻപാകെ എന്നെ തള്ളിപ്പറയുന്നവനെ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ റയും.''

ഐറേനിയസിന്റെ അന്ത്യവാക്കുകൾ ഇപ്രകാരമായിരുന്നു: 'നാഥനായ യേശുക്രിസ്തു, അങ്ങ് ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി കഷ്ടതയേൽക്കുന്നതിന് മനസ്സായി, നിന്റെ നാമത്തിനുവേണ്ടി യും സിർമിയത്തിലെ സഭയിലെ ആളുകൾക്കുവേണ്ടിയും പീഡ യേൽക്കുന്ന അങ്ങയുടെ ശുശ്രൂഷകനായ ഐറേനിയസിന്റെ ആത്മാവിനെ സ്വർഗ്ഗം തുറന്ന് നിന്റെ മാലാഖമാർ ഉയര ത്തിലേക്ക് കൊണ്ടുപോകുമാറാകണമേ''. നിന്റെ കരുണയാൽ എന്നെ സ്വീകരിക്കുകയും നിന്റെ വിശ്വാസത്തിൽ ഇവരെ ശക്തീ കരിക്കുകയും ചെയ്യേണമേ (Farmer, 1997). തുടർന്ന് ഐറേനിയ സിനെ ശിരഛേദനം ചെയ്തു സിവ എന്ന പുഴയിലേക്കെറിയുകയും ചെയ്തു. ഏപ്രിൽ 6-ാം തീയതി ഐറേനിയസിന്റെ ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

## 15. രക്തസാക്ഷികളായ അഡ്രിയാനും ഭാര്യ നത്താലിയായും

(എ. ഡി. ? - 304)

അഡ്രിയാൻ നിക്കോമേദിയായിലെ രാജകോടതിയിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. ഇദ്ദേഹം പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ഇരുപത്തിമൂന്ന് ക്രിസ്ത്യാനികളുടെ ക്ഷമാപൂർണ്ണമായ കഷ്ടപ്പാട് കണ്ട് വളരെയധികം ചഞ്ചലചിത്തനായി (Thurston & Attwater, 1990; Attwater & John, 1996). മാമോദീസ ഏറ്റിരുന്നില്ലെങ്കിലും അഡ്രിയാൻ പറഞ്ഞു: ''ഞാനും ക്രിസ്ത്യാനിയാണ്, എന്നെയും ഇവരോടുകൂടെ എണ്ണൂ.'' ഉടനെതന്നെ അഡ്രിയാനെ അറസ്റ്റു ചെയ്യുകയും തടവിലാക്കുകയും ചെയ്തു. ഈ വിവരം അഡ്രിയാന്റെ

ക്രിസ്ത്യാനിയായ ഭാര്യ നത്താലിയായെ അറിയിച്ചു. അവരുടെ വിവാഹം കഴിഞ്ഞു പതിമൂന്ന് മാസം മാത്രമെ ആയിരുന്നുള്ളൂ.

നത്താലിയ ധൃതിപ്പെട്ട് ജയിലിലെത്തി ഭർത്താവായ അഡ്രിയാനെ ബന്ധിച്ചിരുന്ന ചങ്ങലകൾ ചുംബിച്ചുകൊണ്ട് പറഞ്ഞു: ‘‘അഡ്രിയാൻ അങ്ങ് അനുഗ്രഹീതനാണ്. താങ്കളുടെ മാതാപിതാക്കന്മാർ നിനക്കായി ശേഷിപ്പിക്കാത്ത സമ്പത്ത് നീ കണ്ടെത്തിയിരിക്കുന്നു. പിതാവിനോ മാതാവിനോ, മക്കൾക്കോ, സുഹൃത്തുക്കൾക്കോ സഹായിക്കാൻ കഴിയാത്ത ആ നാളിൽ ധനികർക്കും ആവശ്യം വേണ്ട ധനത്തെയാണ് നീ കണ്ടെത്തിയിരിക്കുന്നത്.’’ നത്താലിയാ, അഡ്രിയാനെ വിശ്വാസം പഠിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. അഡ്രിയാൻ നത്താലിയായെ ഭവനത്തിലേക്ക് തിരിച്ചയച്ചു. ജയിലിലെ തന്റെ കാര്യങ്ങൾ അവളെ അറിയിക്കാമെന്നും സത്യം ചെയ്തു.

അഡ്രിയാൻ തന്റെ ശിക്ഷയടുത്തുവെന്ന് അറിഞ്ഞ് തന്റെ ആരാച്ചാർക്ക് കോഴ കൊടുത്ത് ഭാര്യയോട് യാത്ര ചോദിക്കുന്നതിനായി ഭവനത്തിലേക്കു പോയി. അഡ്രിയാൻ സ്വയരക്ഷയ്ക്കായി വിശ്വാസം ത്യജിച്ചാണ് ഭനവത്തിലേക്ക് വരുന്നതെന്ന് കരുതിയ നത്താലിയ അഡ്രിയാൻ ഭവനത്തിനടുത്തുവന്നപ്പോൾ വീടിന്റെ വാതിലടച്ചു. അഡ്രിയാൻ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ അവർ പരസ്പരം ആലിംഗനം ചെയ്തു. അഡ്രിയാന്റെ കൂടെ നത്താലിയയും ജയിലിൽ തിരിച്ചെത്തി. ജയിലിൽ സന്ദർശകരെ അനുവദിച്ചിരുന്നില്ലെങ്കിലും നത്താലിയ തലമുടിവെട്ടി പുരുഷവേഷം ധരിച്ചു കോഴ കൊടുത്തു കഴുകുമരത്തിനടുത്തെത്തി. സ്വർഗ്ഗീയ സന്തോഷത്തിൽ അഡ്രിയാൻ എത്തുമ്പോൾ അവൾ പാപം കൂടാതെ ഈ ലോകത്തിൽ ജീവിക്കുന്നതിനും എത്രയും വേഗം അവനെ അനുഗമിക്കുന്നതിനിടയാകുന്നതിനും പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു.

മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ അവയവങ്ങൾ ഒടിക്കുന്നതിന് നിർദ്ദേശം വന്നപ്പോൾ നത്താലിയ അവളുടെ ഭർത്താവിനെ ആദ്യം പീഡയേൽക്കാൻ അനുവദിക്കണമെന്നപേക്ഷിച്ചു; കാരണം മറ്റു ഇരുപത്തിമൂന്നു പേരുടെ ദൈന്യത കണ്ടു സഹിക്കാനുള്ള സാഹചര്യത്തിൽനിന്നു ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു. അഡ്രിയാന്റെ വധസ്ഥലത്ത് നത്താലിയ സന്നിഹിതയായിരുന്നു. അഡ്രിയാന്റെ അസ്ഥികൾ അടിച്ചു തകർത്ത് അവന്റെ കാലുകളും കൈകളും വെട്ടി മാറ്റി.

അങ്ങനെ അഡ്രിയാൻ രക്തസാക്ഷിയായി. നത്താലിയ അഡ്രിയാന്റെ വേർപ്പെട്ട ഒരു കൈ അവളുടെ വസ്ത്രത്തിൽ ഒളിപ്പിച്ചു.

രക്തസാക്ഷികളുടെ മൃതദേഹങ്ങൾ ഒരിടത്ത് കൂട്ടിയിട്ട് കത്തിച്ചുകളയുന്നതിനായി തീയിട്ടു. ഉടനെ ഒരു പേമാരി ഉണ്ടായി തീ കെടുത്തിക്കളഞ്ഞു. നിക്കോമേദിയായിലെ ക്രിസ്ത്യാനികൾ വിശുദ്ധ അഡ്രിയാന്റെയും സഹരക്തസാക്ഷികളുടെയും തിരുശേഷിപ്പുകൾ ശേഖരിച്ചു. അവ ബൈസന്റിയത്തിനടുത്തുള്ള അർജിയൊപോലീസിൽ കൊണ്ടുപോയി അടക്കം ചെയ്തു. നിക്കോമേദിയായിലെ ഒരു ഉദ്യോഗസ്ഥൻ നത്താലിയയെ വിവാഹം ചെയ്യുന്നതിനാഗ്രഹിച്ച് ഉപദ്രവിച്ചതിനാൽ നത്താലിയ അർജിയോപോലീസിലേക്ക് മാറി താമസിച്ചു. നത്താലിയ അവളുടെ ഭർത്താവായ അഡ്രിയാന്റെ തിരുശേഷിപ്പായ കൈയും അവളോടുകൂടെ അർജിയോപോലീസിലേക്കു കൊണ്ടുപോന്നു. രക്തസാക്ഷികളോടുകൂടെ ഗണിക്കപ്പെടുന്ന നത്താലിയ അർജിയോപോലീസിൽ വച്ച് മരിക്കുകയും രക്തസാക്ഷികളുടെ നിരയിൽ അടക്കപ്പെടുകയും ചെയ്തു. ആഗസ്റ്റ് 26-ാം തീയതി അഡ്രിയാന്റെയും നത്താലിയായുടെയും ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

## 16. രക്തസാക്ഷികളായ കാർപോസും, പാപ്പിലോസും

(c. ഏ. ഡി. 170 ? or c. ഏ. ഡി. 250 ?)

ഏഷ്യാമൈനറിലെ പെർഗാമസിൽ വച്ച് രക്തസാക്ഷികളായ രണ്ടു വിശുദ്ധരാണ് കാർപോസും പാപ്പിലോസും (Smith & Wace, 1877; Farmer, 1997). മാർക്കസ് ഔറേലിയസിന്റെ വാഴ്ചയുടെ കാലത്താണ് ഇവർ രക്തസാക്ഷികളായതെന്ന്കരുതപ്പെടുന്നു. എന്നാൽ ചില ചരിത്രകാരന്മാർ ഇവരുടെ രക്തസാക്ഷിത്വം ഡെസിയസിന്റെ കാലഘട്ടത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏഷ്യാമൈനറിലെ ലിഡിയയിൽ ഗുർഡോസിലെ മെത്രാപ്പോലീത്തയായിരുന്നു കാർപോസ്. പാപ്പിലോസ് തിയാറ്റിറയിലെ ഒരു ശെമ്മാശനായിരുന്നു (Thurston & Attwater, 1990, Vol. II; At-

twater & John, 1996). ഇവരെ രണ്ടുപേരെയും പെർഗാമസിലെ റോമാ ഗവർണറുടെ മുമ്പാകെ കൊണ്ടുവന്നു.

കാർപോസിനോട് പേരെന്തെന്ന് ചോദിച്ചപ്പോൾ മറുപടിയായി പറഞ്ഞു: ''എന്റെ ആദ്യത്തേതും കുലീനവുമായ പേര് ക്രിസ്ത്യാനിയെന്നാണ്. എന്റെ ലോകപ്രകാരമുള്ള പേരാണ് അറിയുവാനാഗ്രഹിക്കുന്നതെങ്കിൽ അത് കാർപോസ് എന്നാണ്.'' ഒപ്റ്റിമസ്(?) എന്നു പേരുള്ള ഒരു റോമാ ഭരണാധികാരി ദേവന്മാർക്ക് ബലി കഴിക്കുന്നതിനായി കാർപോസിനെ ക്ഷണിച്ചു. കാർപോസ് മറുപടിയായി പറഞ്ഞു: ''ഞാനൊരു ക്രിസ്ത്യാനിയാണ്. ഞാൻ ദൈവപുത്രനായ ക്രിസ്തുവിനെ ആരാധിക്കുന്നു. അവൻ നമ്മെ രക്ഷിക്കുന്നതിനും സാത്താന്റെകെണികളിൽ നിന്നു വിടുവിക്കുന്നതിനുമായി വന്നവനാണ്. ഞാൻ ഇതുപോലുള്ള വിഗ്രഹങ്ങൾക്ക് ബലി കഴിക്കുകയില്ല. ഭൂമിയെയും സ്വർഗ്ഗത്തെയും സൃഷ്ടിച്ചിട്ടില്ലാത്ത ഈ ദേവന്മാർ നശിക്കും.'' യിരെമ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് കാർപോസ് പ്രസ്താവിച്ചു: ''ജീവനുള്ളവർ ജീവനില്ലാത്തതിന് ബലി കഴിക്കുകയില്ല.'' മജിസ്ട്രേറ്റ് ചോദിച്ചു: ''ദേവന്മാർ മരിച്ചവരാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? രക്തസാക്ഷി തിരിച്ചു ചോദിച്ചു: ''മരിക്കേണ്ടതിന് അവർ ഒരിക്കലും ജീവിച്ചിരുന്ന മനുഷ്യരായിരുന്നില്ലല്ലോ? തുടർന്ന് കാർപോസിനെ കെട്ടിതൂക്കുകയും തൊലി ഉരിയുകയും ചെയ്തു. തുടർന്ന് പാപ്പിലോസിനെ ഗവർണർ വിചാരണ ചെയ്തു.

ഗവർണർ : താങ്കൾക്ക് മക്കൾ ആരെങ്കിലുമുണ്ടോ?

പാപ്പിലോസ് : വളരെപേർ ഉണ്ട്. അപ്പോൾ കൂടെ നിന്നിരുന്ന ഒരാൾ വിശദീകരിച്ചു; ക്രിസ്ത്യാനികളുടെ ഒരു സംസാര രീതിയാണിത്. ക്രിസ്തീയ വിശ്വാസത്തിൽ മക്കളുണ്ട് എന്നാണർത്ഥമാക്കുന്നത്. ''ദൈവവചനമനുസരിച്ച് എനിക്ക് എല്ലാ പട്ടണങ്ങളിലും ദേശങ്ങളിലും മക്കളുണ്ട്''. ഭരണാധികാരി ക്ഷമകെട്ടു ചോദിച്ചു: നിങ്ങൾ ദേവന്മാർക്ക് ബലി കഴിക്കുമോ ഇല്ലയോ? പാപ്പിലോസ് മറുപടിയായി പറഞ്ഞു: ''ഞാൻ എന്റെ ദൈവത്തെ യൗവ്വനകാലം മുതൽ സേവിക്കുന്നു. ഞാൻ ഒരിക്കലും വിഗ്രഹങ്ങൾക്ക് ബലി കഴിച്ചിട്ടില്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണ്.

എത്ര ചോദിച്ചാലും താങ്കൾക്ക് അങ്ങനെ ഒരു മറുപടി മാത്രമേ എന്നിൽനിന്ന് കിട്ടുകയുള്ളൂ. അതിനെക്കാൾ അധികമായോ ശ്രേഷ്ഠമായോ ഒന്നും എനിക്ക് പറയുവാനാകില്ല.'' ഉടനെ പാപ്പി ലോസിനെ കെട്ടി തൂക്കുകയും ഇരുമ്പ് ചീപ്പു കൊണ്ട് ക്രൂരമായി ചുരണ്ടുകയും ചെയ്തു.

കാർപോസിനെയും പാപ്പിലോസിനെയും ജീവനോടെ ദഹിപ്പിക്കുന്നതിന് ശിക്ഷിക്കപ്പെട്ടു. ആദ്യം പാപ്പിലോസാണ് ഈ വിധം ശിക്ഷിക്കപ്പെട്ടത്. കാർപോസിനെ ഒരു മരക്കുറ്റിയിൽ ചേർത്ത് കെട്ടിയപ്പോൾ അദ്ദേഹം പുഞ്ചിരിക്കുകയായിരുന്നു. കൂടെനിന്നിരുന്ന ഒരാൾ ചോദിച്ചു: ''താങ്കൾ എന്തു നോക്കിയാണ് പുഞ്ചിരിക്കുന്നത്?'' അദ്ദേഹം മറുപടിയായി പറഞ്ഞു: ''ഞാൻ ദൈവമഹത്വം കണ്ടു, അതിനാൽ സന്തോഷവാനാണ്.'' അഗ്നിനാള ങ്ങൾ കാർപോസിനെ വിഴുങ്ങികൊണ്ടിരുന്നപ്പോൾ അദ്ദേഹം അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു: ''പാപിയായ എന്നെ ഈ ഓഹരിക്കു യോഗ്യനാക്കിയതിനാൽ ദൈവപുത്രനായ ഞങ്ങളുടെ നാഥനായ യേശുമശിഹാ, അങ്ങ് മഹത്വവാനാണ്.''കാർപോസി ന്റെയും പാപ്പിലോസിന്റെയും പെരുന്നാൾ ഒക്ടോബർ 13-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 17. കന്യകയും രക്തസാക്ഷിയുമായ വിശുദ്ധ യൂഫേമിയ

(ഏ. ഡി. ? - 303 ?)

ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ പീഡയിൽ (ഏ. ഡി. 307 ഗലേറിയസിന്റെ പീഡയിൽ ?) കൽക്കിദൂനിൽ വച്ച് രക്തസാക്ഷിയായ വിശുദ്ധയാണ് യൂഫേമിയ. ഏറസ് എന്ന ഒരു ദേവന്റെ ഉത്സവത്തിൽ പങ്കെടുക്കുന്നതിന് യൂഫേമിയ വിസമ്മതിച്ചു. പ്രിസ്കസ് എന്ന റോമാ ഭരണാധികാരിയുടെ നിർദ്ദേശപ്രകാരം യൂഫേമിയ പീഡിപ്പിക്കപ്പെട്ടു (Smith & Wace, 1880). യൂഫേമിയ നിരവധിയായ പീഡനങ്ങൾ ഏൽക്കേണ്ടിവന്നു. അവളുടെ പല്ലു

കൾ കൊട്ടുവടികൊണ്ട് അടിച്ചു തകർത്തു, തല പുറകോട്ട് തിരിച്ചു, മുഖമെല്ലാം മാന്തിപ്പറിച്ച് തൽഫലമായി യൂഫേമിയയുടെ മുഖവും മുടിയും വസ്ത്രവുമെല്ലാം രക്തത്തിൽ കുതിർന്നു (Thurston & Attwater, 1990, Vol. III). ഈ പീഡനങ്ങളുടെ രത്നചുരുക്കം റോമൻ രക്തസാക്ഷികളുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ ജയിലിലിടയ്ക്കുക, ചാട്ടവാറുകൊണ്ടടിക്കുക, അഗ്നിയിലിടുക, ചക്രത്തിൽ കറക്കുക, കല്ലെറിയുക, വന്യമൃഗങ്ങൾക്ക് ഇരയാക്കുക, ഇരുമ്പ് ചീപ്പുകൊണ്ട് ചീകുക, വറചട്ടിയിലിടുക, കൂർത്ത മുനയുള്ള ആണികൊണ്ട് കുത്തുക എന്നിവയാണ്. ഒടുവിൽ യൂഫേമിയയെ വന്യമൃഗങ്ങൾക്ക് ഇരയാക്കി.

വിശുദ്ധ യൂഫേമിയയുടെ മധ്യസ്ഥതയാൽ അനവധി അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. വിവിധ നിലകളിലുള്ള ആളുകൾ യൂഫേമിയയുടെ മധ്യസ്ഥയാൽ അനുഗ്രഹം പ്രാപിക്കുന്നതിനായി കൽക്കിദൂനിലേക്ക് ഓടിക്കൂടി. കൽക്കിദൂനിൽ യൂഫേമിയയുടെ നാമത്തിൽ ഒരു വലിയ ദൈവാലയം നിർമ്മിക്കുകയുണ്ടായി. ഈ ദൈവാലയത്തിലാണ് ഏ. ഡി. 451 ൽ കൽക്കിദൂനാ സുന്നഹദോസ് നടന്നത്. സെപ്തംബർ 16-ാം തീയതി യൂഫേമിയയുടെ ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

## 18. വിശുദ്ധരായ താറോക്കോസ്, പ്രോക്കോസ്, അദ്രോണിക്കോസ്

(ഏ. ഡി. ? - 304)

ഡയോക്ലീഷ്യൻ, മാക്സിമിയാൻ എന്നിവരുടെ പീഡനകാലഘട്ടത്തിൽ വടക്കൻ സിറിയയിലെ എൻസർബയിൽ രക്തസാക്ഷികളായവരാണ് താറാക്കോസ്, പ്രോക്കോസ്, അദ്രോണിക്കോസ് എന്നിവർ. ഐസൂറിയായിലെ ക്ലൗടിയൊപൊലീസിൽ ജനിച്ച ഒരു റോമാക്കാരനാണ് താറോക്കോസ്. പംഫീല്യയിലെ സൈദിൽ ജനിച്ച ത്രാസിൽ നിന്നുള്ളയാളാണ് പ്രോക്കോസ്. അദ്രോണിക്കോസ് എഫേസൂസിൽനിന്നുള്ള ഒരു റോമൻ കുടുംബത്തിൽപ്പെട്ട വ്യക്തിയാണ് (Thurston & Attwater, 1990, Vol. IV).

ഡയോക്ലീഷ്യന്റെയും മാക്സിമിയാന്റെയും പീഡയുടെ നാളുകളിൽ സിലിസിയായിലെ പൊംപിയൊപൊലീസിൽ വച്ച് ഈ മൂന്നു രക്തസാക്ഷികളും പിടിക്കപ്പെട്ടു. അവരെ തർസോസ്, മൊപ്സീഷ്യ, എൻസർബ എന്നീ സ്ഥലങ്ങളിൽ വച്ച് മക്സിമസും, ടിമിട്രിയസും കൂടി ചോദ്യം ചെയ്തു. ചോദ്യം ചെയ്യലിന്റെ പ്രസക്തഭാഗങ്ങൾ മാത്രമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്.

| | | |
|---|---|---|
| മക്സിമസ് | : | താറോക്കോസ്, താങ്കളുടെ നരച്ച മുടി പരിഗണിക്കൂ. ഞങ്ങളുടെ യജമാനന്മാരുടെ കൽപനകൾ നീ പാലിക്കുമെങ്കിൽ നിനക്കു അതിനുള്ള സമ്മാനം തരാം. ലോകത്തിന്റെ യജമാനന്മാരായ ചക്രവർത്തിമാർ ദേവന്മാർക്കു ബലികഴിക്കുന്നതുപോലെ താങ്കളും ചെയ്യൂ. |
| താറോക്കോസ് | : | അങ്ങനെ ചെയ്യുന്നതിനാൽ അവർ പിശാചിനാൽ വഞ്ചിതരായിരിക്കുന്നു. |
| മക്സിമസ് | : | ചക്രവർത്തി വഞ്ചിതനായിരിക്കുന്നുവെന്നു പറഞ്ഞതിനാൽ അവന്റെ താടിയെല്ല് തച്ചുടക്കൂ. |
| താറോക്കോസ് | : | ഞാൻ അതുതന്നെ ആവർത്തിക്കുന്നു. മനുഷ്യരെന്ന നിലയിൽ അവർ തെറ്റായതിനെ സത്യമെന്ന രീതിയിൽ സ്വീകരിക്കുന്നു. |
| മക്സിമസ് | : | ദേവന്മാർക്ക് ബലികഴിച്ച് ഇതുപോലെയുള്ള സൂക്ഷ്മമായ വിശകലനങ്ങൾ ഉപേക്ഷിക്കൂ. |
| താറോക്കോസ് | : | എനിക്ക് ദൈവത്തിന്റെ നിയമങ്ങൾ ഉപേക്ഷിക്കാൻ കഴിയുകയില്ല. അപ്പോൾ ശതാധിപനായ ടിമിട്രിയോസ് പറഞ്ഞു: ''നീ ബലികഴിച്ച് നിന്നെ തന്നെ രക്ഷിക്കുന്നതിന് ഞാൻ ഉപദേശിക്കുന്നു''. താറോക്കോസ് മറുപടിയായി പറഞ്ഞു: ''നിന്റെ ഉപദേശം നിന്റെ കൈയിൽ ഇരിക്കട്ടെ.'' തുടർന്ന് താറോക്കോസിനെ ചങ്ങലയിട്ടു കാരാഗൃഹത്തിലാക്കുന്നതിനും അടുത്തയാളെ കൊണ്ടുവരുന്നതിനും മക്സിമസ് ഉത്തരവിട്ടു. |

മക്സിമസ് : നീ ദേവന്മാർക്ക് ബലികഴിച്ച് എന്റെ ചങ്ങാത്തം ആസ്വദിക്കൂ.

പ്രോക്കോസ് : ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. ഞാൻ ഒരിക്കൽ വലിയ ധനികനായിരുന്നു. അതെല്ലാം ഉപേക്ഷിച്ചാണ് ജീവനുള്ള ദൈവത്തെ സേവിക്കുന്നതിന് തീരുമാനിച്ചത്.

മക്സിമസ് : അവന്റെ വസ്ത്രമുരിഞ്ഞ് അവനെ കാളയുടെ ചാട്ടകൊണ്ട് അടിക്കൂ.

ശതാധിപനായ ടിമിട്രിയസ് അവനെ അടിച്ചുകൊണ്ടിരുന്നപ്പോൾ പറഞ്ഞു: ''നീ നിന്നെത്തന്നെ രക്ഷിക്കൂ. നിന്റെ രക്തം ഒഴുകുന്നതു നീ കാണുന്നില്ലേ?''

പ്രോക്കോസ് : എന്റെ ശരീരത്തോട് നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നതു ചെയ്യൂ. നിങ്ങളുടെ പീഡനങ്ങൾ എനിക്ക് മധുരമാണ്.

മക്സിമസ് : വിഢിയായ മനുഷ്യാ, നിന്റെ ശക്തമായ നിലപാട് മാറ്റിയെടുക്കാൻ സാധ്യമല്ലേ?

പ്രോക്കോസ് : ഞാൻ പിശാചുക്കളെ ആരാധിക്കാത്തതിനാൽ നിന്നേക്കാൾ ബുദ്ധിമാനാണ്.

മക്സിമസ് : അവനെ തിരിച്ചു നിർത്തി അവന്റെ വയറിൽ അടിപ്പീൻ.

പ്രോക്കോസ് : നാഥാ! നിന്റെ ദാസനെ സഹായിക്കേണമേ.

മക്സിമസ് : ഓരോ അടി അടിക്കുമ്പോഴും അവന്റെ സഹായകൻ എവിടെ എന്ന് ചോദിക്കണം.

പ്രോക്കോസ് : ഞാൻ നിങ്ങളുടെ പീഡനങ്ങളെ ഗണ്യമാക്കുന്നില്ല. ഞാൻ നിങ്ങളെ അനുസരിക്കുകയുമില്ല. എന്റെ സഹായകൻ എന്നെ സഹായിക്കുന്നു. സഹായിക്കുകയും ചെയ്യും.

മക്സിമസ് : നിന്റെ മുറിവേറ്റ ശരീരവും രക്തം തളം കെട്ടി നിൽക്കുന്ന തറയും വിഢിയായ നീ കാണുന്നില്ലേ?

പ്രോക്കോസ് : എന്റെ ശരീരം കൂടുതൽ പീഡയേൽക്കുമ്പോൾ എന്റെ ആത്മാവ് കൂടുതൽ ശക്തിയാർജ്ജിക്കുന്നു.

അതിനുശേഷം പ്രോക്കോസിനെ കൊണ്ടുപോകുന്നതിനും മൂന്നാമനായ അഡ്രോണിക്കോസിനെ കൊണ്ടുവരുന്നതിനും ആജ്ഞാപിച്ചു. അദ്ദേഹവും ദേവന് ബലി കഴിക്കുന്നതിന് വിസമ്മതിക്കുകയും ടിമിട്രിയോസിന്റെ പ്രലോഭനങ്ങൾ ഗൗനിക്കാതിരിക്കുകയും ചെയ്തു. അതിനാൽ അഡ്രോണിക്കോസിനെയും ജയിലിലടച്ചു. രണ്ടാമത്തെ വിചാരണ മൊപ്സീഷ്യയിൽവച്ച് മക്സിമോസ് നടത്തി. അഡ്രോണിക്കോസിന്റെ കഴിഞ്ഞ പീഡനത്തിലെ മുറിവുകൾ പൂർണ്ണമായും ഉണങ്ങിയതായി കാണിച്ചുകൊടുത്തു.

മക്സിമോസ് : തെമ്മാടികളേ! ഇവരെ ആരേയും കാണാൻ അനുവദിക്കരുതെന്നും അവരുടെ മുറിവുകൾ വച്ചുകെട്ടരുതെന്നും ഞാൻ നിങ്ങളെ വിലക്കിയിരുന്നില്ലേ?

ജയിലിലെ വാർഡനായ പെഗാസസ് മറുപടിയായി പറഞ്ഞു: ആരും ഇവരെ കണ്ടിട്ടില്ലെന്നും ഇവരുടെ മുറിവുകളിൽ ആരും ഒന്നും പുരട്ടിയിട്ടില്ലെന്നും ഞാൻ ആണയിടുന്നു. ഇദ്ദേഹത്തെ ചങ്ങലയിട്ട് ജയിലിന്റെ ഏറ്റവും ഉള്ളിലെ അറയിലാണ് പാർപ്പിച്ചിരുന്നത്.

മക്സിമസ് : പിന്നെ എങ്ങനെ അവന്റെ മുറിവുകളൊന്നും കാണാൻ കഴിയുന്നില്ല.

പെഗാസസ് : എനിക്കറിഞ്ഞുകൂടാ

അഡ്രോണിക്കോസ് : മൂഢനായ മനുഷ്യാ, ഞങ്ങളുടെ രക്ഷകനായ വൈദ്യൻ ശക്തനാണ്. അവനിൽ സങ്കേതം പ്രാപിക്കുന്നവരെയും അവനെ ആരാധിക്കുന്നവരെയും അവൻ ഔഷധം കൊണ്ടല്ല വചനം കൊണ്ടു സൗഖ്യമാക്കും. അവൻ സ്വർഗ്ഗത്തിൽ വസിക്കുന്നവനെങ്കിലും സർവ്വ വ്യാപിയാണ്. എന്നാൽ നിങ്ങൾ അവനെ അറിയുന്നില്ല.

മക്സിമസ് : ഈ അർത്ഥശൂന്യമായ സംസാരം നിന്നെ

സഹായിക്കുകയില്ല. ബലികഴിക്കുന്നില്ലെങ്കിൽ നിന്റെ അവസാനമാണിത്.

അഡ്രോണിക്കോസ് : ഞാൻ എന്റെ മറുപടികൾ മാറ്റം വരുത്തുകയില്ല. എന്നെ ഭയപ്പെടുത്തിയോ പ്രശംസിച്ചോ മാറ്റിയെടുക്കാൻ ഞാനൊരു കൊച്ചുകുട്ടിയല്ല.

മൂന്നാമത്തെ വിചാരണ എൻസർബയിൽ വച്ചായിരുന്നു. അവർ മൂന്നുപേരും അവരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. അതിനാൽ അവരെ മൂന്നു പേരെയും പീഡനങ്ങൾക്കു വിധേയമാക്കി ഒടുവിൽ വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുത്തു. എൻസർബയിൽനിന്നു ഒരു മൈൽ ദൂരെയുള്ള ഒരു പ്രകടന സ്ഥലത്ത് ഈ പൊതുപ്രകടനം സംഘടിപ്പിക്കുന്നതിന് ഉത്തരവായി. ഒരു കരടി, ഒരു പെൺസിംഹം, മറ്റു മൃഗങ്ങൾ എന്നിവയെ മൂന്നു ക്രിസ്ത്യാനികളുടെ ഇടയിലേക്ക് അഴിച്ചുവിട്ടു. അവർ താറാക്കോസ്, പ്രോക്കോസ്, അഡ്രോണിക്കോസ് എന്നിവരുടെ മുറിവുകൾ നക്കുകയും അവരെ തൊട്ടുരുമ്മി നിൽക്കുകയും അവർക്ക് യാതൊരു ഉപദ്രവും വരുത്താതിരിക്കുകയും ചെയ്തു. മക്സിമസ് ക്രുദ്ധനായി ഇവരെ ശിരഛേദനം ചെയ്യുന്നതിനു കൽപിച്ചു. അവരുടെ മൃതശരീരത്തിന് കാവൽ ഏർപ്പെടുത്തി. രാത്രിയിൽ ശക്തമായ കാറ്റും മഴയും ഇടിമിന്നലുമുണ്ടാകുകയും കാവൽക്കാർ ചിതറിപ്പോവുകയും ചെയ്തു. ഒരു അത്ഭുതകരമായ പ്രകാശ രശ്മി ഈ മൂന്നു രക്തസാക്ഷികളുടെ മൃതശരീരത്തിലും പതിക്കുകയും അവരെ തിരിച്ചറിയുന്നതിന് സാധ്യമാകുകയും ചെയ്തു. വിശ്വാസികൾ ഈ മൂന്നു ശരീരങ്ങൾ അവരുടെ പുറത്ത് വഹിച്ചുകൊണ്ട് അടുത്തുള്ള മലയിലെ ഒരു ഗുഹയിൽ സൂക്ഷിച്ചു. എൻസർബയിലെ വിശ്വാസികൾ ഈ വിവരം ഐകോണിയയിലെ പള്ളിയിലും പിസിദ്യ, പംഫുല്യ എന്നീ ദേശങ്ങളിലെ വിശ്വാസികളെയും അറിയിച്ചു.

വടക്കെ സിറിയയിലുള്ള എൻസർബയിലെ താറോക്കോസ്, പ്രോക്കോസ്, അഡ്രോണിക്കോസ് എന്നിവരുടെ പെരുന്നാൾ സുറിയാനി സഭ ഒക്ടോബർ 12-ാം തീയതി ആഘോഷിക്കുന്നു.

# 19. അത്ഭുതപ്രവർത്തകനായ വിശുദ്ധ ഗ്രിഗറി

(c. ഏ. ഡി. 213? – 268)

ഗ്രിഗറി മുമ്പ് തിയഡോർ എന്നറിയപ്പെട്ടിരുന്നു. ഇദ്ദേഹം പിന്നീട് അത്ഭുതപ്രവർത്തകൻ എന്നറിയപ്പെട്ടു. പൊന്തോസിലെ നിയൊ കൈസര്യയിൽ ഉന്നതരായ വിജാതീയരായ മാതാപിതാക്കളുടെ മകനായി ഗ്രിഗറി ജനിച്ചു (Thurston & Attwater, 1990, Vol. IV; Attwater & John, 1996; Farmer, 1997).

ഗ്രിഗറിക്ക് പതിന്നാലു വയസ്സുള്ളപ്പോൾ പിതാവ് നിര്യാതനായെങ്കിലും ഗ്രിഗറി അഭിഭാഷക ജോലിക്കുവേണ്ടി പഠനം തുടർന്നു. കൈസര്യായിൽ ഉദ്യോഗസ്ഥനായ പ്രതിശ്രുത വരനുമായി ചേരുന്നതിനുവേണ്ടി ഗ്രിഗറിയുടെ സഹോദരി കൈസറിയയിലേക്ക് മാറി താമസിച്ചപ്പോൾ ഗ്രിഗറിയും അതോടൊപ്പം കൈസര്യായിൽ താമസമാക്കി. ഗ്രിഗറി ബെയ്റൂട്ടിൽ നിയമം തുടർന്നു പഠിക്കാനാഗ്രഹിച്ചെങ്കിലും കൈസര്യായിൽവച്ച് ഒറിഗണുമായുള്ള കൂടിക്കാഴ്ചയും ആശയവിനിമയവും ഗ്രിഗറിയുടെ പദ്ധതികൾ മാറ്റി മറിച്ചു. അങ്ങനെ ഇരുപതാം വയസ്സിൽ ഗ്രിഗറിയും സഹോദരനായ അത്തനഡോറും ക്രിസ്തുമതം സ്വീകരിക്കുകയും അഞ്ചുവർഷങ്ങൾ (ഏ. ഡി. 233 - 238) ഒറിഗണിന്റെ ശിഷ്യരായിരിക്കുകയും ചെയ്തു.

ഒരു സുവിശേഷകനെന്ന നിലയിൽ ഗ്രിഗറി പൊന്തൊസിലേക്കു മടങ്ങിയെങ്കിലും താമസിയാതെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. കുറച്ചു വർഷങ്ങൾകൊണ്ട് ആ പട്ടണത്തിലെ മുഴുവൻ ജനത്തെയും ഗ്രിഗറി തന്റെ തീക്ഷ്ണതയാൽ ക്രിസ്ത്യാനികളാക്കി. ഗ്രിഗറിയുടെ അപ്പോസ്തോലിക പ്രവർത്തനങ്ങൾ നടന്നത് യുദ്ധം, പ്ലേഗ്, ഡെസിയസിന്റെ പീഡനം (ഏ. ഡി. 250) എന്നീ പ്രതികൂലസാഹചര്യങ്ങളിലായിരുന്നു.

പീഡനത്തിന്റെ കാലഘട്ടത്തിൽ വിശുദ്ധ ഗ്രിഗറി വിശ്വാസികളോട് വിശ്വാസം നഷ്ടമാകാതിരിക്കുന്നതിന് ഒളിവിൽ കഴിയുന്നതിന് ഉപദേശിച്ചു. ഗ്രിഗറി തന്റെ ശെമ്മാശനോടുകൂടെ (ഇദ്ദേഹം മുമ്പ് ഒരു വിജാതീയ പുരോഹിതനായിരുന്നു) ഒരു മരുഭൂമിയിലേക്ക് പിൻവാങ്ങി. ഒരു മലമുകളിൽ ഗ്രിഗറി ഒളിച്ചിരിക്കുന്നുവെന്ന് പീഡകരെ അറിയിച്ചതനുസരിച്ച് പിടികൂടുന്നതിനായി പട്ടാളക്കാരെ അയച്ചു. പട്ടാളക്കാർ തെരഞ്ഞു

ചെന്നപ്പോൾ രണ്ടു മരങ്ങൾ മാത്രമാണ് അവിടെ കണ്ടത്. തുടർന്ന് അവിടെ ഒളിച്ചിരിക്കുന്നുവെന്ന വിവരം അറിയിച്ചയാൾ വീണ്ടും അവിടെ ചെന്നു നോക്കിയപ്പോൾ മെത്രാപ്പോലീത്തായും ശെമ്മാശനും പ്രാർത്ഥനാനിരതരായിരിക്കുന്നതായി കണ്ടു. ഇത് അത്ഭുതകരമായ അവരുടെ രക്ഷയ്ക്കുള്ള പദ്ധതിയായി തിരിച്ചറിഞ്ഞ് അയാൾ ക്രിസ്ത്യാനിയായി.

വിശുദ്ധ ബേസിലിലും (എ. ഡി. 329-379) വിശുദ്ധ നിസയിലെ ഗ്രിഗറിയും അവരുടെ വല്യമ്മയായ വിശുദ്ധ മക്രീനയിൽ നിന്ന് കേട്ട് മനസ്സിലാക്കിയതനുസരിച്ച് അത്ഭുതപ്രവർത്തകനായ വിശുദ്ധ ഗ്രിഗറി ചെയ്ത അത്ഭുതങ്ങൾ എണ്ണി പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ നാമത്തിൽ ഒരു നദിയുടെ ഗതി മാറ്റിയതും; ഒരു തടാകത്തെപ്രതി വിരുദ്ധപ്പെട്ടിരുന്ന രണ്ടു സഹോദരങ്ങളെ രഞ്ജിപ്പിക്കുന്നതിന് തടാകം വറ്റിച്ചതും, ഒരു മലയുടെ സ്ഥാനം മാറ്റിയതും, ഭാവിയെ സംബന്ധിച്ച് പ്രവചിച്ചതുമെല്ലാം അതിലുൾപ്പെടുന്നു. ഗ്രിഗറിയുടെ സുഹൃത്തുക്കളും ശത്രുക്കളുമെല്ലാം ഗ്രിഗറിയെ മോശയെപോലെ കരുതിയിരുന്നു.

ഗ്രിഗറി തന്റെ മരണത്തിനു മുമ്പ് പട്ടണത്തിൽ അവശേഷിച്ച അവിശ്വാസികളായ പതിനേഴ് പേരുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. തന്റെ മരണശേഷം തന്റെ കബറടക്കത്തിനായി പ്രത്യേക സ്ഥലം ക്രമീകരിക്കരുതെന്നും താൻ ഈ ലോകത്തിൽ ഒരു തീർത്ഥാടകനായതിനാൽ തന്റെ മരണശേഷവും എല്ലാവർക്കുമുള്ള സാധാരണ സ്ഥലത്ത് താനും സന്തുഷ്ടനാണെന്നും തന്റെ അനുയായികളോട് കൽപിച്ചു. കലാബ്രിയായിലെ ബൈസറ്റിയൻ ആശ്രമത്തിലേക്ക് ഗ്രിഗറിയുടെ ഭൗതിക ശരീരം കൊണ്ടുപോയി അടക്കി. വിശുദ്ധ ഗ്രിഗറിയുടെ ഓർമ്മ പെരുന്നാൾ നവംബർ 16–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 20. തുറബ്ദീനിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ ഗബ്രിയേൽ

(ഏ. ഡി. 594 – 668?)

നാലാം നൂറ്റാണ്ട് മുതൽ എട്ടാം നൂറ്റാണ്ടു വരെ മെസപ്പൊട്ടാമിയയിൽ (ബെസ് നഹറിൻ) വളരെയേറെ സന്യാസികൾ വസിച്ചിരുന്നു. അവരിൽ ഏറ്റവും ശോഭിച്ചിരുന്ന ഒരു നക്ഷത്രമായിരുന്നു ഗബ്രിയേൽ. ഇദ്ദേഹം ഏ. ഡി. 594ൽ ബെസ്കുസ്താനിൽ ജനിച്ചു. ആ ഗ്രാമത്തിലെ പള്ളിയിൽ ഒരു ശെമ്മാശനാകുന്നതിന് ഗബ്രിയേൽ തെരഞ്ഞെടുക്കപ്പെട്ടു (JSC, 2014). ഗബ്രിയേലിന്റെ മാതാപിതാക്കൾ ഗബ്രിയേലിനെ വിവാഹം കഴിപ്പിക്കാനാഗ്രഹിച്ചെങ്കിലും ഗബ്രിയേൽ അതു നിരസിച്ചു.

ഒരു രാത്രിയിൽ ഗബ്രിയേൽ വീടു വിട്ടിറങ്ങുകയും ഒരു ആശ്രമത്തിലെ ദയറാധിപനായ ഗീവറുഗീസിനെ കണ്ടുമുട്ടുകയും ചെയ്തു. ഗീവറുഗീസ് ഗബ്രിയേലിനെ സ്വീകരിക്കുകയും പിന്നീട് ദയറാവസ്ത്രങ്ങൾ അണിയിക്കുകയും ചെയ്തു. ഗബ്രിയേൽ പ്രാർത്ഥനയിലും ധ്യാനത്തിലും സമയം ചിലവഴിക്കുകയും കേവലം രണ്ടു മണിക്കൂർ മാത്രം ഉറങ്ങുകയും ചെയ്തുവന്നു. ഇദ്ദേഹം ഒരു ഇരുമ്പുചട്ട ധരിക്കുകയും അതിനു മുകളിൽ ആട്ടിൻതോലുകൊണ്ടുള്ള ഒരു വസ്ത്രം ധരിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹം ആശ്രമത്തിൽ താമസിച്ചിരുന്ന ഏഴു വർഷം മാതാപിതാക്കന്മാർ ഇദ്ദേഹത്തെ സന്ദർശിക്കുകയും ഇദ്ദേഹത്തിന്റെ ജീവിതചര്യകൾ കണ്ട് സങ്കടപ്പെടുകയും ചെയ്തിരുന്നു. എന്നാൽ തന്റെ ജീവിതം ദൈവത്തിനു പ്രസാധകരമായ ബലിയായർപ്പിക്കുന്നതിൽ ഗബ്രിയേൽ സന്തുഷ്ടനായിരുന്നു.

തന്റെ മാതാപിതാക്കന്മാരും ബന്ധുക്കളും ഇടയ്ക്കിടെ തന്നെ സന്ദർശിക്കുന്നത് ഒഴിവാക്കുന്നതിനായി ദൂരസ്ഥലത്തേക്ക് പോകുന്നതിന് ഗബ്രിയേൽ ആഗ്രഹിച്ചു. ദയറാധിപൻ ഗബ്രിയേലിന്റെ അപേക്ഷ സ്വീകരിച്ച് അവനെ പോകാനനുവദിച്ചു. തുടർന്ന് ഗബ്രിയേൽ ശെമവൂന്റെ ആശ്രമത്തിൽ ചേർന്നു. കുറച്ചു വർഷങ്ങൾക്കുശേഷം ഗബ്രിയേലിനെ ആ ദയറായുടെ അധിപനായി ഉയർത്തി. ആശ്രമത്തിലെ അന്തേവാസികളാരും ഭക്ഷണമേശയിൽ ഭക്ഷണ സാധനങ്ങളൊന്നും കൊണ്ടുവരരുതെന്ന് ഗബ്രിയേൽ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം ലംഘിച്ച് സലാടും

മറ്റു ഭക്ഷണപദാർത്ഥങ്ങളും ഭക്ഷണമേശയിൽ കൊണ്ടുവന്ന രണ്ടു അന്തേവാസികളായ സന്യാസികൾ തീൻ മേശയ്ക്കരികിൽ മൃതിയടഞ്ഞു.

ജീവിച്ചിരുന്നപ്പോൾ തന്നെ ഗബ്രിയേലിന്റെ മദ്ധ്യസ്ഥത പ്ര സിദ്ധമായിരുന്നു. ഗബ്രിയേൽ ദയറായുടെ തലവനായിരുന്നപ്പോൾ അറേബ്യയിൽ നിന്ന് ഒരാൾ ദയറായിൽ വന്നു. അയാൾ ധാരാളം അടിമകളും, ഒട്ടകങ്ങളും, മറ്റു സാധനങ്ങളുമായാണ് വന്നിരുന്നത്. ദയറായിലെ യൂഹാനോൻ എന്ന വൃദ്ധനായിരുന്ന ഒരു സന്യാ സിയെ അയാൾ ആയിരം സ്വർണ്ണനാണയങ്ങൾ ഏൽപിച്ചു. അദ്ദേഹം മടങ്ങിവരുമ്പോഴോ അല്ലെങ്കിൽ അയാളുടെ കുറിപ്പുമായി വരുന്ന ആളിനോ ആ സ്വർണ്ണനാണയങ്ങൾ കൊടുക്കണമെന്നാണ് (വടക്കോട്ട് യാത്ര ചെയ്തിരുന്ന) അയാൾ യൂഹാനോനോട് പ റഞ്ഞിരുന്നത്. യൂഹാനോനും അദ്ദേഹത്തിനു മാത്രമറിയാവുന്ന ഒരു സ്ഥലത്തായിരുന്നു ആ നാണയങ്ങൾ കുഴിച്ചിട്ടിരുന്നത്.

മൂന്ന് വർഷങ്ങൾക്കുശേഷം അദ്ദേഹം ദയറായിൽ മടങ്ങിവന്നു. എന്നാൽ യൂഹാനോൻ രണ്ടു വർഷങ്ങൾ കഴിഞ്ഞ പ്പോൾ നിര്യാതനായിരുന്നു. യൂഹാനോന്റെ ശിഷ്യനെ വിളിച്ചു സ്വർണ്ണനാണയങ്ങൾ എവിടെ എന്നന്വേഷിച്ചു. അതെവിടെയെന്ന ദ്ദേഹത്തിന് അറിയാമായിരുന്നില്ല. അതിനാൽ അദ്ദേഹത്തെ ഉപ ദ്രവിക്കുകയുണ്ടായി. ഈ വിവരം ഗബ്രിയേലിന്റെ അടുക്കലെത്തി. ഗബ്രിയേൽ പറഞ്ഞു: ''നമുക്കു നിര്യാതനായ യൂഹാനോ നോടു ചോദിക്കാം''. അവരെല്ലാം യൂഹാനോന്റെ കബറിന രികെ എത്തി. ഗബ്രിയേൽ നിരപരാധിയായ യൂഹാനോന്റെ ശി ഷ്യനെ രക്ഷിക്കുന്നതിനായി പ്രാർത്ഥിച്ചു. ഇപ്രകാരം പറയുന്ന ഒരു ശബ്ദം കേട്ടു: ''അതു കുഴിച്ചിട്ടിടത്തു തന്നെ ഉണ്ട്''. ആ (അറേബ്യക്കാരനായ) മനുഷ്യൻ കബർ തുറന്ന് താൻ കണ്ടുമുട്ടിയ യൂഹാനോൻ തന്നെയാണോ കബറിലുള്ളതെന്ന് കാണുന്നതിനാ ഗ്രഹിച്ചു. കബർ തുറന്ന് മൃതശരീരം പൊതിഞ്ഞിരുന്ന തു ണികൾ നീക്കി. ആ മനുഷ്യൻ യൂഹാനോനെ ചുംബിച്ച് ഇപ്ര കാരം പറഞ്ഞു. ക്രിസ്ത്യാനികളുടെ ദൈവമാണ് യഥാർത്ഥ ദൈവം. അദ്ദേഹം സ്വർണ്ണനാണയത്തിന്റെ ഒരു ഭാഗം തന്റെ വേലക്കാർക്കായി ഭാഗിച്ചു കൊടുത്തു. ശേഷിച്ചിരുന്ന എല്ലാ സമ്പത്തും ദയറായിലേക്ക് ദാനം ചെയ്തു. അദ്ദേഹം യൂഹാനോൻ എന്ന പേരിൽ മാമോദീസാ സ്വീകരിച്ചു. അദ്ദേഹം ആ ദയറായിൽ ചേർന്ന് സന്യാസവൃതം സ്വീകരിച്ചു.

ഏ. ഡി. 634ൽ (നാൽപതു വയസ്സുള്ളപ്പോൾ) ഗബ്രിയേൽ മോർ ദാനിയേലിന്റെ പിൻഗാമിയായി തുറബ്ദീനിലെ മെത്രാപ്പോലിത്താ സ്ഥാനമേറ്റു. പാത്രിയർക്കീസായിരുന്ന മോർ അത്താനാസിയോസാണ്(?) ഗബ്രിയേലിനെ മെത്രാപ്പോലീത്തയായി വാഴിച്ചത്. (ഏ. ഡി. 595 മുതൽ ഏ. ഡി 631 വരെ മോർ അത്താനാസിയോസ് ഒന്നാമൻ ഗമോലൊ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു). മോർ ഗബ്രിയേൽ ജസീറാ ദ്വീപിലേക്കു സന്ദർശനത്തിനായി പോകുകയും അവിടുത്തെ ഭരണാധികാരി ആദരവോടെ അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. മാത്രവുമല്ല, ക്രിസ്ത്യാനികൾക്കുവേണ്ട എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഒരു വിധവയുടെ മകനായ യാക്കോബിന് (സിൻഗൂൻ) ഗബ്രിയേലിന്റെ മദ്ധ്യസ്ഥതയാൽ ജീവൻ തിരികെ കിട്ടി. ഇതിനു സമാനമായ മറ്റൊരു അത്ഭുതത്താൽ ഊലിൽ എന്ന ഗ്രാമത്തിൽ ഒരു യുവാവിനെ ജീവിതത്തിലേക്കു വിളിച്ചു. നിരവധി അത്ഭുതങ്ങൾ തന്റെ ജീവിതകാലത്ത് ഗബ്രിയേൽ പ്രവർത്തിച്ചു. തന്റെ ജീവതാന്ത്യം അടുത്തുവെന്നറിഞ്ഞ മോർ ഗബ്രിയേൽ തന്റെ ശിഷ്യന്മാരെയെല്ലാം വിളിച്ചു വരുത്തി, അവരെ സന്യാസചര്യകളെക്കുറിച്ച് ഉപദേശിച്ച് എഴുപത്തിനാലാമത്തെ വയസ്സിൽ (ഏ. ഡി. 668?) തന്റെ നാഥന്റെ സന്നിധിയിലേക്കു യാത്രയായി.

ഏ. ഡി. 775ൽ തുറബ്ദീൻ ദയറായിലെ തൊണ്ണൂറ്റി അഞ്ച് ദയറാക്കാർ പ്ലേഗ് ബാധിച്ച് മരിക്കുന്നതിനിടയായി. ഏതാണ്ട് മുപ്പത് ദയറാക്കാർ ഒരു രാത്രിയിൽ തന്നെ മരിച്ചു. അതേ തുടർന്ന് മോർ ഗബ്രിയേലിന്റെ ശരീരം കബറിൽനിന്നെടുത്ത് പള്ളിയിൽ വയ്ക്കുകയും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയാൽ ആ മഹാവ്യാധിയിൽനിന്ന് രക്ഷപെടുകയും ചെയ്തു. മറ്റൊരവസരത്തിൽ, ഹാ എന്ന പട്ടണത്തിലെ പ്ലേഗ് ബാധയിൽനിന്ന് രക്ഷപെടുന്നതിന് മോർ ഗബ്രിയേലിന്റെ വലതുകരം ഛേദിച്ചുകൊണ്ടു പോയി മദ്ധ്യസ്ഥത യാചിക്കുകയും പട്ടണവാസികൾ രക്ഷപെടുകയും ചെയ്തു. മെയ് 1, ഡിസംബർ 23 എന്നീ തീയതികളിൽ മോർ ഗബ്രിയേലിന്റെ പെരുന്നാൾ സുറിയാനി സഭ ആചരിക്കുന്നു.

# 21. അന്ത്യോഖ്യാ പാത്രിയർക്കീസായ വിശുദ്ധ ഏവോദിയോസ്

(ഏ. ഡി. ? - 68)

വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ മോറാൻ ഏവോദിയോസ് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളായിരുന്നു (Thurston & Attwater, 1990, Vol. II). മോറാൻ ഏവോദിയോസ് അപ്പോസ്തോലന്മാരുടെ സമകാലീനനായി സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് എണ്ണുന്നു. പത്രോസ് ശ്ലീഹാ വാഴിച്ച അന്ത്യോഖ്യായുടെ ആദ്യത്തെ മേൽപ്പട്ടക്കാരനാണ് ഏവോദിയോസ്. അഗ്നിമയനായ മോർ ഇഗ്നാത്തിയോസ് ഏവോദിയോസിന്റെ പിൻഗാമിയാണ്.

പത്രോസ് ശ്ലീഹായുടെ സുവിശേഷ പ്രചരണം വഴിയായി ഏവോദിയോസ് ക്രിസ്തുമതം സ്വീകരിച്ചു. അപ്പോസ്തോല പ്രവർത്തികളുടെ പുസ്തകം അനുസരിച്ച് ക്രിസ്തുമതം സ്വീകരിച്ചവരാണ് യെഹൂദന്മാരും അന്ത്യോഖ്യായിലെ പുറജാതികളും. ഏകദൈവ വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടവരിൽ ഗ്രീക്കുകാരായ യെഹൂദന്മാരും പുറജാതികളും ഉണ്ടായിരുന്നു. ഈ പുറജാതികളിൽ ഏകദൈവ വിശ്വാസം സ്വീകരിച്ചവരാണ് 'ക്രിസ്ത്യാനികൾ' എന്ന പേരിൽ അറിയപ്പെട്ടത്. അന്ത്യോഖ്യായുടെ മേലദ്ധ്യക്ഷനായി പത്രോസ് ശ്ലീഹായും, പത്രോസ് ശ്ലീഹ റോമിലേക്ക് പോയപ്പോൾ (ഏ. ഡി. 60?) ഏവോദിയോസ് പിൻഗാമിയായി സഭാഭരണം നിർവ്വഹിച്ചു. ഏവോദിയോസ് പിൻഗാമിയായ തീയതി നിശ്ചയിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും മറ്റും ചില ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (Smith & Wace, 1880). ഏ. ഡി. 67 ൽ പത്രോസ് ശ്ലീഹ റോമിൽ രക്തസാക്ഷി മരണം പ്രാപിച്ചപ്പോൾ ഏവോദിയോസ് അന്ത്യോഖ്യായുടെ മേൽപ്പട്ടക്കാരനായി. ഏവോദിയോസിന്റെ എഴുത്തുകളൊന്നിൽ വിശുദ്ധ കന്യകമറിയാം അവളുടെ പതിനഞ്ചാമത്തെ വയസ്സിൽ ലോകത്തിന്റെ രക്ഷകനെ പ്രസവിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഏ. ഡി. 68 വരെ ഏവോദിയോസ് അന്ത്യോഖ്യായുടെ പാത്രിയർക്കീസായിരുന്നു. നീറോ ചക്രവർത്തിയുടെ ഭരണകാലത്ത് (ഏ. ഡി.

54-68) വി. ഏവോദിയോസ് രക്തസാക്ഷിയായി. അദ്ദേഹത്തിന്റെ ഓർമ്മ ജനുവരി 18-ാം തീയതിയും മെയ് 6-ാം തീയതിയും സുറിയാനി സഭ ആഘോഷിക്കുന്നു.

## 22. കുസ്തന്തീനോപോലീസിലെ വിശുദ്ധ അലക്സാണ്ടർ

(ഏ. ഡി. 244 ? – c. 340)

കുസ്തന്തീനോപോലീസിലെ പരിശുദ്ധ സിംഹാസനത്തിലേക്ക് പാത്രിയർക്കീസായി തെരഞ്ഞെടുക്കുമ്പോൾ അലക്സാണ്ടറിന് എഴുപത്തിമൂന്ന് വയസ്സായിരുന്നു (Thurston & Attwater, 1990). അറിയോസിന്റെ വേദവിപരീത തർക്കങ്ങളുടെ കാലഘട്ടത്തിൽ പാത്രിയർക്കീസായി ഇരുപത്തിമൂന്ന് വർഷങ്ങൾ ഭരണം നടത്തി. ദൈവശാസ്ത്രജ്ഞരുടെയും തത്വശാസ്ത്രജ്ഞന്മാരുടെയും ഒരു സമ്മേളനത്തിൽ അവരിലൊരാൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അലക്സാണ്ടർ പറഞ്ഞു:“ നീ നിശ്ശബ്ദനായിരിക്കണമെന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ കൽപിക്കുന്നു.” തൽക്ഷണം അയാളുടെ നാവ് തളർന്നുപോയി. ഈ സംഭവം മറ്റു വാദഗതികളേക്കാൾ ദൈവികമായ ശക്തി മനസ്സിലാക്കുന്നതിനിടയായി.

നിഖ്യാസുന്നഹദോസിനു (ഏ. ഡി. 325) ശേഷം വേദവിപരീതിയായ അറിയോസ് കുസ്തന്തീനോസ് ചക്രവർത്തിയെ അഭയംപ്രാപിച്ചു. ഏ. ഡി.336ൽ അറിയോസിനെ സ്വീകരിക്കണമെന്ന് വൃദ്ധനായ അലക്സാണ്ടർ പാത്രിയർക്കീസിനോട് കുസ്തന്തീനോസ് ചക്രവർത്തി ആജ്ഞാപിച്ചു (Cross & Livingstone, 1974). ഈ കൽപന കിട്ടിയ അലക്സാണ്ടർ പാത്രിയർക്കീസ് ത്രോണോസിന് മുൻപിൽ മുട്ടുകുത്തി ഇപ്രകാരം പ്രാർത്ഥിച്ചു: “ഈ ദൈവാലയത്തിൽ അറിയോസ് പ്രവേശിക്കുന്നതിന് മുമ്പ് അവിടുന്ന് എന്റെ ജീവൻ എടുക്കേണമേ” (Aphrem, 1963, pp. 82-83). ഈ പ്രയാസഘട്ടത്തിൽ നിസ്ബിസിലെ മോർ യാക്കോബ് (d. ഏ. ഡി. 338) വിശ്വാസികൾ ഏഴു ദിവസം ഉപവസിക്കുന്നതിന് ആവശ്യപ്പെട്ടു. ദൈവാലയത്തിൽ പ്രവേശിക്കുന്നതിന് അറിയോസ്

ഒരു സമയം നിശ്ചയിച്ചു. അറിയോസ് പക്ഷക്കാരായ ധാരാളം അനുകൂലികൾ പള്ളി പരിസരത്ത് ഒത്തുചേർന്നു. എന്നാൽ ദൈവാലയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ഒരു കടുത്ത വയറുവേദനയുണ്ടാകുകയും അറിയോസ് മരിക്കുകയും ചെയ്തു.

മേൽ വിവരിച്ച സംഭവം അലക്സാണ്ടർ പാത്രിയർക്കീസിന്റെ മദ്ധ്യസ്ഥതയാൽ ദൈവിക ഇടപെടലായി ധാരാളം ക്രിസ്ത്യാനികൾ കരുതി. കുസ്തന്തീനോസ്പോലീസിലെ അലക്സാണ്ടർ പാത്രിയർക്കീസിന്റെ ഓർമ്മ ആഗസ്റ്റ് 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 23. മോർ അഹത്തുള്ള ബാവാ

(എ. ഡി. ? – 1653)

സത്യവിശാസ സംരക്ഷണാർത്ഥം മലങ്കരയിലേക്കെഴുന്നെള്ളിയ പരിശുദ്ധ പിതാക്കന്മാർ (പ്രധാനമായും യെരൂശലേം, തുർക്കി, സിറിയ, ഇറാക്ക്, എന്നീ രാജ്യങ്ങളിൽ നിന്ന്) നിരവധി ബുദ്ധിമുട്ടുകളും വെല്ലുവിളികളും സഹിക്കുകയും അവരുടെ ജീവൻ തന്നെ ബലിയായി കൊടുക്കുകയും ചെയ്തിട്ടുണ്ട്. പതിനേഴാം നൂറ്റാണ്ടിൽ മലങ്കര സുറിയാനി സഭയെ നയിച്ചിരുന്ന തോമാ അർക്കദിയക്കോൻ തുടർച്ചയായി അയച്ച കത്തുകളുടെ അടിസ്ഥാനത്തിലാണ് മോർ അഹത്തുള്ള ബാവാ അന്ത്യോഖ്യായിൽ നിന്ന് മലങ്കരയിലേക്കയയ്ക്കപ്പെട്ടത്. തന്റെ ആടുകളുടെ ബുദ്ധിമുട്ടുകളായിരുന്നു തോമാ ആർക്കദിയക്കോൻ അറിയിച്ചിരുന്നത്.

മോർ അഹത്തുള്ള ബാവ എ. ഡി. 1653ൽ മലങ്കരയിലെത്തി. എ. ഡി. 1599ലെ ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കരസഭ, റോമൻ കത്തോലിക്കസഭയുടെ അധികാരത്തിൻകീഴിലായിരുന്നു. മധ്യപൂർവ്വദേശത്തുനിന്നും മെത്രാപ്പോലീത്തമാർ വന്നിറങ്ങാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും പോർത്തുഗീസ് പട്ടാളക്കാർ കാവൽ നിൽക്കുന്നതിനു പോർത്തുഗീസുകാരായ മെത്രാന്മാർ ഏർപ്പാടു ചെയ്തിരുന്നു.

മലങ്കരയിലെ ആത്മീയ മക്കളുടെ അടുക്കലേക്ക് അയയ്ക്കപ്പെട്ട മോർ അഹത്തുള്ള ബാവാ ഏ. ഡി. 1653ൽ സൂറത്തിലെത്തി. പോർത്തുഗീസുകാരിൽനിന്നും വിവരം അറിഞ്ഞതനുസരിച്ച് ഗോവ ഭരണാധികാരി ബാവായെ ബന്ധിച്ച് മൈലാപ്പൂരിൽ തടവിലാക്കി.

മൈലാപ്പൂരിലെ വിശുദ്ധ മോർ തോമാശ്ലീഹായുടെ കബറിടസ്ഥലത്തേക്കു തീർത്ഥയാത്ര പോയ ചെങ്ങന്നൂരുകാരൻ ചെങ്ങയിൽ ഇട്ടിശെമ്മാശനും കുറവിലങ്ങാട്ടുകാരൻ കിഴക്കേടത്തു കുര്യൻ ശെമ്മാശനും ബാവായെ യാദൃശ്ചികമായി കണ്ടുമുട്ടി. അവർ ആശയവിനിമയം നടത്തുകയും അവരുടെ കൈവശം ബാവ ഒരു കൽപന കൊടുത്തയയ്ക്കുകയും ചെയ്തു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘‘ഞാൻ മലങ്കരയിലെത്തി തോമാ അർക്കദിയക്കോനെ മെത്രാപ്പോലീത്തയായി വാഴിക്കുന്നതാണ്. പോർത്തുഗീസുകാരാൽ പിടിച്ചുവയ്ക്കപ്പെട്ട് അവിടെ എത്താൻ സാധിക്കാതെ വന്നാൽ കശീശ്ശന്മാർ, മെത്രാപ്പോലീത്തന്മാർ എന്നിവരുടെ പട്ടംകൊട ഒഴികെയുള്ള എല്ലാ ഭരണ കാര്യങ്ങളും തോമാ അർക്കദിയാക്കോൻ നിർവ്വഹിക്കേണ്ടതാണ്.’’

മൈലാപ്പൂരിൽനിന്നും ബാവായെ വഹിച്ചുകൊണ്ട് ഗോവയിലെ പീഡനസ്ഥലത്തേക്ക് യാത്ര തിരിച്ച കപ്പൽ കൊച്ചിയിൽ നങ്കൂരമിട്ടു. താങ്കളുടെ പരിശുദ്ധ പിതാവിനെ ഗോവയിലേക്കു കൊണ്ടുപോകുന്ന കപ്പൽ കൊച്ചിയിലെത്തിയെന്നറിഞ്ഞ് ഇരുപത്തയ്യായിരത്തോളം വരുന്ന വിശ്വാസികൾ തോമാ അർക്കദിയക്കോന്റെയും വൈദികരുടെയും നേതൃത്വത്തിൽ കൊച്ചി കോട്ടയിലെത്തി പിതാവിനെ വിട്ടുകിട്ടണമെന്നപേക്ഷിച്ചു. ആ സമയത്ത് കൊച്ചികോട്ടയിൽ മുന്നൂറോളം വരുന്ന പട്ടാളക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ കൊച്ചികോട്ടയിലേക്കുള്ള (കിടങ്ങിന്മേലുണ്ടായിരുന്ന) പാലം വലിച്ചുമാറ്റി പീരങ്കികളുമായി നിലയുറപ്പിച്ചു. നിസ്സഹായരായ വിശ്വാസികൾ കൊച്ചി രാജാവിന്റെ അടുക്കൽ സങ്കടം ബോധിപ്പിച്ചു.

കൊച്ചികോട്ടയുടെ ചുമതലുള്ള ഉദ്യോഗസ്ഥനെ കൊച്ചി രാജാവ് വിളിപ്പിക്കുകയും തടവിലാക്കിയിരുന്ന സുറിയാനിക്കാരുടെ ആത്മീയ പിതാവിനെ വിട്ടുകൊടുക്കുന്നതിന് ഉത്തരവുകൊടുക്കുകയും ചെയ്തു. പോർത്തുഗീസുകാർ അവരുടെ ഉപായത്താൽ അന്നു രാത്രിയിൽ ബാവായുടെ കഴുത്തിൽ തിരകല്ലു (mill-stone) കെട്ടി കടലിൽ മുക്കികൊന്നു. ഈ

കൊടുംക്രൂരത സുറിയാനിക്കാർ അറിഞ്ഞപ്പോൾ റോമൻ കത്തോലിക്ക സഭയുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ചു. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ മട്ടാഞ്ചേരിയിലെ കൽക്കുരിശിൽ ആലാത്തുകെട്ടി കൂടിവന്ന ജനം ചെയ്ത പ്രതി ജ്ഞയാണ് കൂനൻകൂരിശു സത്യം എന്നറിയപ്പെടുന്നത്. ജനുവരി 16-ാം തീയതി അഹത്തുള്ള ബാവായുടെ ഓർമ്മ സുറിയാനി സഭ ആചരിക്കുന്നു.

# 24. രക്തസാക്ഷിയായ അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ ബാബിലാസ്

(ഏ. ഡി. ? - 251)

ഏ. ഡി. 237ൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന സെബിനസിന്റെ (ഏ. ഡി 231-237) പിൻഗാമിയായി ബാബിലാസ് പാത്രിയർക്കീസ് വാഴിക്കപ്പെട്ടു. പരിശുദ്ധനായ ഇഗ്നാത്തിയോസ് നൂറോനോയ്ക്കുശേഷം ഏറെ വിഖ്യാതനായ പാത്രിയർക്കീസാണ് ബാബിലാസ്. പാത്രിയർക്കാ ആസ്ഥാനത്തിനു സമീപം ജീവിച്ചിരുന്ന അനാഥരെയും വിധവകളെയും സംരക്ഷിച്ച ഒരു നല്ല ഇടയനായിരുന്നു ബാബിലാസ്.

ക്രിസ്തുവിന്റെ അനുയായികളെ വെറുത്തിരുന്ന ഒരു പുറ ജാതിക്കാരനായ നുമേറിയൻ എന്ന ഗവർണറായിരുന്നു ആ നാളു കളിൽ അന്ത്യോഖ്യായിലുണ്ടായിരുന്നത്. ഒരിക്കൽ നുമേറിയൻ അന്ത്യോഖ്യായിലെ ഒരു ദൈവാലയത്തിൽ ചെന്ന് ഒരു തമാശ കാണിക്കാൻ തീരുമാനിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാബിലാസ് അദ്ദേഹത്തെ ദൈവാലത്തിന്റെ കവാടത്തിൽ തടഞ്ഞുകൊണ്ട് പ്രവേശനം നിഷേധിച്ചു. ക്രുദ്ധനായ ഗവർണർ ബാബിലാസിനെ അറസ്റ്റു ചെയ്യുന്നതിന് പട്ടാളക്കാരെ അയച്ചു. ആ സമയത്ത് പാത്രിയർക്കാ അരമനയിൽ മൂന്ന് അനാഥരായ യുവാക്കൾ താമസിച്ചിരുന്നു. അവരെയും അറസ്റ്റു ചെയ്തു കഠിന പീഡനങ്ങൾക്ക് വിധേയരാക്കുകയും ക്രിസ്തീയ വിശ്വാ സം ത്യജിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. ഗവർണർ ദൈവാലയത്തിൽ പ്രവേശിക്കുന്നത് തടഞ്ഞതിന് പരസ്യമായി

മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ടു. അതിനു മറുപടിയായി ഗവർണറുടെ പാപജീവിതം ഉപേക്ഷിക്കണമെന്ന് ബാബിലാസ് ആവശ്യപ്പെട്ടു. നാലുപേരെയും വധിക്കുന്നതിന് ഗവർണർ ഉത്തരവായി. അപ്പോസ്തോലനായ പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മരണത്തിനോ, ജീവനോ, മാലാഖമാർക്കോ, അധികാരങ്ങൾക്കോ, ശക്തികൾക്കോ, ഇപ്പോഴുള്ളവയ്ക്കോ, വരുവാനുള്ളവയ്ക്കോ, ഉയരത്തിനോ, ആഴത്തിനോ, യാതൊരു സൃഷ്ടിക്കോ, യേശുമ്ശിഹാ മൂലമുള്ള ദൈവസ്നേഹത്തിൽനിന്നും എന്നെ വേർപിരിക്കാൻ സാദ്ധ്യമല്ല എന്നും ബാബിലാസ് പ്രസ്താവിച്ചു (റോമ. 8:38-39).

ബാബിലസ് പാത്രിയർക്കീസ് ഡസിയസിന്റെ പീഡനത്തിൽ ജയിലിൽ രക്തസാക്ഷിയെന്നു യൂസേബിയോസും അതല്ല തന്റെ ശിഷ്യന്മാരായ ഉർബാനോസ്, പ്രിലിഡിയാനസ്, എപ്പൊലോണിയസ്, എന്നിവരോടുകൂടെ ശിരഛേദം ചെയ്യപ്പെട്ടുവെന്ന് സ്വർണ്ണനാവുകാരനായ ഈവാനിയോസും രേഖപ്പെടുത്തിയിട്ടുണ്ട് (Thurston & Attwater, 1990; Farmer, 1997). ഏ. ഡി. 244ൽ ചക്രവർത്തിയായ അറേബ്യക്കാരൻ ഫിലിപ്പ് തന്റെ മുൻഗാമിയായ ഗോർഡിയന്റെ കൊലപാതകത്തിന് പ്രായശ്ചിത്തം ചെയ്യാതെ പള്ളിയിൽ പ്രവേശിപ്പിക്കയില്ലെന്ന് ബാബിലാസ് ശഠിച്ചു.

ബാബിലസ് പാത്രിയർക്കീസിന്റെ ഭൗതികശരീരം ഏ. ഡി. 251ൽ അന്ത്യോഖ്യായിൽ കബറടക്കി. അപ്പോളോന്റെ ക്ഷേത്രത്തിന്റെ സ്വാധീനത്തെ ചെറുക്കുന്നതിന് ഏ. ഡി. 351ൽ ഗാലസ് സീസർ ഈ കബറിടം ദഫ്നെയിലെ പള്ളിയിലേക്കു മാറ്റി സ്ഥാപിച്ചു. ഏ. ഡി. 362ൽ വിശ്വാസ ത്യാഗിയായ ജൂലിയാൻ ഈ തിരുശേഷിപ്പുകൾ അന്ത്യോഖ്യായിലേക്കു തന്നെ തിരികെ കൊണ്ടുപോകുന്നതിന് ഉത്തരവായി. അതിനടുത്ത സന്ധ്യയിൽ അപ്പോളോന്റെ ക്ഷേത്രം ഇടിമിന്നലേറ്റ് നശിച്ചുപോയി. കുറച്ചുകാലത്തിനുശേഷം ബാബിലസിന്റെ തിരുശേഷിപ്പുകൾ മിലിത്തിയോസ് മെത്രാപ്പോലീത്ത ഒറൻസിലേക്ക് മാറ്റി സ്ഥാപിച്ചു. മിലിത്തിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധ ബാബിലാസിന്റെ കബറിടത്തിനരികെയാണ് സംസ്കരിച്ചത്.

ബാബിലസ് പാത്രിയർക്കീസിന്റെ വിവിധ ഓർമ്മ ദിവസങ്ങൾ ആചരിക്കപ്പെടുന്നുണ്ട്. അതിനു കാരണം തിരുശേഷിപ്പുകൾ പല സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചതുകൊണ്ടാണ്. ബാബിലാസ്

പാത്രിയർക്കീസിന്റെയും അദ്ദേഹത്തിന്റെ മൂന്നു ശിഷ്യന്മാരുടെയും ഓർമ്മ സെപ്തംബർ 23-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. പെരുന്നാളായി ആചരിക്കുന്ന മറ്റൊരു ദിവസമാണ് ജനുവരി 24-ാം തീയതി.

# 25. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ

**(എ. ഡി. 1933-2014)**

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലെ പത്രോസിന്റെ 122-ാമത്തെ പിൻഗാമിയാണ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ്. ഇറാക്കിലെ മൂസലിലെ ഈവാസ് കുടുംബത്തിൽ 1933 ഏപ്രിൽ 21-ാം തീയതി സെന്നഹരീബ് എന്ന് വിളിക്കപ്പെട്ട സഖാ ഭൂജാതനായി. (വിശുദ്ധ ബഹനാമിന്റെ പിതാവായിരുന്ന സിറിയൻ ഭരണാധികാരിയായിരുന്നു സെന്നഹരീബ്). സെന്നഹരീബ് ഏഴു മക്കളിൽ നാലാമനായിരുന്നു.

ഈസ്താംബൂളിലെ യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം നേടി മിലിറ്ററി എഞ്ചിനീയറിംഗ് കോളേജിൽ പ്രൊഫസറായിരുന്നു സെന്നഹരീബിന്റെ പിതാവായ ബഷീർ ഐവാസ്. ഏതാനും വർഷങ്ങൾ കോളേജിൽ അധ്യാപകനായ ശേഷം ഇവാസ് ഇറാക്കിലേക്ക് മാറി താമസിച്ചു. അവിടെ ഒരു തടിവ്യവസായം (തടി ഉരുപ്പടി നിർമ്മാണശാല) ആരംഭിച്ചു. സെന്നഹരീബിന് പത്തുവയസ്സ് പ്രായമായപ്പോൾ പിതാവായ ബഷീറും പന്ത്രണ്ടു വയസ്സായപ്പോൾ മാതാവും നിര്യാതരായി. മാതാപിതാക്കളുടെ വേർപാട് സെന്നഹരീബിൽ വലിയ മാറ്റങ്ങൾ വരുത്തി. ഏറെ നാളത്തെ ചിന്തയ്ക്കും ധ്യാനത്തിനും ഒടുവിൽ ദൈവസമർപ്പണ ജീവിതത്തിനുള്ള വിളി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

1946ൽ പതിമൂന്നു വയസ്സുള്ളപ്പോൾ സെന്നഹരീബ് മൂസലിലെ സെന്റ് എഫ്രേം ദയറായിൽ ചേരുകയും അതോടൊപ്പം വിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധ മാർത്തോമ്മാ സുറിയാനി ഓർത്തഡോക്സ് പള്ളി സ്കൂളുകളിലുമായി പഠനം നിർവ്വഹിക്കുകയും ചെയ്തു. സെമിനാരിയിൽ സാഖാ എന്നു

വിളിക്കപ്പെടുകയും അഭിവന്ദ്യ മോർ അത്താനാസിയോസ് തൂമാ കസ്സിർ മെത്രാപ്പോലീത്തായിൽ നിന്നും 1948 നവംബർ 28-ാം തീയതി കോറുയൊ പട്ടം സ്വീകരിക്കുകയും ചെയ്തു. 1953 ഫെബ്രുവരി 8-ാം തീയതി അഭിവന്ദ്യ മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലീത്തായിൽനിന്ന് സാഖാ റമ്പാൻ സ്ഥാനം സ്വീകരിച്ചു.

ബിരുദാനന്തരം സാഖാ റമ്പാൻ മൂസലിലെ സെന്റ് എഫ്രേം സെമിനാരിയിൽ സുറിയാനിയും വിശുദ്ധ ഗ്രന്ഥവും പഠിച്ചു. ആ കാലഘട്ടത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ അഫ്രേം പ്രഥമൻ ബർസൗം പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായി നിയമിതനായി. 1955 ഡിസംബർ 18-ാം തീയതി സാഖാ റമ്പാനെ അഭിവന്ദ്യ മോർ ദീവന്നാസിയോസ് ജിർജസ് ബെഹനാം മെത്രാപ്പോലീത്ത പൂർണ്ണ ശെമ്മാശനായി ഉയർത്തി. 1957 ജൂൺ 23-ാം തീയതി അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കാലംചെയ്യുകയും പിൻഗാമിയായി മോറാൻ യാക്കോബ് തൃതീയൻ സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു.

1957 നവംബർ 17-ാം തീയതി മോറാൻ യാക്കൂബ് തൃതീയൻ സാഖാ ശെമ്മാശനെ വൈദികനായി പട്ടംകൊടുക്കുകയും തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. 1960-62 കാലഘട്ടത്തിൽ വന്ദ്യ സാഖാ റമ്പാച്ചൻ ജനറൽ തിയോളജിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രം പഠിക്കുകയും ഇംഗ്ലീഷ് ഭാഷ യിൽ ന്യൂയോർക്ക് സർവ്വകലാശാലയിൽനിന്ന് ബിരുദാനന്തര ബിരുദം നേടുകയും ചെയ്തു.

1962ലും 1963ലും റോമിൽ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകനായി മോറാൻ യാക്കൂബ് തൃതീയൻ സാഖാ റമ്പാച്ചനെ നിയോഗിച്ചു. 1963 നവംബർ 17-ാം തീയതി (വൈദികനായി ആറു വർഷങ്ങൾ പൂർത്തിയാക്കിയ ദിവസം) പാത്രിയർക്കീസ് യാക്കോബ് തൃതീയൻ ബാവ സാഖാ റമ്പാച്ചനെ മൂസൽ ഭദ്രാസനത്തിനുവേണ്ടി മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1964 സെപ്തംബർ 1-ാം തീയതി മോർ സേവേറിയോസ് സാഖാ മൂസലിലെ സെന്റ് തോമസ് കത്തീഡ്രലിന്റെ ഭിത്തിയിൽ നിന്ന് മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ കണ്ടെടുത്തു. 1965 ൽ പാത്രിയർക്കാ ആസ്ഥാനം സന്ദർശിച്ച മോർ ഔഗേൻ കാതോലിക്കായ്ക്ക് മലങ്കരയ്ക്കായി തിരുശേഷിപ്പിന്റെ ഒരംശം നൽകി. 1994 ൽ അതിന്റെ

വേറൊരംശം മുളന്തുരുത്തി മോർ തോമൻ പള്ളിക്കു നൽകുകയു ണ്ടായി.

1964ൽ മോർ ബസ്സേലിയോസ് ഔഗേൻ കാതോലിക്കായുടെ വാഴ്ചയ്ക്കായി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറി എന്ന നിലയിൽ മലങ്കര സന്ദർശിച്ചു. മോർ സേവേറിയോസ് സാഖാ മെത്രാപ്പോലീത്തായെ 1969 ൽ ബാഗ്ദാദ്, ബസ്രാ എന്നീ അതിഭദ്രാസനത്തിലേക്കും, 1976ൽ മധ്യ യൂറോപ്പ്, സ്കാഡിനേവിയൻ പ്രദേശങ്ങൾക്കായും 1978 ൽ ആസ്ട്രേലിയ ഭദ്രാസനത്തിനായും നിയമിക്കുകയുണ്ടായി.

1971 ഒക്ടോബറിൽ മോറാൻ യാക്കോബ് തൃതീയൻ പാ ത്രിയർക്കീസ് ബാവായോടു കൂടെ മോർ സേവേറിയോസ് സാഖാ ജോൺ പോൾ ആറാമൻ മാർപാപ്പയെ സന്ദർശിക്കുകയും റോമൻ കത്തോലിക്കാ സഭയുമായുള്ള ആദ്യത്തെ പ്രഖ്യാപനത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. റോമൻ കത്തോലിക്കാ സഭയുടെ വിവിധ യോഗങ്ങളിൽ പാത്രിയർക്കീസ് ബാവായെ പ്രതിനി ധീകരിച്ച് സംബന്ധിച്ചിട്ടുണ്ട്. സഭാ ഐക്യ സംരംഭങ്ങളിൽ ഏറെ വിശ്വാസം പുലർത്തിയിരുന്ന ഒരു വ്യക്തിയായിരുന്നു മോറാൻ സാഖാ ഈവാസ്. 1984 ജൂൺ 23-ാം തീയതി സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ റോമൻ കത്തോലിക്കാ സഭയുമായി ഒരു പരസ്പരധാരണ പത്രം ഒപ്പുവച്ചു. ഏ. ഡി. 451ൽ കൽക്കിദുനാ സുന്നഹദോസിൽ വച്ചുണ്ടായ 1500 വർഷം പഴക്കമുള്ള റോമൻ കത്തോലിക്കാ സഭയും അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയും തമ്മിലുണ്ടായിരുന്ന ഒരു വേർപിരി യലിനാണ് ഇതുവഴി അന്ത്യമായത്.

വിയന്ന കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രോ ഓറിയെന്റയിലെ ഒരു വിശേഷാൽ അംഗമായിരുന്ന മോർ സേവേറിയോസ് സാഖാ തിരുമേനി അക്കാദമി ഓഫ് ഇറാക്ക് കൾച്ചർ എന്ന സംഘത്തിലും അംഗമായിരുന്നു. 1975ൽ വേൾഡ് ക്രിസ്ത്യൻ കൗൺസിലിന്റെ കേന്ദ്ര കമ്മറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1995-2006 കാലഘട്ടത്തിൽ വേൾഡ് ക്രിസ്ത്യൻ കൗൺസിലിന്റെ പ്ര സിഡന്റായിരുന്നു മോറാൻ സാഖാ ഈവാസ് ഒന്നാമൻ ബാവ.

മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ 1980 ജൂൺ 25-ാം തീയതി കാലംചെയ്തു. 1980 സെപ്തംബർ 14-ാം തീയതി മോർ സേവേറിയോസ് സാഖാ ഈവാസ്

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും 122-ാമത്തെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. സ്ഥാനാരോഹണ ശുശ്രൂഷയിൽ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ പ്രധാന കാർമ്മികനായിരുന്നു.

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രയർക്കീസ് ബാവായുടെ മഹാനിര്യാണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുന്നതിനായി 1982 ൽ മോറാൻ സഖാ ഈവാസ് പ്രഥമൻ ബാവ ഇൻഡ്യയിൽ ആദ്യ ശ്ലൈഹിക സന്ദർശനം നടത്തി. തന്റെ മുൻഗാമിയുടെ സുവർണ്ണ ജൂബിലിയിൽ പങ്കെടുത്തശേഷം കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സന്ദർശനം നടത്തി. അതിനുശേഷം 2000, 2004, 2008 വർഷങ്ങളിലും മലങ്കര സന്ദർശിച്ചു. 2002 ജൂലൈ 26-ാം തീയതി മോർ ദിവന്നാസിയോസ് തോമസ് മെത്രാപ്പോലീത്തായെ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ എന്ന പേരിൽ ഇൻഡ്യയുടെ കാതോലിക്കയായി വാഴിച്ചു.

പാത്രിയർക്കാ ആസ്ഥാനമായ ഡമസ്കോസിലെ ബാബ്റ്റൂമയിലെ കത്തീഡ്രൽ ദൈവാലയത്തിനും അരമനയ്ക്കും ഏറെ സ്ഥല പരിമിതികളുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനായി 1996ൽ സിറിയയിലെ മാറത്ത് സെയ്ദനായ എന്ന സ്ഥലത്ത് സെന്റ് എഫ്രേം സെമിനാരി, ചാപ്പൽ, സുന്നഹദോസ് ഹോൾ എന്നിങ്ങനെയുള്ള സൗകര്യങ്ങളോടുകൂടി ഒരു വലിയ കെട്ടിട സമുച്ചയം പരിശുദ്ധ സാഖാ ബാവ സ്ഥാപിച്ചു. പാത്രിയർക്കീസായിരുന്ന കാലഘട്ടത്തിൽ (1980-2014) അമ്പതിലധികം മേൽപ്പട്ടക്കാരെ വാഴിക്കുകയുണ്ടായി. പരിശുദ്ധ ബാവായുടെ പ്രധാന കൃതികളാണ് - *Doctrine of Incarnation and Salvation; the Seven Sacraments; Yacoub III: Life and Apostolic visit to Middle East and Latin America; Apostolic visit of Yacoub III to North America; Mor Aphrem, the Syrian; Mor Jacob of Edessa; Mor Dionysius Talmaharai; Story of Seven Sleepers - a perspective from the Syriac Sources; Syrian Orthodox Church through the Ages; Syriac literature in the sixth century; Position and Role of Women in the Church; Religious virtues and Family Welfare.*

നമ്മുടെ കർത്താവിന്റെ ഈ ലോകജീവിതത്തിന് സമാനമായി മുപ്പത്തിമൂന്ന് വർഷമാണ് ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിലുള്ള

പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ ഭരണകാലഘട്ടം. 2013 മുതൽ സിറിയയിലേയും ഇറാക്കിലേയും അതിക്രമങ്ങളിൽ പരിശുദ്ധ ബാവാ ഏറെ ദുഃഖിതനായിരുന്നു. പ്രത്യേകിച്ചും സിറിയയിലെ വിശ്വാസികളുടെ സ്വത്തിനും ജീവനുമുണ്ടായ ഭീമമായ നഷ്ടം ബാവായെ ആകുലനാക്കിയിരുന്നു. പുരാതന സുറിയാനി ക്രിസ്ത്യാനി കേന്ദ്രങ്ങളായിരുന്ന മാലൂല, സദാദ്, ആലപ്പോ എന്നീ പ്രദേശങ്ങളിലെ നാശവും രണ്ടു മെത്രാപ്പോലീത്താമാർ (സുറിയാനി ഓർത്തഡോക്സ് സഭയുടെ ആലപ്പോ ഭദ്രാസനത്തിന്റെ ഗ്രീഗോറിയോസ് യൂഹാനോൻ ഇബ്രാഹിം, ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ബൗലോസ് യാസിജി എന്നീ മെത്രാപ്പോലീത്തന്മാരെ 2013 ഏപ്രിൽ 22-ാം തീയതി തട്ടിക്കൊണ്ടുപോയി) തട്ടിക്കൊണ്ടുപോകപ്പെട്ടതുമെല്ലാം ബാവായ്ക്കു ദുഃഖകാരണമായിരുന്നു.

വലിയ നോമ്പിന്റെ നാളുകളിൽ 2014 മാർച്ച് 21-ാം തീയതി മോറാൻ സാഖാ ഈവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവാ തന്റെ നാഥന്റെ അടുക്കലേക്ക് യാത്രയായി. ജർമനിയിലെ കീലിലുള്ള ആശുപത്രിയിൽ ഹൃദയസ്തംഭനം മൂലമായിരുന്നു അന്ത്യം. ജർമനിയിലെ വാർഭുർഗ്ഗിലുള്ള സാരൂഗിലെ മോർ യാക്കോബിന്റെ ദയറായിലേക്ക് ഭൗതികശരീരം മാർച്ച് 23-ാം തീയതി കൊണ്ടുപോയി. തുടർന്ന് മാർച്ച് 25-ാം തീയതി ലെബനോനിലെ ബെയ്റൂട്ടിലേക്കും മാർച്ച് 27-ാം തീയതി ഡമസ്കോസിലെ ബാബ് റ്റൂമയിലുള്ള സെന്റ് ജോർജ്ജ് കത്തീഡ്രലിലേക്കും ഭൗതിക ശരീരം കൊണ്ടുപോയി. മാർച്ച് 28-ാം തീയതി സിറിയയിലെ മാറത്ത് സെയ്ദനായയിലെ മോർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള കത്തീഡ്രലിൽ (പരിശുദ്ധ സാഖാ ബാവാ തന്നെ നിർമ്മിച്ചു ക്രമീകരിച്ച കബറിൽ) കബറടക്കി. പരിശുദ്ധ മോറാൻ ഇഗ്നാത്തിയോസ് സാഖാ ഈവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവയുടെ ഓർമ്മ മാർച്ച് 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 26. മിലാനിലെ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത

(എ. ഡി. ? - c. 360?)

എ. ഡി. 351ൽ മിലാനിലെ മെത്രാപ്പോലീത്തയായ പ്രൊട്ടാസിയസിന്റെ പിൻഗാമിയായി മോർ ദീവന്നാസിയോസ് വാഴിക്കപ്പെട്ടു. അലക്സന്ത്രിയായിലെ വിശുദ്ധ അത്താനാസിയോസിനെതിരായി മിക്കവാറും എല്ലാ മെത്രാപ്പോലീത്താമാരും തിരിഞ്ഞപ്പോൾ അദ്ദേഹത്തെ പിന്തുണച്ച മെത്രാപ്പോലീത്തയായിരുന്നു മോർ ദീവന്നാസിയോസ്. എ. ഡി. 355ൽ അത്തനാസിയോസിനെ തള്ളിപ്പറയുന്നതിനായി അറിയോസ് പക്ഷക്കാരനായ കോൺസ്റ്റാൻഷ്യസ് ചക്രവർത്തി മിലാനിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയുണ്ടായി. അപ്രകാരമുള്ള ഒരു തീരുമാനത്തിൽ ഒപ്പിടുന്നതിന് മോർ ദീവന്നാസിയോസ് വിസമ്മതിച്ചു (Smith & Wace, 1877; Thurston & Attwater, 1990, Vol. II).

മേൽവിവരിച്ച സംഭവത്തെ തുടർന്ന് മോർ ദീവന്നാസിയോസിനെ നാടു കടത്തുകയും അദ്ദേഹം കപ്പദോക്യായിൽ വച്ച് ഉദ്ദേശം എ. ഡി. 360ൽ കാലംചെയ്യുകയും അവിടെ കബറടക്കുകയും ചെയ്തു. മറ്റു ചില ഗ്രന്ഥങ്ങളിൽ കാലംചെയ്ത വർഷം എ. ഡി. 374 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (eg., Smith & Wace, 1877). വിശുദ്ധ ബേസിൽ (d. എ. ഡി. 379) മോർ ദീവന്നാസിയോസിന്റെ തിരുശേഷിപ്പുകൾ മിലാനിലേക്ക് കൊണ്ടുവരികയുണ്ടായി. മോർ ദീവന്നാസിയോസിന്റെ ഓർമ്മ മെയ് 25-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 27. മോർ അന്ത്രയോസ് ബാവാ (കല്ലട)

(എ. ഡി. ? - 1692)

മോർ അന്ത്രയോസ് ബാവാ എ. ഡി. 1678ൽ തുറബ്ദീനിൽനിന്നും കേരളത്തിൽ വന്നെത്തി. ഇദ്ദേഹത്തോടു കൂടി മൂന്ന് സഹോദരന്മാരും വന്നിരുന്നു. ഇദ്ദേഹത്തിന്റെ നിർമ്മലവും ഭക്തിയുള്ളതുമായ ജീവിതത്താൽ ഇദ്ദേഹത്തെ ഒരു വിശുദ്ധനായി

കരുതപ്പെടുന്നു. മോർ അന്ത്രയോസ് ബാവായോടുകൂടെ വന്ന മൂന്ന് സഹോദരന്മാരിൽ ഒരാൾ റമ്പാനായിരുന്നു. മുളന്തുരുത്തി പള്ളി ഇവരെ യോഗ്യമായി സ്വീകരിക്കുകയും ദീർഘകാലം അവിടെ താമസിക്കുകയും ചെയ്തു. ഏതോ കാരണത്താൽ അവർ മുളന്തുരുത്തിയിൽനിന്ന് വിട്ടുപോരേണ്ട സാഹചര്യം ഉണ്ടായി*. ബാവാ ഉദരരോഗിയായിരുന്നതിനാൽ ഒരു നാട്ടുവൈദ്യന്റെ ചികിത്സയിൽ സൗഖ്യം ഉണ്ടായി. എന്നാൽ ഈ ഔഷധം മദ്യമാണെന്ന് ആരോപിച്ച് ബാവായ്ക്ക് പ്രാർത്ഥിക്കുന്നതിന് പള്ളിയുടെ വാതിൽ തുറന്നുകൊടുത്തില്ല. ബാവാ മാർത്തോമായുടെ മധ്യസ്ഥത യാചിച്ചപ്പോൾ പള്ളിയുടെ വാതിൽ താനേ തുറന്നു. ഗുണമുള്ളതും ലഹരിക്കുന്നതുമായ അവർ പിറവം, മണർകാട്, പുത്തൻകാവ് എന്നീ ദേശങ്ങൾ ചുറ്റി സഞ്ചരിച്ച് (ഇളശ്ശേരി മണപ്പുറത്ത്) കല്ലടയിലെത്തി. മോർ അന്ത്രയോസ് ബാവ 1692 മാർ 2-ാം തീയതി കാലംചെയ്ത് കല്ലട പള്ളിയിൽ കബറടക്കി. അതിനുശേഷം സഹോദരന്മാർ കേരളത്തിന്റെ വടക്കുഭാഗത്തേക്ക് യാത്രയായി. ചെന്നിത്തലയിൽ വച്ച് സഹോദരനായ റമ്പാൻ കാലംചെയ്യുകയും അവിടെ കബറടക്കുകയും ചെയ്തു. വിശ്വാസികൾ ഈ കബർ ഒരു വിശുദ്ധ സ്ഥലമായി കരുതിവരുന്നു.

മോർ അന്ത്രയോസ് ബാവായോടുകൂടെ വന്ന മറ്റു രണ്ടു സഹോദരന്മാർ കുറവിലങ്ങാട് സന്ദർശിച്ച ശേഷം മുളന്തുരുത്തി പള്ളിക്കു സമീപമുള്ള ശ്രാമ്പിക്കലിൽ താമസമാക്കി. ജോസഫ് എന്നയാൾ പലശ്ശന കുടുംബത്തിൽനിന്നു വിവാഹം കഴിച്ച് പടിഞ്ഞാറെ അങ്ങാടിയുടെ വടക്കു ഭാഗത്തായി താമസിച്ചുവന്നു. അവരിൽനിന്നു ജനിച്ചു രണ്ടു മക്കളിൽ ഒരാൾ കാട്ടുമങ്ങാട്ടു കുടുംബത്തിൽനിന്നും മറ്റേയാൾ തണങ്ങാട്ടിൽ കുടുംബത്തിൽ നിന്നും വിവാഹം ചെയ്തു. മുളന്തുരുത്തിയിലെ കുടുംബങ്ങളിൽ ഭൂരിഭാഗവും ഈ രണ്ടു കുടുംബങ്ങളിൽനിന്നുള്ള സന്തതി പരമ്പകളാണ്.

മേൽപറഞ്ഞ പുരാതന കുടുംബങ്ങളിൽനിന്നുള്ളവരാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ തൊഴിയൂർ (അഞ്ഞൂർ) പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ബാവായും പരുമല കബറടങ്ങിയിരിക്കുന്ന ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് ഗീവർഗ്ഗീസ് തിരുമേനിയും. ഒരു പുരാതന കുടുംബമായ കാട്ടുമങ്ങാട്ട് കുടുംബത്തിൽനിന്നും പുരോഹിതന്മാരും സാംസ്കാരിക നേതാക്കന്മാരും ഉണ്ടായിട്ടുണ്ട്.

മോർ അന്ത്രയോസ് ബാവായുടെ യാത്രയുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം നിലവിലുണ്ട്. മധ്യതിരുവിതാംകൂറിലെ ഒരു കുടുംബം ബാവായെ വേണ്ടവിധം ബഹുമാനിച്ചിരുന്നില്ല. അവർ അദ്ദേഹത്തിന് ചക്കപ്പഴം ഭക്ഷിക്കുവാൻ കൊടുക്കുകയുണ്ടായി. ചക്കപ്പഴം കഴിച്ചശേഷം കൈ തുടക്കുന്നതിനു പഞ്ഞി കൊടുക്കുകയും അത് പറ്റിപ്പിടിച്ച് ബാവാ ബുദ്ധിമുട്ടിലാകുകയും ചെയ്തു. ഇതേ തുടർന്ന് ബാവായെ കളിയാക്കുകയും ബാവ ദുഃഖിതനായി അവിടം വിട്ടുപോവുകയും ചെയ്തു. പിന്നീട് ആ കുടുംബത്തിലെ പല തലമുറയിലും പുണ്ണുണ്ടാകുകയും ബാവ യുടെ ശാപത്താൽ അപ്രകാരം സംഭവിച്ചുവെന്ന് വിശ്വസിക്ക പ്പെടുകയും ചെയ്യുന്നു.

മണർകാട് താമസിച്ചുകൊണ്ടിരുന്നപ്പോൾ മോർ അന്ത്രയോസ് ബാവാ വെട്ടിക്കുന്നേൽ കുടുംബത്തിൽപ്പെട്ട ഒരാളെ കശീശ്ശയായി പട്ടം കെട്ടി. ആ കുടുംബം മോർ അന്ത്രയോസ് ബാവയുടെ അനുഗ്രഹത്തെ നന്ദിയോടെ സ്മരിക്കുന്നു. മോർ അന്ത്രയോസ് ബാവായുടെ ഓർമ്മ മാർച്ച് 2-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 28. മലബാർ ഭദ്രാസ മെത്രാപ്പോലീത്ത മോർ ഫീല ക്സിനോസ് യൂഹാനോൻ

(ഏ. ഡി. 1941 - 2015)

പാമ്പാടി ഇലപ്പനാൽ കുരുവിളയുടെയും അന്നമ്മയുടെയും മകനായ ജോൺ 1941 ഡിസംബർ 5-ാം തീയതി ജനിച്ചു. ജോണിന് നാലു സഹോദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു. വിദ്യാഭ്യാസം പാമ്പാടി എം.ജി.എം.സ്കൂളിലാണ് നിർവ്വഹിച്ചത്.

1964 ഫെബ്രുവരി 26-ാം തീയതി പുണ്യശ്ലോകനായ മോർ ഫീലക്സിനോസ് പൗലോസ് (പിന്നീട് ശ്രേഷ്ഠ കാതോ ലിക്ക) മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. 1964-69 കാലഘട്ടത്തിൽ പഴയ സെമിനാരിയിൽനിന്നും G.S.T. പൂർത്തിയാക്കി. 1969 മെയ് 30-ാം തീയതി മോർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായിൽനിന്നും കശീശ്ശാപട്ടം സ്വീകരിച്ചു.

കേരളത്തിലും അമേരിക്കയിലുമായി പല പള്ളികളിലും ജോൺ ജേക്കബ് അച്ചൻ ശുശ്രൂഷകൾ നിർവ്വഹിച്ചു. അമേരിക്കയുടെയും കാനഡയുടെയും ആർച്ച് ബിഷപ്പായിരുന്ന മോർ അത്താനാസിയോസ് യേശു ശമുവേൽ മെത്രാപ്പോലീത്ത ജോൺ ജേക്കബച്ചനെ അമേരിക്കയിലെ പള്ളികൾക്കായി നിയമിച്ചു. 1977–85 കാലഘട്ടത്തിൽ ഫിലാഡൽഫിയ, ഡള്ളസ്, ഹൂസ്റ്റൺ, സ്റ്റേറ്റൻ ഐലന്റ് എന്നിവടങ്ങളിൽ പള്ളികൾ സംഘടിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. ഈ കാലയളവിൽ ന്യൂയോർക്കിലെ തിയോളജിക്കൽ സെമിനാരിയിൽനിന്ന് S.T.M, ലോഗോസ് ഗ്രാജുവേറ്റ് സ്കൂൾ ഓഫ് തിയോളജിയിൽ നിന്നും Th.D.; ഫ്ളോറിഡയിലെ ഒർലാന്റോ ഇന്റർനാഷണൽ സെമിനായിരിയിൽനിന്ന് D.D. എന്നിവയും കരസ്ഥമാക്കി.

1985 ആഗസ്റ്റ് 31–ാം തീയതി പാമ്പാടി സെന്റ് മേരീസ് സിംഹാസനപ്പള്ളിയിൽവച്ച് മോർ തിമോത്തിയോസ് യാക്കോബ് മെത്രാപ്പോലീത്ത റമ്പാച്ചനാക്കി. 1985 സെപ്തംബർ 12–ാം തീയതി വന്ദ്യ യൂഹാനോൻ റമ്പാച്ചനെ മീനങ്ങാടി സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ഫീലക്സിനോസ് എന്ന പേരിൽ കാലം ചെയ്ത മോർ ഫീലക്സിനോസ് ശമുവേൽ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി നിയമിച്ചു.

മോർ ഫീലക്സിനോസ് യൂഹാനോൻ തിരുമേനി മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി രണ്ടര പതിറ്റാണ്ട് അക്ഷീണം പരിശ്രമിച്ചു. മോർ ഏലിയാസ് അനാഥ മന്ദിരം, വൃദ്ധമന്ദിരം, സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് ഗ്രീഗോറിയോസ് ബി.എഡ്. കോളജ് എന്നിവ ഈ കാലയളവിൽ ആരംഭിച്ച പ്രസ്ഥാനങ്ങളാണ്.

സുറിയാനി ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായും പ്രാദേശിക സുന്നഹദോസിന്റെ സെക്രട്ടറിയായും, മൊർത്തമറിയം വനിതാസമാജത്തിന്റെ പ്രസിഡന്റ് ആയും സെന്റ് പോൾസ് മിഷ്യന്റെ പേട്രണെന്ന നിലയിലും സ്തുത്യർഹമായ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്.

2008 ൽ മലബാർ ഭദ്രാസനം വിഭജിച്ച് കോഴിക്കോട് ഭദ്രാസനം രൂപീകരിക്കുകയും അതിന് ഒരു മെത്രാപ്പോലീത്തായെ പ്രത്യേകം നിയമിക്കുകയും ചെയ്തു. രോഗാതുരനായ മോർ ഫീലക്സിനോസ് യൂഹാനോൻ തിരുമേനി 2009 ആഗസ്റ്റിൽ

തന്നെ ഭരണ ചുമതലകളിൽനിന്ന് ഒഴിവാക്കണമെന്ന് പരിശുദ്ധ പാത്രിയർക്കീസ് ബാവായോട് അപേക്ഷിച്ചു. അതിൻപ്രകാരം ചുമതലകൾ ഒഴിയുകയും മീനങ്ങാടിയിൽ വിശ്രമജീവിതം നയിച്ചുപോരുകയും ചെയ്തു.

2015 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ തിരുമേനി വയനാട്ടിലെ കൽപ്പറ്റയിലെ ഒരു ആസ്പത്രിയിൽവച്ച് കാലം ചെയ്തു. ഭൗതികശരീരം മെത്രാപ്പോലീത്ത ഉൾപ്പെട്ട പാമ്പാടി സെന്റ് മേരീസ് സിംഹാസനപള്ളിയിൽ 2016 ജനുവരി 1-ാം തീയതി കബറടക്കി. മോർ ഫീലക്സിനോസ് യൂഹനോൻ മെത്രാപ്പോലീത്തായുടെ ഓർമ്മ ഡിസംബർ 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 29. ബെയ്റൂട്ടിലെ അതിഭദ്രാസന മെത്രാപ്പോലീത്ത മോർ അത്താനാസിയോസ് അപ്രേം ബർസൗം

(എ. ഡി. 1932 - 2016)

സിറിയയിലെ ഹോംസിൽ 1932 ഒക്ടോബർ 1-ാം തീയതി മോർ അത്താനാസിയോസ് അപ്രേം ബർസൗം ജനിച്ചു. 1945 വരെ ഖാമേശ്ലിയിൽ പഠിക്കുകയും തുടർന്ന് മൂസലിലെ സെമിനാരിയിൽ പഠനം നിർവ്വഹിച്ചു. 1952 ൽ ബിരുദം നേടിയശേഷം ഹോംസിൽ തിരിച്ചെത്തി.

1952-57 കാലഘട്ടത്തിൽ പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായി പ്രവർത്തിച്ചു. തുടർന്ന് 1957-61 കാലയളവിൽ ആലപ്പോയിലെ സുറിയാനി സ്കൂളിൽ പ്രധാന അദ്ധ്യാപകനായി ജോലി ചെയ്തു. 1946 ൽ ഖാമേശ്ലിയിൽ വച്ച് അഭിവന്ദ്യ മോർ ഒസ്താത്തിയോസ് കുര്യാക്കോസ് റ്റനൂർജി മെത്രാപ്പോലീത്തായിൽ നിന്നും അപ്രേം കോറൂയോ പട്ടമേറ്റു. 1952ൽ ഹോംസിൽ വച്ച് നവാഭിഷിക്തനായ മോർ ഫീലക്സിനോസ് പൗലോസ് മെത്രാപ്പോലീത്തായിൽ നിന്നും അഫ്യദ് യക്ക്നോ പട്ടം സ്വീകരിച്ചു. (1952 ഒക്ടോബർ 19-ാം തീയതിയാണ് മോർ ഫീലക്സിനോസ് പൗലോസ് പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽനിന്നും മേൽപ്പട്ട സ്ഥാനം സ്വീകരിച്ചത്).

1954 ഏപ്രിൽ 11-ാം തീയതി മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും സന്യാസവ്രതം സ്വീകരിച്ചു. 1954 ഡിസംബർ 12-ാം തീയതി ആലപ്പോയിൽ വച്ച് മോർ ദീവന്നാസിയോസ് ജർജസ് കാസ്സ ബഹനാം മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശ്ശപട്ടവും മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽനിന്നും 1956 മാർച്ച് 4-ാം തീയതി ഹോംസിൽ വച്ച് കശീശ്ശാ സ്ഥാനവും സ്വീകരിച്ചു.

1961ൽ വന്ദ്യ അഫ്രേം പൗലോസ് റമ്പാച്ചൻ, അന്ത്യോഖ്യാ സിംഹാസനത്തിന്റെ പ്രതിനിധിയായി ചുമതല നിർവ്വഹിച്ചിരുന്ന മോർ യൂലിയോസ് ഏലിയാസ് കോറൊ ബാവായുടെ പിൻഗാമിയായി നിയമിതനായി. 1962-64 കാലഘട്ടത്തിൽ അഫ്രേം പൗലോസ് റമ്പാച്ചൻ മഞ്ഞനിക്കര ദയറായിൽ താമസിച്ച് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിക്കയും പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബറിങ്കൽ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. ഈ കാലയളവിൽ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി എന്ന നിലയിൽ ആർത്താറ്റ് കുന്നംകുളം സിംഹാസന പള്ളിയുടെ കേസിൽ മോർ യൂലിയോസ് ബാവായ്ക്ക് പകരമായി കക്ഷി ചേരുകയും ചെയ്തു.

1965 ഡിസംബർ 12-ാം തീയതി വന്ദ്യ അഫ്രേം പൗലോസ് റമ്പാച്ചനെ മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മോർ അത്താനാസിയോസ് എന്ന പേരിൽ ലെബനോൻ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിച്ചു. 1977ൽ മഞ്ഞനിക്കര സന്ദർശിച്ച മോർ അത്താനാസിയോസ് അഫ്രേം ബർസൗം തിരുമേനി ദയറാപ്പള്ളിയുടെ കിഴക്കുവശത്തുള്ള കെട്ടിടത്തിന് മാർച്ച് 3-ാം തീയതി തറക്കല്ലിട്ടു. നാൽപത്തിമൂന്ന് വർഷങ്ങൾ ലെബനോൻ അതിഭദ്രാസനത്തിന്റെ (1965-2008) ചുമതല നിർവ്വഹിച്ച തിരുമേനി 2008ൽ വിരമിച്ച് വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

മോർ അത്താനാസിയോസ് അഫ്രേം ബർസൗം സുറിയാനിയിലും അറബിയിലുമായി 16 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹം രചിച്ചിട്ടുള്ള പാട്ടുകളും കവിതകളും സുറിയാനി ഭാഷാലോകത്ത് വളരെ പ്രചാരത്തിലുള്ളവയാണ്. *മലങ്കര സന്ദർശിച്ചു ഭരിച്ച ശീമക്കാരായ പിതാക്കന്മാർ, വെള്ളി നക്ഷത്രങ്ങൾ* എന്നിവ അദ്ദേഹം മഞ്ഞനിക്കരയിൽ താമസിച്ചിരുന്ന കാലഘട്ടത്തിൽ എഴുതിയ രണ്ടു പുസ്തകങ്ങളാണ്.

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ഉപദേഷ്ടാവ് എന്ന നിലയിലും സുറിയാനി സഭയെ പ്രതിനിധീകരിച്ചു വിവിധ കോൺഫറൻസുകളിലും പങ്കെടുത്തിട്ടുണ്ട്. മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സ്ഥാപകരിൽ ഒരാളും അതിൽ സുറിയാനി സഭയെ പ്രതിനിധീകരിച്ച് 25 വർഷത്തിലധികവും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

2016 ജനുവരി 3-ാം തീയതി അമേരിക്കയിലെ റോഡ് ഐലന്റിലുള്ള മോർ അഫ്രേം ദൈവാലയത്തിൽ മോർ അത്താനാസിയോസ് അഫ്രേം തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ സമ്പൂർണ്ണ ജൂബിലി (1965-2015) ആഘോഷിക്കുകയുണ്ടായി. പരിശുദ്ധ പാത്രിയർക്കീസ് അഫ്രേം രണ്ടാമൻ ബാവാ, തിരുമേനിയെ പ്രത്യേകം ആദരിക്കുകയുണ്ടായി. അഭിവന്ദ്യ തിരുമേനി 2016 ജനുവരി 14-ാം തീയതി കാലം ചെയ്ത് റോഡ് ഐലന്റിലെ പള്ളിയിൽ ജനുവരി 19-ാം തീയതി കബറടക്കി. ഇദ്ദേഹത്തിന്റെ ഓർമ്മ ജനുവരി 14-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 30. അങ്കമാലി ഭദ്രാസനത്തിന്റെ വയലിപ്പറമ്പിൽ മോർ ഗ്രിഗോറിയോസ് ഗീവറുഗീസ്

(എ. ഡി. 1899 - 1966)

ഗീവറുഗീസ് (തോമസ് വറുഗീസ്) 1899 ജൂലൈ 17-ാം തീയതി വയലിപ്പറമ്പിൽ പൈനാടത്ത് തോമയുടെയും ശോശാമ്മയുടെയും മകനായി ജനിച്ചു. ഇദ്ദേഹത്തിന് ഒരു സഹോദരനും ഒരു സഹോദരിയും ഉണ്ടായിരുന്നു. പൈനാടത്ത് മോർ അത്താനാസിയോസ് പൗലോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകത്തിനായി മോറാൻ അബ്ദേദ് ആലോഹൊ രണ്ടാമൻ ബാവ 1910 ൽ അകപ്പറമ്പ് മോർ സാബോർ അഫ്രോത്ത് പള്ളിയിൽ എഴുന്നെള്ളിയിരുന്നു. കേവലം ബാലനായിരുന്ന ഗീവറുഗീസ് മോറാൻ അബ്ദേദ് ആലോഹൊ രണ്ടാമൻ ബാവായുടെ ശ്രദ്ധ പിടിച്ചുപറ്റി. ഗീവറുഗീസിനെ വൈദിക വിദ്യാഭ്യാസത്തിനായി ടർക്കിയിലെ മർദ്ദീനിലുള്ള പാത്രിയർക്കാ ആസ്ഥാനത്തേക്ക് അയയ്ക്കണമെന്ന് പാത്രിയർക്കീസ് ബാവ മാതാപിതാക്കളെ വിളിച്ച് കൽപിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആലുവ യു.സി. കോളജിൽനിന്നു ബി.എ. പാസ്സായി. 1931 ഏപ്രിൽ 2-ാം തീയതി ആലുവയിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി ഗീവറുഗീസിന് കോറുയോ പട്ടവും, മഞ്ഞനിക്കര ദയറായിലെ വൈദിക വിദ്യാഭ്യാസനത്തിനുശേഷം അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവ 1934 നവംബർ 16-ാം തീയതി ശെമ്മാശനായും പട്ടം നൽകി. 1936(?)ൽ ആലുവയിലെ വലിയ തിരുമേനി കശീശ്ശയായി പട്ടം നൽകി. താമസിയാതെ സിംഗപ്പൂർ, കോലാലംപൂർ, മലാക്ക, സിലോൺ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. ചെന്നൈയിലെ മെസ്റ്റൺ ട്രെയിനിംഗ് കോളേജിൽ നിന്ന് 1944ൽ റ്റീച്ചിംഗ് ലൈസൻഷ്യേറ്റ് ഡിഗ്രി നേടി. അതിനുശേഷം ചെന്നൈയിലെ സെന്റ് മത്ഥ്യാസ് പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

1946 ജൂൺ 26-ാം തീയതി വന്ദ്യ അബ്ദുൾ ആഹാദ് റമ്പാച്ചൻ (പിന്നീട് മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ്), ചിങ്ങവനം, തകിടിയിൽ ബഹുമാനപ്പെട്ട യാക്കോബ് അച്ചൻ, വന്ദ്യ മുളയിരിക്കൽ പൗലോസ് റമ്പാച്ചൻ (പിന്നീട് കൊച്ചി ഭദ്രാസനത്തിന്റെ മോർ സേവേറിയോസ് പൗലോസ്) എന്നിവരോട് കൂടെ ബഹുമാനപ്പെട്ട തോമസ് വറുഗീസച്ചൻ യെരൂശലേം, സിറിയ എന്നിവിടങ്ങളിലേക്ക് യാത്ര തിരിച്ചു. അവർ ജൂലൈ 14-ാം തീയതി ബസറ തുറമുഖത്തെത്തി. തുടർന്ന് മൂസലിലെ മോർ മത്തായി ദയറ, യെരൂശലേമിലെ മോർ മർക്കോസിന്റെ ദയറ എന്നീ സ്ഥലങ്ങൽ സന്ദർശിച്ചു. വിശുദ്ധ മർക്കോസിന്റെ മാളികയിൽ കബറടങ്ങിയിരിക്കുന്ന വടകര പള്ളിയിലെ ബഹുമാനപ്പെട്ട മത്തായി അച്ചൻ (d. 1927) കുന്നംകുളം സിംഹാസന പള്ളിയിലെ വന്ദ്യ പുലിക്കോട്ടിൽ യാക്കോബ് റമ്പാച്ചൻ (d. 1927), മട്ടാഞ്ചേരിയിലെ ബഹുമാനപ്പെട്ട ഗീവറുഗീസ് ശെമ്മാശൻ (d. 1929) എന്നിവരുടെ കബറിടത്തിൽ ഈ സംഘം മാർബിൾ ശിലാഫലകം സ്ഥാപിച്ചു.

1946 ആഗസ്റ്റ് 4-ാം തീയതി ബ. ഗീവറുഗീസിച്ചനെ മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ അങ്കമാലി ഭദ്രാസനത്തിനുവേണ്ടി ഗ്രീഗോറിയോസ് എന്ന പേരിൽ സിറിയയിലെ ഹോംസിൽവച്ച് മെത്രാപ്പോലീത്തയായി വാഴിച്ചു. ഇതിനുശേഷം മെത്രാപ്പോലീത്ത ഇറാക്ക്, ലെബനോൻ, ജോർദ്ദാൻ, ഇസ്രായേൽ, ടർക്കി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

അദ്ദേഹത്തിന്റെ വിശുദ്ധ നാടുകൾ സന്ദർശിച്ചതിനെ സംബന്ധിച്ചുള്ള പുസ്തകത്തിൽ മാർ തോമാശ്ലീഹ ഏ. ഡി. 52ൽ ഇൻഡ്യ സന്ദർശിക്കുന്നതിനു മുമ്പ് മൂസൽ, ബാഗ്ദാദ്, ബസ്രാ, പേർഷ്യ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചുവെന്ന് മോറാൻ അഫ്രേം പ്രഥമൻ ബാവ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല; പാശ്ചാത്യ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു ചരിത്രസത്യമാണ് മോർ തോമാശ്ലീഹായ്ക്കുശേഷം ബസ്രയിലെ ദാവീദ് എപ്പിസ്കോപ്പ മലങ്കരയിൽ വന്നു എന്നുള്ളത്.

മോർ ഗ്രീഗോറിയോസ് ഗീവറുഗീസ് തിരുമേനി അങ്കമാലി ഭദ്രാസന ചുമതലയേറ്റതിനുശേഷം നാൽപതോളം പുതിയ പള്ളികൾ ആരംഭിക്കുകയുണ്ടായി. ആലുവ തൃക്കുന്നത്ത് സെമിനാരി പുനരുദ്ധരിച്ചു. കൂടാതെ കോതമംഗലത്തെ മോർ അത്താനാസിയോസ് എഞ്ചിനീയറിംഗ് കോളേജ്, ആർട്ട്സ് ആൻഡ് സയൻസ് കോളേജ്, നെടുമ്പാശ്ശേരി മോർ അത്താനാസിയോസ് ഹൈസ്കൂൾ എന്നിവ ആരംഭിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. മോർ അത്താനാസിയോസ് കോളേജ് അസ്സോസിയേഷന്റെ ചെയർമാൻ എന്ന നിലയിലും, മോർ ഗ്രീഗോറിയോസ് സ്റ്റുഡൻസ് ഓർഗനൈസേഷന്റെ രൂപീകരണത്തിലും സണ്ടേസ്കൂൾ പാഠ്യപദ്ധതിയുടെ നവീകരണത്തിലും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

എഴുത്തുകാരനെന്ന നിലയിൽ തിരുമേനി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. *ഓമല്ലൂർ ബാവ, ശീമയാത്ര, അദ്ധ്യാപക സഹായി, ചോദ്യോത്തരം - 7 ഭാഗങ്ങൾ, കുമ്പസാരക്രമം, പാപിയുടെ ആശുപത്രി, പാപിയുടെ സ്നേഹിതൻ, സെന്റ് ജോസഫിന്റെ ജീവചരിത്രം* എന്നിവ പ്രധാന കൃതികളാണ്. കൂടാതെ 1945 ൽ സഭാ ചന്ദ്രിക എന്ന ഒരു ദ്വൈവാരികയുടെ പ്രസിദ്ധീകരണവും ആരംഭിച്ചു.

അഭിവന്ദ്യ തിരുമേനി കിഴക്കമ്പലത്ത് ഒരു മഠം ആരംഭിച്ചു. 1939 ൽ വൈദികനായിരുന്നപ്പോൾ കൊരട്ടിയിലെ കുഷ്ഠരോഗ ആസ്പത്രിക്കു സമീപം ഒരു ചാപ്പൽ ആരംഭിച്ചു. ചാപ്പലിൽ ശുശ്രൂഷിക്കുന്ന വൈദികർക്കുവേണ്ടി ഒരു നിശ്ചിത സംഖ്യ സ്ഥിരനിക്ഷേപമായി ഇടുകയും ചെയ്തു. മൊർത്തമറിയം വനിതാ സമാജം രൂപീകരിക്കുന്നതിൽ മുൻകൈ എടുക്കുകയും സാധുക്കളായ വിദ്യാർത്ഥികളുടെ പഠനത്തിനും താമസത്തിനും വേണ്ട സാമ്പത്തിക സഹായം ക്രമീകരിക്കുകയും ചെയ്തു.

1958 ൽ സഭയിലെ സീനിയർ മെത്രാപ്പോലീത്ത എന്ന നിലയിൽ സഭാ സമാധാനത്തിനുവേണ്ടിയും സഭയിലെ തർക്കങ്ങൾക്കും നിയമയുദ്ധങ്ങൾക്കും അറുതി വരുത്തുന്നതിനും പരിശ്രമിച്ചു. 1966 നവംബർ 6–ാം തീയതി ഒരു വിദേശ പര്യടനം കഴിഞ്ഞു തിരിച്ചുവന്നതിന്റെ അടുത്ത ദിവസം കാലം ചെയ്ത് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കബറടക്കി. ഇദ്ദേഹത്തിന്റെ ഓർമ്മ നവംബർ 6–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## References


Abdul Ahad Ramban (1948). *Sabhacharithram* Chingavanam: Rev. Fr. Thakidiyil Yacoub.

Aprem Aboodi Ramban (1966). *Stuthi chowayakkapetta suriyani sabha.* (Madappattu Yacoub Ramban,Trans). Pathanamthitta: Ajantha Press.

Aphrem I (2000). *The history of Syriac literature and sciences* (Matti Moosa, Trans.) Pueblo: Passeggiate Press.

Attwater, D. & John, C. R. (1996). T*he Penguin dictionary of saints* (3rd ed.). London: Penguin Books

Baynes, N. H. (1948). *Three Byzantine Saints: Contemporary Biographies of St. Daniel the Stylite, St. Theodore of Sykeon and St. John the Almsgiver* (Trans. Elizabeth Dawes). London

Brock, S. P., & Taylor, D. G. K. (Eds.) (2001) *The hidden pearl - The Ancient Aramaic heritage* (Vol. I). Rome: Trans World Film Italia.

Brock, S. P., & Taylor, D. G. K. (Eds.) (2001) *The hidden pearl - The heirs of the Ancient Aramaic heritage* (Vol. II). Rome: Trans World Film Italia

Butler, A. (1866). *The lives of the fathers, martyrs, and other principal saints*. Dublin: James Duffy

Butler, A. (1903). T*he lives of the fathers, martyrs and other principal saints* (Vol. 1). New York: Excelsior Catholic Publishing House.

Cayre, A. A. (1935). *Manual of patrology* (Vol. 1). (A. A.. Howitt, Trans.). Paris: Desclee & Co.

Cayre, A. A. (1935). *Manual of patrology* (Vol. 2). (A. A.. Howitt, Trans.). Paris: Desclee & Co.

Cayre, A. A. (1940). *Manual of patrology and history of theology* (Vol. 2). (H. Howitt, Trans.). Rome: Desclee & Co.

Cross, F. L., & Livingston, E. A. (Eds.). (1974). *The Oxford dictionary of the Christian church* (2nd ed.). Oxford: Oxford University Press.

Dionysius The Areopagite (1899). *The works of Dionysius the Areopagite* (part II). (Trans. John Parker). Oxford: James Parker And Co.

Eusebius (1980). *Ecclesiastical history*. (Vol. 1). (Kirsopp Lake, Trans.). London: Willian Heinemann Ltd.

Farmer, D. H. (1997). *The Oxford dictionary of saints* (4th ed.). Oxford: Oxford University Press.

JSC Publications (2014). *Mor Gabriel pithavinte charithrasangraham* (Ramban Phinahas, Trans.). Puthencruz: JSC Publications.

Löffler, K. (1911). St. Pantaleon. *In The Catholic Encyclopedia*. New York: Robert Appleton Company. Retrieved December 7, 2015 from New Advent: http://www.newadvent.org

Paul, T. (2014). T*he illustrated world encyclopedia of saints*. London: Lorenz Books

Rajan, K. M. (2007). *Martyrs, Saints & Prelates of the Syriac Orthodox Church* (Vol. I). Kottayam: The Travancore Syriac Orthodox Publishers.

Rajan, K. M. (Ed.). (2004). *Calendar of the Syrian Orthodox Church*. Kottayam: Travancore Syriac Orthodox Publishers.

Sheed, F. J. (1949). *Saints are not sad*. New York: Sheed & Ward.

Smith, W., & Wace, H. (Eds.). (1877). *A dictionary of Christian biography* (Vol. I). London: John Murray.

Smith, W., & Wace, H. (Eds.). (1880). *A dictionary of Christian biography* (Vol. II). London: John Murray.

Smith, W. & Wace, H. (Eds.) (1882). *A dictionary of Christian biography* (Vol. III). London: Johv Murray.

Smith, W., & Wace, H. (1887). *A dictionary of Christian biography* (Vol. IV). London: John Murray.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints – Complete edition.* (Vol. I). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints – Complete edition.* (Vol. II). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints – Complete edition.* (Vol. III). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints – Complete edition.* ( Vol. IV). Maryland: Christian Classics.

Walsh, M. (1985). *Butler's lives of the saints* (Concise Edition). San Francisco: Harper Row Publishers.

http://sor.cua.edu/

# Name Index
## Vol. I


Antonius of Egypt .......... 38
Aphrem I, Patriarch.......... 93
Athanatius Shemavoon .......... 131
Athantius Yeshu Samuel.......... 125
Bar Hebreaus, Maphrian .......... 108
Barsoumo .......... 44
Baselus Paulose II, Catholicos..........112
Fourty martyrs of Sebesthe .......... 10
George, Saint .......... 13
Gregorius of Chathuruthil .......... 69
Ignatius, Noorono .......... 26
Ivanius, Gold-mouthed .......... 75
Jacob of Sarug .......... 85
Jacob, The disciple.......... 16
James Bardeaus.......... 80
John, the Baptist.......... 5
Julius Yacob ..........116
Luke, the Evangelist .......... 67
Mathew, the disciple .......... 59
Michael Rabo, Patriarch .......... 100
Moshe Bar Kipho .......... 123
Osthatheos Sleeba.......... 48
Paul, the apostle.......... 23
Peter III (IV), Patriarch.......... 88
Peter, Chief among apostles .......... 19
Simon, the stylite .......... 55
Thekkla, the Saint.......... 61
Thimotheos Yacoub .......... 120
Thomas, the apostle.......... 31
Yacoub III, Patriarch .......... 96

# Name Index
## Vol. II


Abgar V, the Black ........ 55
Agatha, Martyr ........ 08
Aphrem, the Syrian ........ 71
Athanatius Paulose, Saint ........ 43
Barbara and Juliana, Martyrs ........ 23
Baselius of Caesera, Saint ........ 38
Cipriyan, Martyr ........ 19
Clemis Abraham ........ 94
Cyril of Alexandria ........ 73
Dionysius Michael ........ 84
Elias III, the Patriarch of Antioch ........ 50
Gregorius Abdul Jaleel, Saint ........ 59
Gregory of Nyssa, Saint ........ 42
Helen, Queen ........ 68
James of Jerusalem, Martyr ........ 13
James of Nisbis ........ 64
John bar Aphthoonia ........ 77
John, the Disciple ........ 62
Julius Elias, the delegate of Antioch ........ 89
Kuriakose and Yulithi, Martyrs ........ 15
Mark, Martyr ........ 09
Marutha, the Maphrian ........ 82
Mary, Magdelena ........ 75
Mary, Mother of God ........ 26
Osthatheos, the Patriarch of Antioch ........ 80
Philexenus of Mabbug, Martyr ........ 25
Rabula of Edessa ........ 92
Sergius and Baccus, Martyrs ........ 22
Severius, the Patriarch of Antioch ........ 47
Stephen, Martyr ........ 05

# Name Index
## Vol. III


Abahai, Martyr .................................................... 15
Abded Aloho II, Patriarch .................................................. 48
Ahudemeh, The Great Bishop .......................................... 51
Ambrose, Saint .................................................... 32
Andrew, The Disciple ........................................................ 21
Athanatius of Alexandria .................................................... 39
Babula, Patriarch .................................................... 5
Bartholomew, The Disciple ................................................ 11
Dionysius of Alexandria .................................................... 46
Dioscoros of Alexandria .................................................... 43
Gregorius Gheevarghese .................................................. 60
Gregorius Yuhanon ........................................................... 76
Gregory of Nazianzen, ....................................................... 27
Jacob of Edessa .................................................... 65
James, Son of Alphaeus .................................................... 18
Joseph, The Just .................................................... 34
Juda, The Disciple .................................................... 9
Julius of Rome, .................................................... 37
Julius Yeshu Cicek ........................................................... 79
Mathias, The Disciple ........................................................ 13
Osthatheos Bennyamin Joseph ........................................ 71
Pachomius, Saint .................................................... 29
Pelagia, Saint .................................................... 16
Philip, The Disciple .......................................................... 19
Philoxenos Samuel ........................................................... 58
Polycarp of Smirna, Martyr ................................................ 24
Severius Gheevarghese .................................................... 67
Shukr Allah of Aleppo, Maphrian ....................................... 55
Simeon, The Zeolot ........................................................... 07
Yeldho Baselius Maphrian, Saint ....................................... 52

# Name Index
## Vol. IV


Anthimus of Constantinople.............................................. 59
Aphrahat, Hermit ........................................................... 26
Athanatius Paulose Kadavil I............................................. 71
Athnatius Paulose, Kadavil II............................................ 78
Augen of Clysma ............................................................ 23
Balai, Bishop of Balsh...................................................... 38
Clement of Rome............................................................. 05
Coorilos Kuriakose .......................................................... 80
Coorilos Paulose ............................................................. 49
Coorilos Yuyakim............................................................. 45
Dionysius Joseph ............................................................ 67
Epiphanius of Salamis...................................................... 33
Eusebius of Caeseria ...................................................... 17
Isaac, the Doctor ............................................................. 39
Ivanios Hidayathulla ........................................................ 61
Ivanios Yuhanon.............................................................. 65
Joachim & Hannah .......................................................... 15
John of Damascus............................................................ 42
Macrina........................................................................... 28
Osthatheos Thomas ........................................................ 82
Paul of Thebaid .............................................................. 20
Phocas of Sinope, Gardner .............................................. 10
Severios Paulose............................................................. 74
Sharbil, Martyr ................................................................ 07
Simon, the Potter............................................................. 41
Themotheos of Alexandria................................................ 57
Theophilos Thomas ......................................................... 84
Theophilus of Alexandria ................................................. 54
Yacoub, M’fasquo ........................................................... 13
Zeno ............................................................................... 37

# Name Index
# Vol. V


Acacious Aleppo .............................................................. 46
Anastasia, the Martyr.......................................................... 6
Arnobius, the Martyr ......................................................... 16
Deevannasios Simon.......................................................... 55
Didymus, the blind ............................................................ 51
Dodo Gregorios, the Saint ................................................. 33
Fabronia, the Martyr ......................................................... 24
Flavian, the Patriarch......................................................... 39
Habib, the Martyr ...............................................................11
Ivanios Philipose................................................................ 60
John of Arabia.................................................................... 48
Julius Geevarghese............................................................ 53
Julius Kuriakose ................................................................ 68
Koorilos Geevarghese........................................................ 58
Koorilos Markose............................................................... 64
Kuriakose, the Patriarch .................................................... 42
Kuriakose Vanchithattil, Ramban....................................... 71
Macarius, the Egyptian ...................................................... 20
Malke, the Saint.................................................................. 32
Marina, the Saint ............................................................... 30
Meletius Barnaba............................................................... 62
Meletius, the Patriarch....................................................... 37
Mena, the Martyr ............................................................... 08
Ossyo, Martyr .................................................................... 18
Polycarpus Geevarghese .................................................. 66
Serapion, the Patriarch...................................................... 36
Shalito, the Martyr ............................................................ 21
Simon, the Martyr ............................................................. 05
Simon Theophilus, the Patriarch ...................................... 40
Yuhanon, the Bishop of Ephesus ..................................... 43

## Name Index
## Vol. VI


Adai, the first bishop of Edessa ........................................ 19
Adrian with his wife Natalia, Martyrs ................................. 24
Ahathulla ........................................................................ 41
Alexander, the Patriarch of Constantinople ....................... 40
Anthrayose, Kallada, Kerala, India .................................... 51
Athanasius Aphrem Barsoum, Archbishop ....................... 55
Babylas, Patriarch of Antioch, the Martyr .......................... 43
Barnabas, the Apostle ...................................................... 09
Carpos & Papylos, Martyrs ............................................... 26
Dionysius of Milan, the Bishop ......................................... 50
Euphemia, Virgin & Martyr ................................................ 28
Evodius, The Patriarch of Anticoh, Martyr ........................ 39
Gabriel of Thur'abdeen ..................................................... 36
Gregorius Gheevarghese, Vayaliparampil ........................ 57
Gregory, the Wonderworker .............................................. 34
Hesychius, the Martyr ....................................................... 14
Hippolytus of Rome, the Martyr......................................... 22
Iranaeus of Sirmium, the Martyr ....................................... 23
Joseph of Arimathea ......................................................... 03
Justin, the Martyr.............................................................. 12
Longinus, the Martyr ........................................................ 04
Nicephorus, the Martyr ..................................................... 15
Pantaenus of Alexandria (priest) ....................................... 08
Pantaleon, the Martyr ....................................................... 18
Pelagia of Tarsus, Virgin & Martyr .................................... 17
Philexinose Yoohanon ...................................................... 53
Shmuni, her seven children and Eliazar ........................... 05
Simeon, the Aged & Morth Hannah ................................. 01
Tharakkos, Prokkos & Andronikkos, Martyrs .................... 29
Zakka I, the Patriarch of Antioch ....................................... 45

# Name Index
## Vol. VII


Abraham Kidunay ........................................................... 26
Aggai, The second Bishop of Edessa................................ 09
Agnes, Virgin & Martyr..................................................... 15
Alexander, the Patriarch of Alexandria .............................. 19
Ammon (Amus) of Nitria .................................................. 23
Anthimos, Episcopo of Nicomedia, the Martyr................... 13
Anysia, the Martyr............................................................ 14
Apollonia, the Martyr........................................................ 12
Bar-had- bashabo, Deacon & Martyr ................................. 25
Callistus, Episcopo of Rome..............................................11
Cosmas & Damian, Martyrs............................................. 16
Cyril of Jerusalem............................................................ 30
Daniel, the Stylite............................................................. 33
Hilarion, Abbot (of Gaza) ................................................. 28
Irenaeus, the Bishop of Lyons .......................................... 07
Isaac of Nineveh (Syrian) ................................................. 48
Jacob of Edessa .............................................................. 50
John III of Sedre, the Patriarch of Antioch......................... 45
John of Egypt, the Abbot .................................................. 35
Mary of Egypt .................................................................. 37
Maximus, the Confessor................................................... 43
Pamphilus of Caesarea, the Martyr ................................... 17
Severus Sabukht, Bishop of Qinnesrin.............................. 47
Shemvun of Qartmin......................................................... 41
Silvester, the Patriarch of Rome ........................................ 21
Simon Zaytuni (of Harran) ................................................ 53
Theodotus, the Patriarch of Antioch .................................. 39
Timothy, the disciple of Apostle St. Paul........................... 01
Titus, the disciple of Apostle St. Paul ................................ 04
Zokhe (Nicholavos), Bishop of Moora (Myra).................... 22

## Name Index
## Vol. VIII


Aho, the Ascetic ........ 05
Arsenius, the Great ........ 31
Artemius, Martyr ........ 04
Athanasius Denho ........ 03
Behnam and Sara, Martyrs ........ 22
Dionysius Tal Mahre, the Patriarch of Antioch ........ 19
Dionysius, the Areopagite ........ 55
Drosis, daughter of Emperor Trajan ........ 17
Eugenia, Martyr ........ 38
Eulogius, Episcopo of Edessa ........ 28
Evagrius, Ascetic and Writer ........ 35
Gregorius of Armenia, the Illuminator ........ 01
Hilaria, daughter of Emperor Zeno ........ 33
Ignatius Nuh (Noah), the Patriarch of Antioch ........ 27
Irene (Erini/Irini), Martyr ........ 42
Isidore of Chios, Martyr ........ 57
John (Yuhanon) of Tella ........ 45
John IX, Bar Shushan, the Patriarch of Antioch ........ 20
Mamas of Caesarea, Martyr ........ 40
Mennas, Martyr ........ 12
Moses, the Ethiopian ........ 24
Palladius, the Solitary ........ 53
Pambo, the Ascetic ........ 14
Paul (I) of Edessa ........ 58
Philexinose Yuhanon Dolabani of Mardin ........ 09
Theodora, Empress of Byzantine ........ 50
Theodotus, Martyr ........ 48
Thomas of Heraclea ........ 43
Yuhanon of Mardin ........ 47
Zenobius and Zenobia, Martyrs ........ 13

## Books by the Author

1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead.* New Delhi: NIEPA.
6. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.
11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.
12. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Trivandrum: Lotus Publications.
13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.
14. Rajan, K. M. (2011). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. V). Kottayam: The Travancore Syriac Orthodox Publishers.
15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.
16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.
17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.
18. Rajan, K. M. (2016). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.
19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VII). Puthencruz: J.S. C. Publications..
21. Rajan, K. M. (2017). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. VIII). Puthencruz: J.S. C. Publications.
22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications..23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications..
23. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.
24. Rajan, K. M. (2017). S*uriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (250 Biographies). Puthencruz: J.S. C. Publications.

**Books Compiled, Edited & Reprinted**

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

## ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്ര ബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശ പട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂ

ഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-IV) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I-VII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com

# സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

**വാല്യം - 6**

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും, പരിശുദ്ധന്മാരുടെയും, മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രവും അനുകരണീയ മാതൃകകളും, സഭാ ശുശ്രൂഷകളും എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം.

ആർത്താറ്റ് - കുന്നംകുളം - സെന്റ് മേരീസ് സിംഹാസന പള്ളി അംഗവും, ആ പള്ളിയുടെ ഇപ്പോഴത്തെ വികാരിയുമായ ഗ്രന്ഥകർത്താവ്, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ് മുൻപ്രിൻസിപ്പാളാണ്.




പ്രസാധകർ:

ജെ. എസ്. സി. പബ്ലിക്കേഷൻസ്

പാത്രിയർക്കൽ സെന്റർ, പുത്തൻകുരിശ്

ഫോൺ: +91484 2255581, 3299030